bible educational services

# അദ്ധ്യാപകസഹായി

ബൈബിൾ ടൈം
ലെവൽ 3 & 4

## A സീരിസ്

പാഠങ്ങൾ 1 – 6

bes INDIA
bible educational services
WWW.besweb.com

## അദ്ധ്യാപകസഹായി

ബൈബിൾ ടൈം പാഠങ്ങൾ പഠിപ്പിക്കുന്നവർക്കുവേണ്ടിയാണ് പഠനസഹായി പുറത്തിറക്കിയത്. ഈ ചെറുപുസ്തകത്തിൽ ഏകദേശം 5-10 നും ഇടയിൽ പ്രായമുള്ളവർക്കുവേണ്ടിയുള്ള പാഠങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. ലെവൽ 1, ലെവൽ 2 പാഠങ്ങൾക്ക് സഹായകരമായി അദ്ധ്യാപകപഠനസഹായി തയ്യാറാക്കിയിരിക്കുന്നു.

ഓരോ പഠനസഹായിയും ബൈബിൾ ടൈം പാഠങ്ങളിലുള്ള അതേ ഒത്തുവാക്യങ്ങൾ തന്നെയാണ് അനുകരിക്കുന്നത്. ഓരോ ആഴ്ചയിലും ഉപയോഗിക്കേണ്ട അടിസ്ഥാനത്തിലാണ് ബൈബിൾ ടൈം പാഠങ്ങളും പഠനസഹായിയും രൂപപ്പെടുത്തിയിരിക്കുന്നത്. ഏപ്രിൽ മാസത്തിലെ പാഠങ്ങൾ ഈസ്റ്ററിനോട് ബന്ധപ്പെട്ടും ഡിസംബറിലെ പാഠങ്ങൾ ക്രിസ്തുമസ്സിനോട് ബന്ധപ്പെട്ടുമാണ് എഴുതിയിരിക്കുന്നത്.

ചില സ്ഥാലങ്ങളിൽ ആഴ്ചതോറുമുള്ള **A 4** പാഠങ്ങളാണ് ഉപയോഗിക്കുന്നത്. എന്നാൽ മറ്റു സ്ഥലങ്ങളിൽ 24 പാഠങ്ങൾ ഉൾക്കൊള്ളുന്ന **A 5** വലുപ്പത്തിലുള്ള ചെറുപുസ്തകമാണ് ഉപയോഗിക്കുന്നത്. സാധാരണ ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ ലീഡർ ഒരു മാസത്തേക്കുള്ള A 4 പാഠങ്ങൾ കൊടുത്ത് ഓരോ ആഴ്ചയിലും ചെയ്യേണ്ട ജോലികൾ സഭയിൽ വെച്ചോ സ്കൂളിൽ വെച്ചോ പൂരിപ്പിക്കണം അല്ലെങ്കിൽ വീട്ടിൽ കൊണ്ടുപോയി പൂരിപ്പിച്ച് അടുത്ത ആഴ്ചയിൽ തിരികെ കൊണ്ടു വരണം. ആ മാസത്തിന്റെ അവസാനം ആ അദ്ധ്യാപകൻ അല്ലെങ്കിൽ ലീഡർ ആ പാഠങ്ങളൊക്കെ ശേഖരിച്ച് മാർക്കുകൾ രേഖപ്പെടുത്തി ആ പേപ്പറുകൾ എത്രയും വേഗം ഓരോ വിദ്യാർത്ഥികൾക്കും തിരികെ കൊടുക്കണം.

ഈ ചെറുപുസ്തകങ്ങൾ മാതൃകാപരമായി ഉപയോഗിക്കുമ്പോൾ, ഓരോ ഭാഗത്തിന്റെ അവസാനത്തിലും ആ ചെറുപുസ്തകങ്ങളെല്ലാം ശേഖരിച്ച് അതിന് മാർക്ക് കൊടുക്കണം. പല സന്ദർഭങ്ങളിലും ഇത് സാദ്ധ്യമല്ല എന്നുള്ളത് ഞങ്ങൾ മനസ്സിലാക്കി. അതുകൊണ്ട് ക്ലാസ്സുകളിൽ വെച്ച് തന്നെ അത് വിതരണം ചെയ്ത് ആ ക്ലാസ്സിലെ അദ്ധ്യാപകൻ ആ പാഠങ്ങളിൽ ചെയ്യാനുള്ളതൊക്കെയും ചെയ്ത് ഓരോ കുട്ടികളും അവരുടെ കൂട്ടുകാരുടെ പാഠങ്ങൾക്ക് മാർക്ക് കൊടുക്കണം. ഓരോ ചെറുപുസ്തകത്തിലും മാസത്തിന്റെ ഒടുവിൽ മാർക്ക് ഇടാൻ ഒരു സ്ഥലവും, ഓരോ കുട്ടിക്കും ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചും അഭിപ്രായം എഴുതാൻ വേറൊരു ഭാഗവും ഉണ്ട്. ആറുമാസത്തെ പാഠങ്ങൾക്ക് ഒന്നിച്ച് എത്ര ശതമാനം മാർക്ക് ലഭിച്ചു എന്നുള്ളതിന് കാണിക്കുന്നതിനായി ഒരു സർട്ടിഫിക്കറ്റും ഇതിനോട് ചേർന്ന് കൊടുക്കും.

## അദ്ധ്യാപകർക്കുള്ള ഒരുക്കം.

അദ്ധ്യാപകർ സ്വയമായി അവരവരുടെ ആശയമനുസരിച്ച് കാര്യങ്ങൾക്ക് മുൻകൈയ്യെടുക്കുവാൻ പാടില്ല. ബൈബിൾ ടൈം പാഠങ്ങൾ പഠിപ്പിക്കുവാൻ സഹായകരമായ നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

- **അറിയുക** – ബൈബിൾ പാഠത്തെക്കുറിച്ചും അതിനോട് ചേർന്നു വരുന്ന ബൈബിൾ ടൈം പാഠങ്ങളെക്കുറിച്ചും അദ്ധ്യാപകർ കഴിവതും അറിഞ്ഞിരിക്കേണ്ടതാണ്. ഓരോ അദ്ധ്യാപകരും ബൈബിൾ ടൈം പാഠങ്ങൾ പൂർത്തികരിക്കണം. ഓരോ പാഠങ്ങൾക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധയോടെ പരിഗണിക്കുകയും അത് പാഠങ്ങൾക്ക് സഹായകരമായിരിക്കുകയും വേണം.
- **മനസ്സിലാക്കുക** -ഓരോ പാഠങ്ങളുടേയും ഏറ്റവും മുകളിൽ ചില വാക്കുകൾ നിങ്ങൾ ശ്രദ്ധിച്ചുകാണും അതായത് "നാം പഠിച്ചു കൊണ്ടിരിക്കുന്നത്" എന്ന് പറയുന്നതിന്റെ പിന്നാലെ പഠിക്കേണ്ടതിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് പറഞ്ഞാൽ ആ അദ്ധ്യാപകന്റെ അവതരണരീതിയും ബൈബിൾ ടൈം പാഠങ്ങളും കേൾക്കുമ്പോൾ കുട്ടികൾ അത് മനസ്സിലാക്കിയിരിക്കും. ആദ്യത്തെ പഠനോദ്ദേശ്യം എന്നു വെച്ചാൽ പാഠത്തെക്കുറിച്ചുള്ള അറിവ് രണ്ടാമത്തെ കാര്യം പാഠത്തെക്കുറിച്ച് ചിന്തിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, അത് പ്രായോഗികമാക്കി പ്രതികരിക്കുക. ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് ഓരോ പാഠങ്ങളിലും പഠിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട സത്യങ്ങളെക്കുറിച്ചുള്ള കൃത്യമായ പ്രസ്താവനകളാണ്. അത് ഓരോ ടീച്ചർമാർക്കും അവർ പഠിപ്പിച്ചതിന്റേയും പഠിച്ചതിനെക്കുറിച്ചും അവരുടെ ഇഷ്ടം പോലെ സ്വയം വിലയിരുത്താൻ ഉപയോഗിക്കുന്നു.
- **അവതരണം** - എല്ലാ പാഠങ്ങളോടൊപ്പവും, കുട്ടികൾ എവിടെയായിരിക്കുന്നുവോ ആ സാഹചര്യത്തിൽ അവരുടെ സ്വന്ത അനുഭവം വെച്ചിട്ടാണ് നാം ആരംഭിക്കുന്നത്. ഒരു കഥ കുട്ടികളെ പരിചയപ്പെടുത്താനും അതിന്റെ ആദ്യം മുതലുള്ള ചർച്ചയിൽ അവരെ പങ്കെടുപ്പിക്കേണ്ടതിനായി നാം പലതരത്തിലുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.
- **വിശദീകരണം** - ഞങ്ങൾ കഥയിലെ പ്രധാനപ്പെട്ട ഉത്തരങ്ങൾ കൊടുത്തിട്ടുണ്ട്. ശരിയായിട്ട് കഥ പറഞ്ഞുകൊടുക്കുമ്പോൾ അദ്ധ്യാപകർക്ക് ഈ കാര്യങ്ങൾ പരിശോധിക്കേണ്ട കാര്യമില്ല, എന്നാൽ കഥ വളരെ പരിചയമുള്ളതും അത് വളരെ താല്പര്യത്തോടും പ്രചോദിപ്പിക്കുന്ന തരത്തിലും അവരെ പഠിപ്പിക്കാൻ കഴിയണം. കഥയിലെ പ്രധാനപാഠം അദ്ധ്യാപകൻ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ആ കഥ അവർ പഠിച്ചതിനുശേഷം അവർ എങ്ങനെ പ്രതികരിക്കണം എന്ന് അവരെ മനസ്സിലാക്കാൻ സഹായിക്കണം. അനുയോജ്യമായിട്ടുള്ള ചില വിശദീകരണങ്ങൾ ഞങ്ങൾ ഇടയ്ക്കിടെയായി കഥയിൽ ചേർത്തിട്ടുണ്ട്. എല്ലായ്പോഴും ചരിച്ച് എഴുതിയ അക്ഷരങ്ങളാണ് അതിന് ഉപയോഗിച്ചിരിക്കുന്നത്.
- **മനപ്പാഠമാക്കുക –** ഓരോ കഥയ്ക്കും ഒരു താക്കോൽ വാക്യം ചേർത്തിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ, രണ്ട് താക്കോൽ വാക്യങ്ങളുണ്ടാകും കാരണം കുട്ടികൾക്ക് പഠിക്കാൻ എളുപ്പമുള്ള ഒരു താക്കോൽ വാക്യം കൂടെ ഞങ്ങൾ ചേർക്കുന്നതാണ്. കുട്ടികൾക്ക് ആ താക്കോൽവാക്യങ്ങൾ പഠിക്കാൻ കഴിയുമെന്ന് കരുതുന്നു മാത്രമല്ല ഈ വാക്യങ്ങൾ ഇടയ്ക്കിടക്ക് അവരെ ഓർമ്മിപ്പിക്കാൻ സാധിച്ചാൽ ബൈബിളിലെ കുറേ വാക്യങ്ങൾ മനപാഠമാക്കാനും ആ താക്കോൽ വാക്യങ്ങൾ മുഖാന്തരം അവരുടെ അറിവ് വർദ്ധിക്കാനും ഇടയാകും.
- **പൂർത്തീകരിക്കുക**- ഒരു സ്കൂൾ അന്തരീക്ഷത്തിൽ കുട്ടികൾ പൂർത്തികരിക്കേണ്ടതായിട്ടുള്ള ജോലികൾക്ക് അവർക്ക് എത്രമാത്രം കഴിവുകൾ ഉണ്ടെന്നും അതിന് ഒരു അദ്ധ്യാപകന്റെ സഹായം എത്രമാത്രം ആവശ്യമാണെന്നുള്ളതിനെക്കുറിച്ചും നിങ്ങൾ ബോധവാന്മാരാണല്ലോ. ചിലർക്ക്, അദ്ധ്യാപകൻ പാഠപുസ്തകം വായിച്ച് പറഞ്ഞുകൊടുക്കുന്നത് ആവശ്യമായി വരുമ്പോൾ കുട്ടികൾ അത് ഒരു പരിചിതമായ വിവരണം പോലെ അത് മനസ്സിലാക്കും. മറ്റുള്ള കുട്ടികൾക്ക് പാഠപുസ്തകം തനിയെ വായിച്ച് മനസ്സിലാക്കാൻ സാധിക്കും. ഏത വസ്ഥയിലും, ചോദ്യങ്ങളോട് ബന്ധപ്പെട്ട് ഒരു നിശ്ചിത അഭ്യസനം കുട്ടികൾക്ക് കൊടുക്കുവാൻ വേണ്ടി അവരുടെ ശ്രദ്ധ പിടിച്ചു പറ്റേണ്ടത് ആവശ്യമാണ്. അവരെ സഹായിക്കാൻ തയ്യാറാകണം എന്നത് പ്രധാന കാര്യമാണ് എന്നാൽ മാത്രമേ അത് ഒരു പരീക്ഷയല്ല എന്നുള്ളത് മനസ്സിലാക്കുകയുള്ളൂ. ഈ യത്നത്തിൽ ഏർപ്പെടുമ്പോൾ അത് സന്തോഷത്തോടെ പ്രോത്സാഹനവും സ്തുതിയും പ്രാധാന്യമർഹിക്കുന്നതാണ്.
- **ഓർമ്മിപ്പിക്കുക**- എവിടെയായാലും സാധിക്കുമെങ്കിൽ പഠനസഹായത്തിനായി ചോദ്യങ്ങൾ ചോദിക്കുകയോ അല്ലെങ്കിൽ അത് അഭിനയിക്കുകയോ ചെയ്താൽ ആ കഥ വീണ്ടും ഓർക്കുവാൻ സാധിക്കും.

- **പ്രദർശിപ്പിക്കുക** - ചില സന്ദർഭങ്ങളിൽ കാഴ്ചവസ്തുക്കളായിട്ട് കിട്ടാൻ പ്രയാസമാണ് എന്നാൽ കഴിയുന്നതും ചിത്രങ്ങളോ വസ്തുക്കളോ കാണിച്ചാൽ കുട്ടികൾക്ക് ആ കഥ മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. അത് കൂടുതൽ പ്രാധാന്യമുള്ളതാണ്. കഥ പറഞ്ഞുകൊടുക്കാൻ ഇവ വളരെ സഹായിക്കും.

1. **മനപാഠവാക്യം പഠിപ്പിക്കേണ്ടുന്ന വിധം**

വാക്യം ഒരു പേപ്പറിലോ അല്ലെങ്കിൽ ഒരു ബോർഡിലോ എഴുതി കുട്ടികൾ നോക്കി വായിക്കുന്നതിനിടയിൽ ഇടയ്ക്കിടെ വാക്കുകൾ എടുത്ത് മാറ്റണം അങ്ങനെ മുഴുവൻ വാക്കുകളും ബോർഡിൽ നിന്ന് മാറ്റിയാലും കാണാതെ, കുട്ടികളെക്കൊണ്ട് ആ വാക്യം ആവർത്തിച്ച് പറയിപ്പിക്കണം.

2. **മനപാഠവാക്യം പരിചയപ്പെടുത്തുവാനായി:**

A. **രണ്ട് ഗ്രൂപ്പായി തിരിക്കുക:–** കുറേ അക്ഷരങ്ങൾ കൃത്യമായ അക്ഷരങ്ങളില്ലാതെ സ്ഥലം വിട്ട് മനപാഠവാക്യം കൊടുക്കുക. കുട്ടികൾ ആ അക്ഷരങ്ങൾ തിരഞ്ഞെടുത്ത് വിട്ടുപോയ ഭാഗത്ത് വെച്ച് കൊടുക്കുമ്പോൾ വേറൊരു കുട്ടി ആ വാക്യം മനസ്സിലാക്കണം.

B. ബൈബിളുകൾ സുലഭമാണെങ്കിൽ വേദപരിചയം എടുക്കുക, കുട്ടികൾ മത്സരിച്ച് വായിച്ച് ആദ്യം വാക്യം കണ്ടുപിടിച്ച് വായിക്കുന്നവർ ഒന്നാമൻ.

**സമയപരിധി**

- ക്രമീകരണം:- അദ്ധ്യാപകസഹായിയിൽ ഓരോ പാഠങ്ങൾ എടുക്കുവാൻ കൊടുത്തിരിക്കുന്ന അതേ ക്രമം തന്നെയാണ് എന്നാൽ ആ സമയത്തിൽ മാറ്റം വരുത്തണമെങ്കിൽ അദ്ധ്യാപകർക്ക് സമയം മാറ്റാം.
- കഥ പരിചയപ്പെടുത്തുന്നതിനും പറയുന്നതിനും - ഏകദേശം 15 മിനുട്ട്
- മനപാഠവാക്യം പഠിപ്പിക്കാൻ - 5 മുതൽ 10 മിനുട്ട് വരെ
- വർക്ക്ഷീറ്റ് പൂർത്തിയാക്കാൻ - 20 മിനുട്ട്
- ചോദ്യോത്തരങ്ങളും മറ്റു പ്രവർത്തനങ്ങളും - 5 മുതൽ 10 മിനുട്ട് വരെ.

പ്രധാനപ്പെട്ട വാക്കുകൾ ഓർക്കുക

"എന്നോട് പറക ഞാൻ മറക്കുമായിരിക്കും,
എനിക്ക് കാണിച്ചു തന്നാൽ ഞാൻ ഓർക്കും,
എന്നെ ഉൾപ്പെടുത്തിയാൽ എനിക്ക് മനസ്സിലാകും"

# ബൈബിൾ ടൈം പാഠപദ്ധതി

| | ലെവൽ 0 (പ്രീസ്കൂൾ)<br>ലെവൽ 1 (5–7 വയസ്സ്)<br>ലെവൽ 2 (8–10 വയസ്സ്) | ലെവൽ 3 (11–13 വയസ്സ്) | ലെവൽ 4 (14+ വയസ്സ്) |
|---|---|---|---|
| **സീരീസ് A** | 1. സൃഷ്ടി<br>2. നോഹ<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. അബ്രഹാം<br>6. അബ്രഹാം<br>7. പത്രോസ്<br>8. പത്രോസ്<br>9. യാക്കോബ്<br>10. ആദിമക്രിസ്ത്യാനികൾ<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ | 1. സൃഷ്ടി<br>2. നോഹ<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. പത്രോസ്<br>6. അബ്രഹാം<br>7. യാക്കോബ്<br>8. പ്രാർത്ഥന<br>9. പൗലോസ്<br>10. പൗലോസ്<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ | 1. സൃഷ്ടിയും തകർച്ചയും<br>2. ആരംഭ വളർച്ച (ഉല്പത്തി)<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. പത്രോസ്<br>6. അബ്രഹാം<br>7. യാക്കോബ്<br>8. ക്രിസ്തീയജീവിതം<br>9. പൗലോസ്<br>10. പൗലോസ്<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ |
| **സീരീസ് B** | 1. ക്രിസ്തുവിന്റെ ആരംഭജീവിതം<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ഉപമകൾ<br>6. ജോസഫ്<br>7. ജോസഫ്<br>8. യേശു കണ്ടുമുട്ടിയ ജനം<br>9. മോശെ<br>10. മോശെ<br>11. മോശെ<br>12. ക്രിസ്തുമസ്സ്കഥ | 1. ഉപമകൾ<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ആദിമക്രിസ്ത്യാനികൾ<br>6. ജോസഫ്<br>7. ജോസഫ്<br>8. സുവിശേഷ ലേഖകന്മാർ<br>9. മോശെ<br>10. മോശെ<br>11. മോശെ<br>12. ക്രിസ്തുമസ്സ് കഥ | 1. ഉപമകൾ<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ആദിമക്രിസ്ത്യാനികൾ<br>6. യാക്കോബും അവന്റെ കുടുംബവും<br>7. യോസേഫ്<br>8 അപ്പ.പ്ര 2:42 - മുമ്പിൽ ഒരു വടി<br>9. മോശെ<br>10. മോശെ<br>11. നിയമം<br>12. ക്രിസ്തുമസ്സ് കഥ |
| **സീരീസ് C** | 1. ദാനിയേൽ<br>2. കൂടുതൽ അത്ഭുതങ്ങൾ<br>3. കൂടുതൽ അത്ഭുതങ്ങൾ<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്തും ശമുവേലും<br>6. ദാവീദ്<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. യോനാ<br>12. ക്രിസ്തുമസ്സ് കഥ | 1. ദാനിയേൽ<br>2. കൂടുതൽ അത്ഭുതങ്ങൾ<br>3. കൂടുതൽ അത്ഭുതങ്ങൾ<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്ത്<br>6. ശമുവേൽ<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. ദൈവം ഉപയോഗിച്ച മനുഷ്യർ- പഴയനിയമം<br>12. ക്രിസ്തുമസ്സ് കഥ | 1. ദാനിയേൽ<br>2. യേശുവിന്റെ ചൊല്ലുകൾ<br>3. കർത്താവിന്റെ ശക്തി<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്ത്<br>6. ശമുവേൽ<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. കൂടുതൽ പഴയനിയമ കഥാപാത്രങ്ങൾ<br>12. ക്രിസ്തുമസ്സ്കഥ |

| | A1 ലെവൽ 3<br>**പാഠം 1– ആദിയിൽ**<br>**വിഷയം – ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു** | A1 **ലെവൽ 4**<br>**പഠനം 1– സൃഷ്ടി**<br>**വിഷയം – ആദിയിൽ** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 1:1-19*<br>*താക്കോൽ വാക്യം: ഉല്പത്തി 1:1*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം പ്രപഞ്ചത്തേയും അതിലുള്ള സകലത്തേയും സൃഷ്ടിച്ചു.<br>2. ദൈവം സൃഷ്ടിച്ചു, അവന് ഓരോ വ്യക്തികളേയും അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു | *വേദഭാഗം: ഉല്പത്തി 1:1-31*<br>*താക്കോൽ വാക്യം: എബ്രായർ 1:10; യെശയ്യാവ് 45:18*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചു.<br>2. ദൈവം സർവ്വശക്തനാണ്.<br>3. ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ ഉണ്ടാക്കി. |
| **അവതരിപ്പിക്കുക** | ഈ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുവാനായി ഓരോ കുട്ടിയോടും ആവശ്യപ്പെടുക. ഊഹിച്ചെഴുതുന്നതിൽ കുഴപ്പമില്ല. ഇതിനുശേഷം കുട്ടികൾക്ക് അവരുടെ ഉത്തരങ്ങൾ ഒരു സുഹൃത്തുമായി പങ്കുവെയ്ക്കാവുന്നതാണ്<br>1. ഈ പ്രപഞ്ചത്തിൽ എത്ര നക്ഷത്രങ്ങളുണ്ട്?<br>2. ഈ ലോകത്തിൽ എത്ര ആളുകളുണ്ട്?<br>കുറച്ചു സമയങ്ങൾക്കു ശേഷം ചുവടെയുള്ള ഉത്തരങ്ങൾ വെളിപ്പെടുത്തുക<br>1. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ അഭിപ്രായ പ്രകാരം, കൃത്യമായി എത്ര നക്ഷത്രങ്ങളുണ്ട് എന്നു പറയുന്നത് വളരെ പ്രയാസമാണ്. ക്ഷീരപഥമെന്നു വിശേഷിപ്പിക്കുന്ന നമ്മുടെ ആകാശഗംഗയിൽ മാത്രം ഏകദേശം നൂറായിരം ദശലക്ഷം നക്ഷത്രങ്ങളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ലക്ഷോപലക്ഷം മറ്റ് ആകാശഗംഗകൾ ഉണ്ട്. അങ്ങനെയാകുമ്പോൾ എത്രമാത്രം നക്ഷത്രങ്ങൾ!<br>2. ഇപ്പോഴുള്ള കണക്കനുസരിച്ച് ഇന്ന് ലോകത്തിൽ ഏകദേശം 7 ലക്ഷം കോടി ജനങ്ങൾ ഉണ്ട് | ഈരണ്ടു പേരായി തിരിഞ്ഞും അതിനുശേഷം ഗ്രൂപ്പായിട്ടും ചുവടെയുള്ള ചോദ്യങ്ങൾ ചർച്ച ചെയ്യുക:<br>1. നിങ്ങൾ ഏറ്റവും അവസാനമായി സൃഷ്ടിപാടവത്തോടെ ചെയ്ത കാര്യം എന്താണ്?<br>2. ഉദ്ധിഷ്ടഫലത്തിൽ നിങ്ങൾ സംതൃപ്തരായിരുന്നോ? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ചചെയ്ത് വിവരിക്കുക<br>1. എന്തും ഉരുവാകുന്നതിനു മുമ്പുതന്നെ ദൈവം ഉണ്ടായിരുന്നു.<br>2. ദൈവം ഭൂമിയെ ആറുദിവസം കൊണ്ടാണ് സൃഷ്ടിച്ചത്<br>3. ഒന്നാം ദിവസം ദൈവം വെളിച്ചം ഉണ്ടാക്കുകയും അതിനെ ഇരുളിൽ നിന്നും വേർപെടുത്തുകയും ചെയ്തു. രണ്ടാം ദിവസം ദൈവം ആകാശം ഉണ്ടാക്കുകയും അതിനെ കീഴെയുള്ള വെള്ളത്തിൽ നിന്നും വേർപെടുത്തി. മൂന്നാം ദിവസം ദൈവം വെള്ളത്തെ ഒരുമിച്ചു കൂട്ടി ഉണങ്ങിയ നിലത്തെ ' ഭൂമി ' എന്നു വിളിച്ചു. ഭൂമി സസ്യജാലങ്ങളെയും മരങ്ങളെയും പുറപ്പെടുവിച്ചു. നാലാം ദിവസം ദൈവം സൂര്യൻ, ചന്ദ്രൻ നക്ഷത്രങ്ങൾ എന്നീ വെളിച്ചങ്ങളെ ആകാശത്ത് സ്ഥാപിച്ചു. അഞ്ചാം ദിവസം ദൈവം ലജന്തുക്കളെയും പക്ഷികളെയും സൃഷ്ടിച്ചു. ആറാം ദിവസം ദൈവം മൃഗങ്ങളെ സൃഷ്ടിച്ചു.<br>4. ഭൂമിയിൽ പെരുകേണ്ടതിനും ഭൂമിയെയും അതിലുള്ള ജന്തുക്കളെയും വാഴേണ്ടതിന് പിന്നീട് ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചു.<br>5. ദൈവം മനുഷ്യനും തന്റെ എല്ലാ ജീവജാലങ്ങൾക്കും ആഹാരം നൽകി.<br>6. ദൈവം താൻ സൃഷ്ടിച്ചതിനെ ഒക്കേയും നോക്കി അത് നല്ലത് എന്നു കണ്ടു!<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക: കാർഡ്- ദൈവം ആകാശത്തേയും ഭൂമിയെയും സൃഷ്ടിക്കുന്നു (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ചചെയ്ത് വിവരിക്കുക<br>1. ദൈവം ആറു ദിവസങ്ങൾകൊണ്ട് ഭൂമിയെ സൃഷ്ടിച്ചു.<br>2. ഒന്നാം ദിവസം ദൈവം വെളിച്ചം ഉണ്ടാക്കുകയും അതിനെ ഇരുളിൽ നിന്നും വേർപെടുത്തുകയും ചെയ്തു. രണ്ടാം ദിവസം ദൈവം ആകാശം ഉണ്ടാക്കുകയും അതിനെ കീഴെയുള്ള വെള്ളത്തിൽ നിന്നും വേർപെടുത്തി. മൂന്നാം ദിവസം ദൈവം വെള്ളത്തെ ഒരുമിച്ചു കൂട്ടി ഉണങ്ങിയ നിലത്തെ ' ഭൂമി ' എന്നു വിളിച്ചു. ഭൂമി സസ്യജാലങ്ങളെയും മരങ്ങളെയും പുറപ്പെടുവിച്ചു. ദിവസം നാലാം ദൈവം സൂര്യൻ, ചന്ദ്രൻ നക്ഷത്രങ്ങൾ എന്നീ വെളിച്ചങ്ങളെ ആകാശത്ത് സ്ഥാപിച്ചു. അഞ്ചാം ദിവസം ദൈവം ജലജന്തുക്കളെയും പക്ഷികളെയും സൃഷ്ടിച്ചു. ആറാം ദിവസം ദൈവം മൃഗങ്ങളെ സൃഷ്ടിച്ചു.<br>3. ദൈവത്തിന്റെ ശക്തി ആശ്ചര്യകരം തന്നെ: താൻ പ്രപഞ്ചത്തെ സംസാരത്തിലൂടെയാണ് സൃഷ്ടിച്ചത്, അതിന് തനിക്ക് ആറുദിവസങ്ങൾ മാത്രമാണ് വേണ്ടിവന്നത്!<br>4. ദൈവം മനുഷ്യജാതിയെ തന്റെ സ്വരൂപത്തിലാണ് സൃഷ്ടിച്ചത്; അവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു.<br>5. ദൈവം താൻ സൃഷ്ടിച്ച സകലത്തെയും നോക്കിയപ്പോൾ, അത് വളരെ നല്ലത് എന്നായിരുന്നു തന്റെ അഭിപ്രായം.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.<br>പഠനം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക: കാർഡ്- ദൈവം ആകാശത്തേയും ഭൂമിയെയും സൃഷ്ടിക്കുന്നു (1) |
| **പുതുക്കുക** | 4 പേരടങ്ങുന്ന ഒരു ഗ്രൂപ്പിൽ, ദൈവത്തിന്റെ ആറുദിവസത്തെയും സൃഷ്ടിയെ സൂചിപ്പിച്ചുകൊള്ള ഒരു പോസ്റ്റർ തയ്യാറാക്കുക | ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് നിങ്ങൾ ഈ പാഠത്തിൽ എന്താണ് പഠിച്ചത്? ഇത് പ്രതിഫലിപ്പിക്കുന്ന ഒരു ചെറുകവിതയോ ശ്ലോകമോ ഖണ്ഡികയോ എഴുതുക. |
| **ജീവിക്കുക** | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്:***<br>1. ദൈവം സർവ്വശക്തനും സകലത്തേയും സൃഷ്ടിച്ചവനുമാണ്. അവന്റെ സൃഷ്ടി വളരെ വലിപ്പമേറിയതാണെങ്കിലും താൻ അതിനെ സൃഷ്ടിക്കുകയും അറിയുകയും നമ്മെ ഓരോരുത്തരെയും സ്നേഹിക്കുകയും ചെയ്യുന്നു. ഈ കാര്യം ദൈവത്തോടും അവന്റെ സൃഷ്ടിയോടുമുള്ള ബന്ധത്തിൽ എന്റെ പെരുമാറ്റത്തെ എപ്രകാരമാണ് സ്വാധീനിക്കേണ്ടത്? | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്:***<br>1. ദൈവം നമ്മുടെ ലോകത്തേയും നമ്മെയും സൃഷ്ടിച്ചു. ഈ കാര്യം നമ്മുടെ ജീവിതത്തിൽ എന്തു മാറ്റമാണ് വരുത്തേണ്ടത്?<br>2. ഉല്പത്തി 1:26-27; യെശയ്യാവ് 45:18 എന്നിവ വായിക്കുക. മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ കാഴ്ചപ്പാട് എന്തായിരുന്നു? ഇത് നമ്മുടെ ദൈനംദിന ജീവിതചര്യയെ എപ്രകാരമാണ് സ്വാധീനിക്കുന്നത്? |

| | A1 ലെവൽ 3<br>പാഠം 2– ആദിയിൽ<br>വിഷയം – ദൈവം മനുഷ്യനെ സൃഷ്ടിച്ചു | A1 ലെവൽ 4<br>പഠനം 2– സൃഷ്ടി<br>വിഷയം – പൂർത്തിയാക്കി |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 1:20 - 31*<br>*താക്കോൽ വാക്യം: ഉല്പത്തി 1:27*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം മൃഗങ്ങളെ സൃഷ്ടിച്ചു, പക്ഷെ മനുഷ്യനെ മനുഷ്യനെ വത്യസ്തമായി ഉണ്ടാക്കി.<br>2. ദൈവം മനുഷ്യനെ അവനെപ്പോലെയാകേണ്ടതിനും തന്റെ സൃഷ്ടിയെ വാഴേണ്ടതിനുമായി തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു.<br>3. ദൈവം ജനങ്ങളെ ഉളവാക്കിയത് തന്നോടും പരസ്പരവുമുള്ള ബന്ധത്തിനായാണ്.<br>4. ദൈവം മനുഷ്യന് ഉത്തരവാദിത്വങ്ങൾ നൽകി. | *വേദഭാഗം: ഉല്പത്തി 1:27 - 31; 2:1 - 9*<br>*താക്കോൽ വാക്യങ്ങൾ: യോഹന്നാൻ 1:1 - 3*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം ഏഴാം ദിവസം വിശ്രമിച്ചു.<br>2. ദൈവം ശബ്ബത്ത് വിശ്രമത്തിനായി സൃഷ്ടിച്ചു.<br>3. ദൈവം മനുഷ്യന് ജീവൻ നൽകി.<br>4. മനുഷ്യജീവന് നിസ്തുല്യമായ മൂല്യമാണ് ഉള്ളത്. |
| **അവതരിപ്പിക്കുക** | മൃഗങ്ങളെ കണ്ടുപിടിക്കുന്ന കളി കളിക്കുക. 4 പേരടങ്ങുന്ന ഗ്രൂപ്പുകളായി ക്ലാസ്സിനെ തിരിക്കുക. ഓരോ ഗ്രൂപ്പിനും ഒരു പേപ്പറും ഒരു കളർപേനയും നൽകുക. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ പേപ്പറിൽ ഒരു മൃഗത്തെ വരയ്ക്കുക. മറ്റു ഗ്രൂപ്പിലുള്ളവർ അത് എന്താണെന്ന് കണ്ടെത്തുക. | സഞ്ചാരസംവാദം. മുറിയ്ക്കുള്ളിൽ മൂന്നിടത്തായി സ്ഥാപിക്കുന്നതിനായി 'സമ്മതിക്കുന്നു", 'വിസമ്മതിക്കുന്നു", 'ഉറപ്പില്ല" എന്നിങ്ങനെ മൂന്ന് ബോർഡുകൾ ഉപയോഗിക്കുക. ചുവടെയുള്ള ഓരോന്നും വായിക്കുമ്പോൾ അവരുടെ അഭിപ്രായത്തോട് യോജിക്കുന്ന സ്ഥാനത്തേക്ക് നീങ്ങുവാൻ കുട്ടികളോട് ആവശ്യപ്പെടുക.<br>1. ഞായറാഴ്ച ദിവസത്തെ പ്രത്യേകമായി കാണുന്നത് ഈ കാലഘട്ടത്തിന് യോജിച്ചതല്ല<br>2. ഞായറാഴ്ച എന്നു പറയുന്നത് ഹോം വർക്ക് ചെയ്യുന്നതിനും ഷോപ്പിങ്ങിനു പോകുവാനുമുള്ള സമയമാണ്<br>3. ഞായറാഴ്ച ദിവസങ്ങളിൽ കളികൾ നിർത്തലാക്കണം<br>4. മനുഷ്യന്റെ ഭ്രൂണത്തിന്മേലുള്ള വൈദ്യശാസ്ത്ര ഗവേഷണങ്ങൾ സ്വീകാര്യമാണ്.<br>5. ക്രിസ്ത്യാനികൾ യുദ്ധത്തിന് പങ്കെടുക്കുവാൻ പാടില്ല. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം മൃഗങ്ങളെ പെറ്റുപെരുകുന്നതിനാണ് സൃഷ്ടിച്ചത്.<br>2. ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചത്, തന്നെപ്പോലെ ആയിരിപ്പാനും മത്സ്യങ്ങളുടെയും പറവകളുടെയും മൃഗങ്ങളുടെയും മേൽ വാഴുന്നതിനുമാണ്.<br>3. ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു.<br>4. ദൈവം മനുഷ്യനെ അനുഗ്രഹിക്കുകയും അവർക്ക് പ്രത്യേക ജോലിയും ഉത്തരവാദിത്വങ്ങളും നൽകി (അവർ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ പെരുകുകയും ദൈവത്തിന്റെ എല്ലാ സൃഷ്ടിയുടെമേലും വാഴുകയും ചെയ്യണമായിരുന്നു<br>5. ദൈവം ഭക്ഷണത്തിനുള്ള സ്രോതസ്സും നൽകിയിരുന്നു – നമ്മുടെ ജീവിതത്തിന് ആവശ്യമായതെല്ലാം.<br>6. ദൈവം സൃഷ്ടിച്ച എല്ലാത്തിലും താൻ വളരെ സന്തുഷ്ടനായിരുന്നു. വളരെ നല്ലത് എന്ന് അവൻ പറഞ്ഞു.<br>താക്കോൽ വാക്യം വിവരിച്ച ശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക: കാർഡ്– ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിക്കുന്നു (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ആദിയിൽ, എന്തു ഉളവാകുന്നതിനു മുമ്പേ ദൈവം ഉണ്ടായിരുന്നു. വചനം (കർത്താവായ യേശുക്രിസ്തു) ദൈവമാണ്, അവൻ ദൈവത്തോടുകൂടെ ആദിയിൽ ഉണ്ടായിരുന്നു. ഉളവായതെല്ലാം അവനാൽ ഉളവാക്കപ്പെട്ടതാണ്. അവനെക്കൂടാതെ ഒന്നും ഉളവാക്കപ്പെട്ടിട്ടില്ല. ദൈവം സൃഷ്ടാവും അവൻ ആരംഭങ്ങളുടെ ദൈവമാണ്.<br>2. ദൈവം മനുഷ്യനെ ഏദെൻ തോട്ടത്തിലാക്കി.<br>3. ദൈവം ഏദെനിൽ രണ്ട് പ്രത്യേകമായ മരങ്ങളും ഉരുവാക്കി; ജീവന്റെ വൃക്ഷവും നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും.<br>4. ദൈവം ഏഴാം വിശ്രമിക്കുകയും മനുഷ്യന് വിശ്രമിക്കുവാനായി ഒരു പ്രത്യേക ദിവസത്തെ ഉളവാക്കുകയും ചെയ്തു.<br>5. ദൈവം മനുഷ്യനിലേക്ക് ജീവശ്വാസം ഊതി. ഇത് മനുഷ്യനെ മൃഗങ്ങളിൽ നിന്നും വളരെ വത്യസ്തനാക്കി. മനുഷ്യ ജീവിതം നിസ്തുല്യവും നിസ്തുല്യമായ മൂല്യവും ഉള്ളതാണ്.<br>താക്കോൽ വാക്യങ്ങൾ വിവരിച്ച ശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക: കാർഡ്– ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിക്കുന്നു (1) |
| **പുതുക്കുക** | ചെറിയ ഗ്രൂപ്പുകളായി ചർച്ച ചെയ്ത ശേഷം ആശയങ്ങൾ മൊത്തം ഗ്രൂപ്പിലേക്ക് കൊണ്ടുവരിക: ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചത്, മത്സ്യങ്ങളുടെയും പറവകളുടെയും മൃഗങ്ങളുടെയും മേൽ വാഴുന്നതിനാണ്. നാം എങ്ങനെയാണ് അവയോട് പെരുമാറേണ്ടത്? ദൈവം നമ്മെ ഉണ്ടാക്കിയത് തന്നോടും മറ്റുള്ളവരോടുമുള്ള ബന്ധത്തിനായാണ്. ദൈവത്തോടും മറ്റുള്ളവരോടുമുള്ള നമ്മുടെ സ്നേഹത്തെ 1) വീട്ടിലും 2) സ്കൂളിലും 3) സഭയിലും നമുക്ക് ഏതൊക്കെ നിലകളിലാണ് പ്രദർശിപ്പിക്കുവാൻ കഴിയുന്നത്? | ചെറിയ ഗ്രൂപ്പുകളായി ചർച്ച ചെയ്ത ശേഷം ആശയങ്ങൾ മൊത്തം ഗ്രൂപ്പിലേക്ക് കൊണ്ടുവരിക:<br>പുറപ്പാട് 20:8; മർക്കോസ് 2:27 എന്നിവ വായിക്കുക. ഇന്ന് നമ്മോടുള്ള ബന്ധത്തിൽ ഈ വാക്യങ്ങളുടെ പ്രാധാന്യത എന്ത്? മനുഷ്യജീവന് നിസ്തുല്യമായ മൂല്യമാണ് ഉള്ളത് എന്ന് നാം പഠിച്ചു. ഈ കാര്യം ശാസ്ത്രം, മരുന്ന്, നിയമം, പ്രായമുള്ളവരെ കരുതൽ എന്നീ വിഷയങ്ങളോടുള്ള തീരുമാനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്:***<br>1. ദൈവം നമ്മെ ഉണ്ടാക്കിയത് തന്നോടും മറ്റുള്ളവരോടുമുള്ള ബന്ധത്തിനായാണ്. നാം മാനസാന്തരപ്പെട്ട് ദൈവത്തിൽ ആശ്രയിക്കുമ്പോൾ ഇത് നമ്മുടെ ദൈനംദിന ജീവിതത്തിൽ എന്തുമാറ്റമാണ് കൊണ്ടുവരേണ്ടത്?<br>2. നമ്മുടെ ഉത്തരവാദിത്വങ്ങൾ നടത്തുവാനും, ദൈവത്തിന്റെ സ്വഭാവം (ഉദാ: അവന്റെ സ്നേഹം, കരുണ, നീതി) ഈ ആഴ്ചയിൽ നമ്മുടെ കുടുംബങ്ങളിലും സ്കൂളുകളിലും സഭകളിലും വെളിപ്പെടുത്തുവാനും ദൈവം നമ്മെ സഹായിക്കേണ്ടതിന് പ്രാർത്ഥിക്കാം | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്:***<br>1. ഇന്ന് നമ്മുടെ ജീവിതത്തോടുള്ള ബന്ധത്തിൽ ശബ്ബത്ത്വിശ്രമം എടുത്ത് ജീവിക്കുന്നത് അഥവാ അതിൽ ജീവിക്കുവാൻ പരാജയപ്പെടുന്നത് എങ്ങനെ? ശബ്ബത്ത് വിശ്രമം പ്രാധാന്യമുള്ളതാണോ? എന്തുകൊണ്ട്?<br>2. മനുഷ്യ ജീവൻ ദൈവം നൽകിയതാണെന്നും അതിന് നിസ്തുല്യമായ മൂല്യമുണ്ടെന്നും ഉള്ള നമ്മുടെ വിശ്വാസം നമ്മുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നുവെന്ന് എങ്ങനെ ഉറപ്പിക്കാം? |

| | A1 ലെവൽ 3<br>**പാഠം 3– ആദിയിൽ**<br>**വിഷയം – കാര്യങ്ങൾ തെറ്റായ നിലയിൽ** | A1 ലെവൽ 4<br>**പഠനം 3– സൃഷ്ടി**<br>**വിഷയം – പാപത്തിന്റെ വരവ്** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 2:15-17; 3:1-13*<br>*താക്കോൽ വാക്യം: ഉല്പത്തി 3:3*<br>***നാം പഠിക്കുന്നത്:***<br>1. ആദാമും ഹവ്വയും ദൈവത്തെ അനുസരിച്ചില്ല<br>2. ആദാമും ഹവ്വയും ലജ്ജിതരാവുകയും അവരുടെ പാപത്തിന്റെ പരിണിത ഫലം അനുഭവിക്കുകയും ചെയ്തു. | *വേദഭാഗം: ഉല്പത്തി 2:14-19; 3:1-7*<br>*താക്കോൽ വാക്യങ്ങൾ: റോമർ 3:23; 6:23*<br>***നാം പഠിക്കുന്നത്:***<br>1. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലത്തിൽ നിന്നും കഴിക്കരുതെന്ന് ദൈവം മനുഷ്യനോട് കല്പിച്ചിരുന്നു.<br>2. പാമ്പ് ആദാമിനെയും ഹവ്വയെയും വഞ്ചിക്കുകയും ദൈവത്തിന്റെ കല്പന ഹവ്വ ലംഘിക്കുകയും ചെയ്തു.<br>3. ആദാമും ഹവ്വയും ലജ്ജിതരായി. |
| **അവതരിപ്പിക്കുക** | ഗ്രൂപ്പിലുള്ളവരോട് അവരുടെ സ്കൂളുകളിൽ നിയമങ്ങൾ ഉണ്ടോ എന്ന് ചോദിക്കുക. ഇവയെല്ലാം എന്തുകൊണ്ടാണ് പ്രധാനപ്പെട്ടതായിരിക്കുന്നത്? അവയെ ആളുകൾ അവഗണിച്ചാൽ എന്താണ് സംഭവിക്കുന്നത്? | ചുവടെകൊടുത്തിരിക്കുന്നവ ഈരണ്ടു പേരായി ഇരുന്ന് ചർച്ചചെയ്യുവാൻ കുട്ടികളോട് പറയുക:<br>സ്കൂളിൽ/ജോലിയിൽ/വീട്ടിൽ അവർക്കുള്ള ഉത്തരവാദിത്വങ്ങൾ. അവർ അനുവർത്തിക്കേണ്ടുന്ന അഥവാ അനുഗമിക്കേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ. ഈ നിയമങ്ങൾ അവഗണിക്കുകയോ ലംഘിക്കുകയോ ചെയ്താൽ എന്താണ് സംഭവിക്കുന്നത്? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ദൈവം മനുഷ്യനെ ഏദെൻ തോട്ടത്തിലാക്കുകയും അത് നോക്കി നടത്തുവാനുള്ള ജോലിയും ഏൽപ്പിച്ചു. മനുഷ്യന് ആവശ്യമുള്ളതെല്ലാം ദൈവം നൽകി, പക്ഷെ മനുഷ്യൻ അനുസരിക്കേണ്ടുന്ന ഒരു നിയമം ഉണ്ടായിരുന്നു. "നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം" എന്ന വൃക്ഷത്തിന്റെ ഫലത്തിൽ നിന്നും തിന്നുവാനുള്ള അനുവാദം ഇല്ലായിരുന്നു. ഇത് കഴിക്കുന്ന പക്ഷം ആ മനുഷ്യൻ തീർച്ചയായും മരിക്കും എന്ന് ദൈവം പറഞ്ഞിരുന്നു.<br>2. പിന്നീട്, പക്ഷികൾക്കും മൃഗങ്ങൾക്കും പേരിടുവാനുള്ള ജോലി മനുഷ്യന് നൽകി<br>3. മനുഷ്യന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ അവനെ സഹായിക്കുന്നതിന് ദൈവം സ്ത്രീയെ സൃഷ്ടിച്ചു. വിവാഹത്തോടെ ഒരു പുരുഷനും സ്ത്രീയും ഒരു പുതിയ കുടുംബം സ്ഥാപിക്കുകയും ഒരുമിച്ച് അവരുടെ വേല നിർവ്വഹിക്കുകയും ചെയ്യുന്നു.<br>4. ദൈവത്തിന്റെ ശത്രുവായ കപടവേഷക്കാരനും കൗശലക്കാരനുമായ പാമ്പ് ദൈവത്തിന്റെ കല്പനയിൽ സംശയം ഉളവാക്കിച്ചു. ദൈവത്തിന്റെ നിയമം ലംഘിച്ചാൽ മരിക്കുകയില്ല എന്ന് അവൻ ആദാമിനോടും ഹവ്വയോടും പറഞ്ഞു. പാമ്പ് സ്ത്രീയെ ചതിക്കുകയും ദൈവം അവരോടു കഴിക്കരുത് എന്നു പറഞ്ഞ ഫലം സ്ത്രീ കഴിക്കുകയും ചെയ്തു. കുറച്ച് അവർ മനുഷ്യനും കൊടുത്തു അവനും തിന്നു.<br>5. അവർ ഈ പ്രവർത്തി ചെയ്തപ്പോൾ അവൾ സന്തോഷമില്ലാത്തവരായിത്തീർന്നു. തങ്ങളെത്തന്നെ മറയ്ക്കുവാൻ അവർ അത്തിയില കൂട്ടിത്തുന്നി വസ്ത്രം ഉണ്ടാക്കുകയും അവർ മരങ്ങളുടെ ഇടയിൽ ഒളിക്കുകയും ചെയ്തു. ദൈവം അവരെ വിളിച്ചപ്പോൾ അവർ ചെയ്തത് എന്താണെന്ന് അവർ അവനോട് പറഞ്ഞു. ആദാം ഹവ്വയെ കുറ്റപ്പെടുത്തുകയും ഹവ്വ പാമ്പിനെ കുറ്റപ്പെടുത്തുകയും ചെയ്തു.<br>6. ദൈവം പാമ്പിനെ ശപിച്ചു. ആദാമും ഹവ്വയും അവർ ചെയ്ത പാപത്തിന്റെ പരിണിതഫലങ്ങൾ നേരിടേണ്ടി വന്നു. അവർ വേദന അനുഭവിക്കുകയും കഷ്ടതയോടെയും ഞെരുക്കത്തോടെയും ജോലികൾ ചെയ്യേണ്ടി വന്നു. ജീവിതം വളരെ വിഷമകരമായി, മാത്രമല്ല ഒരിക്കൽ അവർ മരിക്കേണ്ടതായും വരും.<br>7. ദൈവം മൃഗത്തിന്റെ തോൽ ഉപയോഗിച്ച് ആദാമിനും ഹവ്വയ്ക്കും ഉടുപ്പുകൾ ഉണ്ടാക്കിക്കൊടുക്കുകയും ജീവന്റെ വൃക്ഷത്തിൽ നിന്നും ദൂരേയ്ക്ക് അവൻ അവരെ ഏദെൻതോട്ടത്തിൽ നിന്നും പുറത്താക്കി.<br>താക്കോൽ വാക്യം വിവരിച്ച ശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 3 പൂർത്തിയാക്കുക. പ്രദർശിപ്പിക്കുക- കാർഡ്- ആദാമും ഹവ്വയും ദൈവത്തെ അനുസരിക്കാത്തതിന്റെ പരിണിതഫലം അനുഭവിച്ചു (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ഏദെൻ തോട്ടം സംരക്ഷിക്കുന്നതിനും പക്ഷികൾക്കും മൃഗങ്ങൾക്കും പേര് നൽകുന്ന ഉത്തരവാദിത്വവും ദൈവം ആദാമിനു നൽകി.<br>2. നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം ഒഴികെ മറ്റേത് മരത്തിൽ നിന്നും കഴിക്കാമെന്ന് ദൈവം മനുഷ്യനോട് പറഞ്ഞു. ഈ മരത്തിൽ നിന്നും കഴിക്കുന്നതിന്റെ പരിണിത ഫലം നിശ്ചയമായ മരണമാണെന്ന് ദൈവം പറഞ്ഞു.<br>3. ദൈവം മനുഷ്യന് ഒരു സഹായത്തിനായി സ്ത്രീയെ നൽകി. അവർ ഒരുമിച്ച് വേല ചെയ്യണമായിരുന്നു. വിവാഹത്തോടെ ഒരു പുരുഷനും സ്ത്രീയും ഒരു പുതിയ കുടുംബം സ്ഥാപിക്കുകയും ഒരുമിച്ച് അവരുടെ വേല നിർവ്വഹിക്കുകയും ചെയ്യുന്നു.<br>4. കൗശലക്കാരനായ പാമ്പ് ദൈവത്തെ അനുസരിക്കാതെയിരുന്ന ഹവ്വയെ വഞ്ചിച്ചു. അവൾ ആ വിലക്കപ്പെട്ട ഫലം കഴിക്കുകയും അത് മനുഷ്യനും കഴിക്കുവാൻ കൊടുത്തു. മനുഷ്യനും ഫലം കഴിച്ചതിലൂടെ ദൈവത്തോട് അനുസരണക്കേട് കാണിച്ചു. ഫലം കഴിക്കുന്നതിലൂടെ ആദാമും ഹവ്വയും ദൈവത്തിന്റെ ഉത്തമമായ നിലവാരത്തിൽ നിന്നും വളരെ താണു പോയി.<br>5. ആദാമും ഹവ്വയും അവർ ദൈവത്തോട് അനുസരണക്കേട് കാണിച്ചുവെന്ന് അവർക്ക് അറിയാമായിരുന്നു, അവർ വളരെ ലജ്ജിതരായിത്തീർന്നു. ദൈവത്തിന്റെ കല്പന ലംഘിച്ച തീരുമാനത്തിന്റെ പരിണിതഫലം അവർ അനുഭവിക്കണമായിരുന്നു.<br>6. അവർ ദൈവത്തിന്റെ ശിക്ഷ അഭിമുഖീകരിക്കേണ്ടി വന്നു.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 3 പൂർത്തിയാക്കുക. പ്രദർശിപ്പിക്കുക- കാർഡ്- ആദാമും ഹവ്വയും ദൈവത്തെ അനുസരിക്കാത്തതിന്റെ പരിണിതഫലം അനുഭവിച്ചു (1) |
| **പുതുക്കുക** | ഈ പാഠം റോമർ 5:12- നോട് ബന്ധിപ്പിക്കുക. ആദാമും ഹവ്വയും അനുസരിക്കാഞ്ഞതുകൊണ്ട് നാം എല്ലാവരും പാപികളായി ജനിച്ചു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ കല്പനകളോടുള്ള അനുസരണക്കേടിനുള്ള ഉദാഹരണങ്ങൾ എന്തെല്ലാമെന്ന് കുട്ടികൾ ചിന്തിച്ചു പറയട്ടെ. ഇവ 1) നമ്മെയും 2) മറ്റുള്ളവരെയും എങ്ങനെയാണ് സ്വാധീനിക്കുന്നത്? | ആദാമിന്റെയും ഹവ്വയുടെയും അനുസരണക്കേടിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു? റോമർ 5:12-14, 18-19 വായിക്കുക. ആദാമിന്റെ അനുസരണക്കേട് നമ്മെ ഇന്ന് എങ്ങനെയാണ് ബാധിക്കുന്നത്? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നാം ദൈവത്തോട് ക്ഷമ ചോദിക്കണം അങ്ങനെയെങ്കിൽ അവന് നമ്മോട് ക്ഷമിച്ച് നമ്മെ പുതിയതാക്കുവാൻ സാധിക്കും. അപ്പോൾ നമുക്ക് നമ്മുടെ ജീവിതം കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുവാനും അവന്റെ കല്പനകൾ അനുസരിക്കുവാനും സാധിക്കും. | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ക്രിസ്ത്യാനികൾ എന്ന നിലയിൽ ദൈവത്തെ അനുസരിക്കുന്നത് എന്തുകൊണ്ടാണ് പ്രാധാന്യമർഹിക്കുന്നത്?<br>2. നമ്മുടെ ജീവിതത്തിൽ ഇന്ന് പ്രായോഗികമായ നിലയിൽ എങ്ങനെയാണ് ദൈവത്തെ അനുസരിക്കുവാൻ സാധിക്കുന്നത്? |

| | A1 ലെവൽ 3<br>**പാഠം 4– സൃഷ്ടി**<br>**വിഷയം – ദൈവിക വഴിയിൽ കാര്യങ്ങളുടെ നിർവ്വഹണം** | A1 ലെവൽ 4<br>**പഠനം 4– സൃഷ്ടി**<br>**വിഷയം – പാപത്തിന്റെ ഫലങ്ങൾ** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 4:1-16*<br>*താക്കോൽ വാക്യം: യോഹന്നാൻ 14:6*<br>***നാം പഠിക്കുന്നത്:***<br>1. ഹാബേൽ ദൈവത്തിന്റെ വഴിയും കയീൻ സ്വന്തം വഴിയും അനുഗമിച്ചു. ദൈവം ഹാബേലിന്റെ യാഗം സ്വീകരികുകയും കയീന്റേത് നിരസിക്കുകയും ചെയ്തു.<br>2. കയീൻ ഹാബേലിനെ കൊലപ്പെടുത്തി. ദൈവം അവനെ ആ ദേശത്തു നിന്ന് പുറത്താക്കുകയും അവൻ അലഞ്ഞു നടക്കുന്നവനായും തീർന്നു.<br>3. ദൈവത്തിങ്കലേക്ക് ഒരേയൊരു വഴിയേ ഉള്ളൂ അതാണ് ദൈവത്തിന്റെ വഴി! | *വേദഭാഗം: ഉല്പത്തി 3:7-24*<br>*താക്കോൽ വാക്യങ്ങൾ: 1 കൊരിന്ത്യർ 15:22; റോമർ 6:23*<br>***നാം പഠിക്കുന്നത്:***<br>1. ആദാമും ഹവ്വയും ദൈവത്തിൽ നിന്നും ഒളിക്കുവാൻ ശ്രമിച്ചു.<br>2. ദൈവം ചതിയനായ പാമ്പിനെ ശപിച്ചു.<br>3. ആദാമും ഹവ്വയും അവരുടെ പാപത്തിന്റെ പരിണിതഫലമായി വേദനയും കഷ്ടതയും അനുഭവിക്കുമെന്ന് ദൈവം പറഞ്ഞു.<br>4. ആദാമിന്റെയും ഹവ്വയുടെയും നഗ്നത മറയ്ക്കുന്നതിന് ദൈവം അവർക്ക് വസ്ത്രങ്ങൾ നൽകി.<br>5. ദൈവം ആദാമിനെയും ഹവ്വയെയും ഏദെൻതോട്ടത്തിൽ നിന്നും പുറത്താക്കി. |
| **അവതരിപ്പിക്കുക** | ഭൂപടവും ദിശയും ഒന്നും ശ്രദ്ധിക്കാതെ നിങ്ങൾ ഒരു യാത്രയ്ക്ക് പോയാൽ എന്താണ് സംഭവിക്കുന്നത്? എപ്പോഴെങ്കിലും നിങ്ങൾ ദിശയെ അവഗണിച്ച് വഴിതെറ്റി പോയിട്ടുണ്ടോ? ദൈവത്തിന്റെ നിർദ്ദേശങ്ങൾക്ക് കയീൻ യാതൊരു ശ്രദ്ധയും കൊടുക്കാഞ്ഞതുകൊണ്ട് അവൻ അലഞ്ഞു തിരിയുന്ന ഒരുവനായിത്തീർന്നു. | വീട്ടിലോ സ്കൂളിലോ അനുസരണക്കേട് കാണിക്കുന്ന കുട്ടികളെപ്പോലെയായിരുന്ന ഒരു സമയത്തെക്കുറിച്ച് ചിന്തിക്കുവാൻ കുട്ടികളോട് പറയുക. ഇത് അവർക്ക് എന്ത് വികാരമാണ് ഉളവാക്കുന്നത്? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ആദാമിനും ഹവ്വയ്ക്കും രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു. ഹാബേൽ ഒരു ആട്ടിടയനും കയീൻ കൃഷിക്കാരനും ആയിരുന്നു.<br>2. ഹാബേൽ കൊണ്ടുവന്ന മൃഗയാഗം ദൈവം സ്വീകരിച്ചു: അവന്റെ ആട്ടിൻ കൂട്ടത്തിൽ നിന്നും കൊണ്ടുവന്ന ഏറ്റവും മേൽത്തരമായ കടിഞ്ഞൂൽ. ദൈവം കയീന്റെ യാഗത്തിൽ പ്രസാദിച്ചില്ല: നിലത്തിൽ നിന്നുമുള്ള കുറച്ച് ധാന്യങ്ങൾ മാത്രം. കയീൻ ദേഷ്യപ്പെടുകയും ദു:ഖമുള്ളവനായും തീർന്നു.<br>3. ദൈവം കയീന് പാപത്തെക്കുറിച്ചും ദൈവത്തിന്റെ ശരിയായ വഴി അനുഗമിക്കേണ്ടതിനെക്കുറിച്ചും മുന്നറിയിപ്പ് കൊടുത്തു. കയീൻ ദൈവത്തോട് ക്ഷമ ചോദിക്കുകയോ ദൈവത്തെ അനുസരിക്കുകയോ ചെയ്തില്ല.<br>4. കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊലപ്പെടുത്തി. ദൈവം കയീനെ ആ ദേശത്തുനിന്നും നാടുകടത്തുകയും അവൻ ദൈവത്തിന്റെ സന്നിധി വിട്ട് ദൂരെ അലഞ്ഞുതിരിഞ്ഞു നടക്കുന്നവനായിത്തീർന്നു.<br>5. ദൈവത്തിന് ഒരു ആടിനെ യാഗമായി നൽകണമെന്ന് ഹാബേലിന് അറിയാമായിരുന്നു. കയീൻ ദൈവത്തിന്റെ വഴിയിലല്ല അവന്റെ അടുക്കലേക്ക് വന്നത് അതുകൊണ്ട് അവൻ ശിക്ഷിക്കപ്പെട്ടു.<br>6. യേശുകർത്താവ് ക്രൂശിൽ യാഗമായി അർപ്പിക്കപ്പെടേണ്ടിയിരുന്നതിന്റെ ഒരു ചിത്രമായിരുന്നു ഹാബേലിന്റെ യാഗം.<br>താക്കോൽവാക്യംവിവരിച്ചശേഷംഅത്പഠിക്കുവാൻകുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- കയീനും ഹാബേലും (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ആദാമിന്റെയും ഹവ്വയുടെയും അനുസരണക്കേട് നന്മ തിന്മകളെക്കുറിച്ചുള്ള ഒരു പുതിയ ബോധവും അവരുടെ നഗ്നതയെക്കുറിച്ചുള്ള ബോധവും നൽകുന്നതിൽ കലാശിച്ചു. അവർ ദൈവത്തെ ഭയപ്പെടുകയും അവനിൽ നിന്നും ഒളിക്കുകയും ചെയ്തു.<br>2. ദൈവം ആദാമിനോടും ഹവ്വയോടും ചോദ്യങ്ങൾ ചോദിച്ചു. അവർ ചെയ്ത തെറ്റുകൾ അവർ സമ്മതിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ അവർ ഇരുവരും മറ്റാരേയോ കുറ്റപ്പെടുത്തി. ആദാം ഹവ്വയെയും ഹവ്വ പാമ്പിനെയും കുറ്റപ്പെടുത്തി.<br>3. ആദാമും ഹവ്വയും അവരുടെ അനുസരണക്കേടിന്റെ പരിണിതഫലം അഭിമുഖീകരിച്ചു: അവർ വേദനയും, ജീവിതത്തിൽ ബദ്ധപ്പാടും, ഏദെൻതോട്ടത്തിൽ ദൈവത്തിന്റെ സന്നിധിയിൽ നിന്നുള്ള അകൽച്ചയും അനുഭവിച്ചു.<br>4. നാമും അവരുടെ അനുസരണക്കേടിന്റെ പരിണിതഫലം അനുഭവിക്കുന്നു- ആദാം പാപം ചെയ്തതുകൊണ്ട് നാമും അവനോട് താതാത്മ്യപ്പെടുകയും നാം എല്ലാവരും മരിക്കുകയും ചെയ്യുന്നു.<br>5. ദൈവം കൃപയോടെ കരുതുന്നവനാണ്. ദൈവം ആദാമിനും ഹവ്വയ്ക്കും അവരുടെ നഗ്നത മറയ്ക്കുന്നതിന് മൃഗത്തിന്റെ തോലുകൊണ്ടുള്ള വസ്ത്രം നൽകി. നാം കർത്താവായ യേശുക്രിസ്തുവിനെ നമ്മുടെ രക്ഷിതാവായി സ്വീകരിച്ചാൽ അവനിലൂടെ ദൈവം നമുക്ക് നിത്യജീവനെന്ന ദാനം നൽകുന്നുവെന്ന് റോമർ 6:23 നമ്മെ പഠിപ്പിക്കുന്നു.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 4 പൂർത്തിയാക്കുക. പ്രദർശിപ്പിക്കുക- കാർഡ്- ആദാമും ഹവ്വയും ദൈവത്തോട് അനുസരണക്കേട് കാണിച്ചു (1) |
| **പുതുക്കുക** | താക്കോൽ വാക്യത്തിൽ, താൻ മാത്രമാണ് ദൈവത്തിങ്കലേക്കുള്ള ഒരേയൊരു വഴിയെന്ന് യേശു പറഞ്ഞിരിക്കുന്നു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ജനങ്ങൾ മറ്റെന്തെല്ലാം വഴികളിലാണ് ശ്രമിക്കുന്നത്? താക്കോൽ വാക്യം വ്യക്തമായി എഴുതിക്കൊണ്ട് ഒരു ബുക്ക്മാർക്കോ പോസ്റ്റ്കാർഡോ തയ്യാറാക്കുക. | ഈ പാഠത്തിൽ നിന്നും ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് നാം എന്താണ് പഠിക്കുന്നത്? ഈ പാഠം റോമർ 5:12-നോട് ബന്ധിപ്പിക്കുക.ആദാമും ഹവ്വയും അനുസരണക്കേട് കാണിച്ചതുകൊണ്ട് നാം എല്ലാവരും പാപികളായി ജനിച്ചു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ കല്പനകളോടുള്ള അനുസരണക്കേടിനുള്ളചില ഉദാഹരണങ്ങൾ ചിന്തിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുക. ഇവ 1) നമ്മെയും 2) മറ്റുള്ളവരെയും എങ്ങനെയാണ് ബാധിക്കുന്നത്? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. താക്കോൽ വാക്യം മന:പാഠമാക്കുക<br>2. ദൈവത്തിങ്കലേക്കുള്ള ഒരേയൊരു വഴിയായ യേശുവിലാണോ നിങ്ങൾ വിശ്വസിക്കുന്നത്? | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവത്തെ അനുസരിക്കുവാനുള്ള ബലത്തിനുവേണ്ടി അവനോട് അപേക്ഷിക്കുക. നാം ദൈവത്തെ തോല്പിക്കുമ്പോഴും താഴ്ത്തുമ്പോഴും അവന്റെ കൃപയോടെയുള്ള പരിചരണത്തിനായി അവനോട് നന്ദിയുള്ളവരായിരിക്കുക.<br>2. നാം ദൈവത്തോട് ക്ഷമ ചോദിക്കണം അങ്ങനെയെങ്കിൽ നമുക്ക് അവനെ പ്രസാദിപ്പിക്കുന്ന ജീവിതം ജീവിക്കുവാനും അവന്റെ കല്പനകൾ പിൻപറ്റുവാനും സാധിക്കും. |

| | A2 ലെവൽ 3<br>**പാഠം 1– നോഹയും പ്രളയവും**<br>**വിഷയം – പെട്ടകം പണിയുന്നു** | A2 ലെവൽ 4<br>**പഠനം 1– കയീനും ഹാബേലും**<br>**വിഷയം – ദൈവത്തെ ആരാധിക്കുന്നു** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 6:5 - 22*<br>*താക്കോൽ വാക്യം: ഉല്പത്തി 6:8*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം വിശുദ്ധനാണ്. മനുഷ്യരുടെ പാപങ്ങൾ ദൈവത്തിന്റെ ഹൃദയത്തെ തകർക്കുന്നു<br>2. ദൈവം നോഹയെ രക്ഷിക്കുവാൻ തീരുമാനിച്ചു. നോഹയേയും കുടുംബത്തേയും എല്ലാത്തരം മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും രണ്ടു എണ്ണത്തെയും വീതം രക്ഷിക്കുവാനായി ഒരു വലിയ പെട്ടകം പണിയുവാൻ ദൈവം നോഹയോട് കല്പിച്ചു.<br>3. ദൈവം പറഞ്ഞതുപോലെതന്നേ നോഹ ചെയ്തു. നോഹയ്ക്ക് ദൈവത്തിൽ വിശ്വാസം ഉണ്ടായിരുന്നു. നോഹ ദൈവത്തെ അനുസരിച്ചു. | *വേദഭാഗം: ഉല്പത്തി 4:1 - 16*<br>*താക്കോൽ വാക്യം: എബ്രായർ 11:4*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം ആഗ്രഹിച്ച വഴിയിൽ തന്നെയാണ് ഹാബേൽ തന്റെ അടുക്കൽ വന്നത്. ദൈവം ഹാബേലിന്റെ യാഗം സ്വീകരിച്ചു.<br>2. കയീൻ തന്റെ സ്വന്തം വഴിയിലാണ് ദൈവത്തിന്റെ അടുക്കൽ വന്നത്. ദൈവം കയീന്റെ യാഗം നിരസിച്ചു.<br>നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടുന്ന വത്യസ്ത സാഹചര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. അവയെ നാം നിരസിച്ചാൽ എന്താണ് സംഭവിക്കുന്നത്? |
| **അവതരിപ്പിക്കുക** | ഒരു മാതൃക ഉണ്ടാക്കുന്ന നിർദ്ദേശങ്ങളോ ഒരു കേക്ക് ഉണ്ടാക്കുന്ന ചേരുവകളുടെ കുറിപ്പോ ഗ്രൂപ്പിനെ കാണിക്കുക. എന്തെങ്കിലും പണിയുമ്പോഴോ ഉണ്ടാക്കുമ്പോഴോ നിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെ പ്രാധാന്യതയെക്കുറിച്ച് അവരോട് സംസാരിക്കുക. ദൈവം നോഹയ്ക്ക് വളരെ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയത് വിവരിക്കുക. ദൈവത്തിന്റെ നിർദ്ദേശങ്ങൾ നോഹ അതേപോലെ തന്നെ അനുസരിച്ചു. | നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടുന്ന വത്യസ്ത സാഹചര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. അവയെ നാം നിരസിച്ചാൽ എന്താണ് സംഭവിക്കുന്നത്? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ഭൂമിയിലുള്ള മനുഷ്യർ വളരെ ദുഷ്ടന്മാരും കൊള്ളരുതാത്തവരും ആയിരുന്നു. അവരുടെ പാപപ്രവൃത്തിയും അനുസരണക്കേടും ദൈവത്തെ വളരെ ദുഖിപ്പിച്ചു.<br>2. ദൈവം താൻ നിർമ്മിച്ച മനുഷ്യരെയും എല്ലാ മൃഗങ്ങളെയും നശിപ്പിക്കുവാൻ തീരുമാനിച്ചു.<br>3. നോഹ വത്യസ്തനായിരുന്നു. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു. അവൻ എല്ലാ മനുഷ്യരിൽ നിന്നും വളരെ വത്യസ്തനായിരുന്നു കാരണം അവൻ ശരിയായ കാര്യം ചെയ്തു, അവൻ ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു.<br>4. ദൈവം എല്ലാ മനുഷ്യരെയും ജീവനുള്ള സകല ജീവികളെയും പ്രളയത്താൽ നശിപ്പിക്കുവാൻ പോകുന്ന കാര്യം ദൈവം നോഹയ്ക്ക് മുന്നറിയിപ്പായി നൽകി കാരണം അവർ അതിക്രമത്താൽ ഭൂമിയെ നിറച്ചിരുന്നു.<br>5. തയ്യാറെടുപ്പുകൾ നടത്തുന്നതിന് ദൈവം നോഹയ്ക്ക് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിരുന്നു. നോഹ, തന്റെ കുടുംബത്തെയും ജീവനുള്ള എല്ലാത്തരം ജീവികളിൽ നിന്നും ഈരണ്ടിനെയും രക്ഷിക്കേണ്ടതിന് എപ്രകാരമാണ് ഒരു വലിയ പെട്ടകം നിർമ്മിക്കേണ്ടത് എന്ന് കൃത്യമായി ദൈവം പറഞ്ഞു.<br>6. നോഹയ്ക്ക് ദൈവത്തിൽ വിശ്വാസിച്ചു, അവന്റെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്തു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക - കാർഡ് - നോഹയും വലിയ പ്രളയവും (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ആദാമിനും ഹവ്വയ്ക്കും രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു. ഹാബേൽ ഒരു ആട്ടിടയനും കയീൻ കൃഷിക്കാരനും ആയിരുന്നു.<br>2. ഹാബേൽ കൊണ്ടുവന്ന മൃഗത്തിന്റെ യാഗം ദൈവം സ്വീകരിച്ചു: തന്റെ ആട്ടിൻ കൂട്ടത്തിൽ നിന്നുമുള്ള ഏറ്റവും മെച്ചമായ കടിഞ്ഞൂലുകളിൽ നിന്നായിരുന്നു അത്. ദൈവം കയീനിന്റെ യാഗത്തെ നിരസിച്ചു: തന്റെ കൃഷിയിൽ നിന്നും കുറച്ച് മാത്രമായിരുന്നു ഇത്. കയീൻ കോപവും ദുഖിതനുമായിത്തീർന്നു.<br>3. ദൈവം കയീന് പാപത്തെക്കുറിച്ചും ദൈവത്തിന്റെ ശരിയായ വഴി അനുഗമിക്കേണ്ടുന്നതിന്റെ പ്രാധാന്യതയെക്കുറിച്ചും മുന്നറിയിപ്പ് കൊടുത്തു.<br>4. കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊന്നു. ദൈവം അവനെ ആ ദേശത്തുനിന്നും പുറത്താക്കി. അങ്ങനെ അവൻ ദൂരെ ദേശത്ത്, ദൈവത്തിന്റെ സന്നിധിയുടെ പരിധിക്കു പുറത്ത് അലഞ്ഞു നടക്കുന്നവനുമായിത്തീർന്നു.<br>5. ദൈവത്തിന് ഒരു ആടിനെ യാഗമായി അർപ്പിക്കണമെന്ന് ഹാബേൽ മനസ്സിലാക്കിയിരുന്നു. കയീൻ ദൈവത്തിന്റെ വഴിയിൽ വരാഞ്ഞതുകൊണ്ട് ദൈവം അവനെ ശിക്ഷിച്ചു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക - കാർഡ് - കയീനും ഹാബേലും (1) |
| **പുതുക്കുക** | നോഹയെയും അവന്റെകുടുംബത്തെയും അവന് നൽകിയ നിർദ്ദേശങ്ങളെയും കുറിച്ച് നാം ഈ പാഠത്തിൽ പഠിച്ചു. ഇതിനെ അടിസ്ഥാനപ്പെടുത്തി ഒരു ക്വിസ്സിലൂടെ പാഠം പുനരവലോകനം ചെയ്യുക | താക്കോൽ വാക്യമായ എബ്രായർ 11:4 വായിക്കുക. കയീനും ഹാബേലും തമ്മിലുള്ള വത്യാസത്തെക്കുറിച്ച് ഈ വാക്യം എന്താണ് പ്രസ്താവിക്കുന്നത്? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നോഹ ദൈവത്തെ ആശ്രയിക്കുകയും ദൈവം കല്പിച്ചപ്രകാരം തന്നേ അവൻ എല്ലാം ചെയ്തു. നമുക്ക് എപ്രകാരമാണ് ദൈവത്തിൽ വിശ്വസിക്കുവാൻ സാധിക്കുന്നത്?<br>നിങ്ങൾ അവനിൽ ആശ്രയിക്കുന്നുണ്ടോ? നോഹയ്ക്ക് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു, ദൈവം അവനെ രക്ഷിച്ചു. | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. കയീനിന്റെയും ഹാബേലിന്റെയും സ്വഭാവത്തിൽ നിന്നും ജീവിതത്തിൽ നിന്നും എന്തു പാഠങ്ങളാണ് നമുക്ക് പഠിക്കുവാൻ സാധിക്കുന്നത്?<br>2. ഈ പാഠങ്ങൾ ഇന്ന് എപ്രകാരമാണ് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നത്? |

| | A2 ലെവൽ 3<br>**പാഠം 2– നോഹയും പ്രളയവും**<br>**വിഷയം – പെട്ടകത്തിലേക്ക്** | A2 ലെവൽ 4<br>**പഠനം 2 – ഹാനോക്കും നോഹയും**<br>**വിഷയം – ദൈവത്തോടു കൂടെ നടന്നു** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 7:1- 20*<br>*താക്കോൽ വാക്യം: ഉല്പത്തി 7:5*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം നോഹയേയും കുടുംബത്തേയും രക്ഷിക്കുന്നതിന് ഒരു വഴി ഒരുക്കി.<br>2. നോഹയ്ക്ക് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു, ദൈവം അവനോട് പറഞ്ഞ പ്രകാരമൊക്കേയും അവൻ ചെയ്തു. | *വേദഭാഗം: ഉല്പത്തി 5:21- 33; 6:1- 15*<br>*താക്കോൽ വാക്യം: എബ്രായർ 11:5*<br>***നാം പഠിക്കുന്നത്:***<br>1. ഹാനോക്കും അവന്റെ ഏറ്റവും ചെറുമകനായ നോഹയും ദൈവത്തോട് ഏറ്റവും അടുത്ത കൂട്ടായ്മയിൽ നടന്നു.<br>2. ദൈവത്തോടുള്ള അവരുടെ ബന്ധം കാരണം മറ്റുള്ള വ്യക്തികളിൽ നിന്നും ഈ രണ്ടു പേർ വത്യസ്തരായി നിന്നു. |
| **അവതരിപ്പിക്കുക** | നിങ്ങൾ കുടുംബത്തോടൊപ്പം എപ്പോഴെങ്കിലും ഒരു യാത്രയ്ക്കോ ഉല്ലാസയാത്രയ്ക്കോ പോയിട്ടുണ്ടോ? അതിനുവേണ്ടി നിങ്ങൾ എപ്രകാരമാണ് തയ്യാറെടുത്തത്? | ദൈവത്തോടുള്ള നമ്മുടെ ബന്ധം നമ്മെ ആൽക്കൂട്ടത്തിൽ നിന്നും വത്യസ്തരായി നിൽക്കുവാൻ ഇടയാക്കണം. മറ്റുള്ളവരിൽ നിന്നും ക്രിസ്ത്യാനികൾ എപ്രകാരമാണ് വത്യസ്തരാകേണ്ടത്? ഒരു പട്ടിക തയ്യാറാക്കുക. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ദൈവം 7 ദിവസങ്ങൾക്കുശേഷം പ്രളയം അയയ്ക്കുവാൻ പോവുകയാണെന്ന് നോഹയ്ക്ക് മുന്നറിയിപ്പ് നൽകി.<br>2. ദൈവം നോഹയോട് മൃഗങ്ങളെയും പെട്ടകത്തിലേക്ക് കയറ്റുവാൻ പറഞ്ഞു അങ്ങനെയെങ്കിൽ അവ പ്രളയത്തിനു ശേഷവും നിലനിൽക്കും.<br>3. ആ ദിവസം തന്നെ, 600-ാം സംവത്സരം 2-ാം മാസം 17-ാം തീയതി, ദൈവം പറഞ്ഞ പ്രകാരം നോഹ തന്റെ കുടുംബത്തേയും മൃഗങ്ങളേയും പെട്ടകത്തിനുള്ളിൽ പ്രവേശിപ്പിച്ചു. ദൈവം പറഞ്ഞിരുന്നതുപോലെ തന്നെ 7 ദിവസങ്ങൾക്കുശേഷം പ്രളയം ഉണ്ടായി.<br>4. നോഹയും കുടുംബവും മൃഗങ്ങളും പെട്ടകത്തിൽ സുരക്ഷിതരായി അകത്തുകയറിയതിനു ശേഷം ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചു. നോഹയും കുടുംബവും പെട്ടകത്തിനുള്ളിലെ മൃഗങ്ങളും മാത്രമാണ് ഭയാനകമായ ആ പ്രളയത്തെ അതിജീവിച്ചത്. മഴ 40 ദിവസങ്ങളോളം തുടർന്നു! ഏറ്റവും ഉയരമുള്ള പർവ്വതങ്ങളുടെ ശിഖരങ്ങളേക്കാളും 22 അടിയോളം വെള്ളം ഉയർന്നിരുന്നു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- നോഹയും വലിയ പ്രളയവും (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ഹാനോക്ക് ദൈവത്തോടുള്ള അടുത്ത കൂട്ടായ്മയിൽ നടന്ന് 365 വർഷം ജീവിച്ചു.<br>2. ഹാനോക്ക് മറ്റുള്ളവരെപ്പോലെ മരിച്ചില്ല എന്ന് ബബിൾ പറയുന്നു. അവന്റെ ജീവിതാവസാനം ദൈവം അവനെ സ്വർഗ്ഗത്തിലേക്ക് എടുത്തതുകൊണ്ട് അവനെ കാണാതെയായി.<br>3. നോഹ ഹാനോക്കിന്റെ ചെറുമകനാണ്. നോഹയും ഹാനോക്കിനെപ്പോലെ തന്റെ ചുറ്റുപാടുമുണ്ടായിരുന്ന ദുഷ്ടന്മാരായ മനുഷ്യരിൽ നിന്നും വത്യസ്തമായി, നീതിമാനായ മനുഷ്യനും ദൈവത്തോട് അടുത്ത കൂട്ടായ്മയിൽ നടന്നവനുമായിരുന്നു.<br>4. നോഹയുടെ കാലത്തുള്ള ജനങ്ങളുടെ പാപപ്രവൃത്തികൾ ദൈവത്തിന്റെ ഹൃദയത്തെ തകർത്തു. അവൻ അവരെ ഒരു പ്രളയത്താൽ ശിക്ഷിക്കുവാൻ തീരുമാനിച്ചു, എന്നാൽ അവൻ നോഹയെ രക്ഷിച്ചു.<br>5. നോഹയേയും അവന്റെ കുടുംബത്തേയും പ്രളയത്തിൽ നിന്ന് രക്ഷിക്കുവാൻ ദൈവം ഒരു പെട്ടകം ഉണ്ടാക്കുവാനുള്ള നിർദ്ദേശങ്ങൾ നോഹയ്ക്ക് കൊടുത്തു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- നോഹയും വലിയ പ്രളയവും (1) |
| **പുതുക്കുക** | കുറച്ച് കഴിവുകൾ പ്രയോഗിക്കാം! നോഹയുടെയും കുടുംബത്തിന്റെയും പെട്ടകത്തിലുള്ള മൃഗങ്ങളുടെയും വെള്ളത്തിലൂടെ ഒഴുകി പോകുന്ന ഒരു ചിത്രം വരയ്ക്കാം. നിങ്ങളുടെ ചിത്രത്തിന് "ദൈവത്താൽ രക്ഷപ്പെട്ടത് " എന്ന തലക്കെട്ട് കൊടുക്കുക. | ഹാനോക്കും നോഹയും എപ്രകാരമുള്ള വ്യക്തികളായിരുന്നു? അവരെ മറ്റുള്ളവരിൽ നിന്നും വത്യസ്തരാക്കിയത് എന്ത്? |
| **ജീവിക്കുക** | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>ദൈവം നോഹയെ സ്നേഹിക്കുകയും അവന് പ്രളയത്തിൽ നിന്നും രക്ഷപ്പെടുവാൻ ഒരു വഴി ഒരുക്കുകയും ചെയ്തു. ദൈവത്തിന്റെ നിർദ്ദേശങ്ങൾ നോഹ ആദ്യം അനുസരിക്കണമായിരുന്നു. ദൈവം നമ്മോട് ന്യായവിധിക്കായി ഒരുങ്ങിയിരിക്കുവാൻ ആവശ്യപ്പെടുന്നു. നമ്മെ രക്ഷിക്കുന്നതിനുവേണ്ടി ക്രൂശിൽ മരിച്ച കർത്താവായ യേശുക്രിസ്തുവിൽ നാം വിശ്വസിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ അവനിൽ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുണ്ടോ? | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>ക്രിസ്ത്യാനികളെ മറ്റുള്ള ജനങ്ങളിൽ നിന്നും വത്യ്സ്തരാക്കേണ്ടുന്ന ഗുണങ്ങളുടെ പട്ടിക ഒന്നു പരിശോധിച്ചശേഷം ഹാനോക്കിന്റെയും നോഹയുടെയും ദൈവത്തോടുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുക. ദൈവത്തിൽ ആശ്രയിക്കുന്നതിനും ഈ ആഴ്ചയിൽ അവന്റെ വഴികളിൽ നടക്കുന്നതിനും നിങ്ങളെ സഹായിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക. വിശ്വസ്തനായ ഒരു ക്രിസ്ത്യാനിയുടെ ഒരു ഗുണവിശേഷം നിങ്ങൾ തിരഞ്ഞെടുത്തശേഷം ഈ പ്രത്യേക മേഖലയിൽ നിങ്ങളും വളരുന്നതിനായി ദൈവത്തോട് അപേക്ഷിക്കുക. |

| | A2 ലെവൽ 3<br>**പാഠം 3– നോഹയും പ്രളയവും**<br>**വിഷയം – പെട്ടകത്തിനാൽ രക്ഷപ്പെട്ടു** | A2 ലെവൽ 4<br>**പഠനം 3 – നോഹയും പ്രളയവും**<br>**വിഷയം – ദൈവത്തിനായി പ്രവർത്തിക്കുന്നു** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 8:1- 22*<br>*താക്കോൽ വാക്യങ്ങൾ: ഉല്പത്തി 8:1*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം നോഹയേയും അവന്റെ കുടുംബത്തേയും പെട്ടകത്തിലെ മൃഗങ്ങളേയും ഓർക്കുകയും പരിപാലിക്കുകയും ചെയ്തു.<br>2. നോഹയെ ദൈവം പെട്ടകത്തിൽ സംരക്ഷിച്ചതുകൊണ്ട് അവൻ ദൈവത്തോട് നന്ദിയുള്ളവനായിരുന്നു.<br>3. ജീവനുള്ള എല്ലാത്തിനെയും ഇനിയും നശിപ്പിക്കുകയില്ല എന്ന് ദൈവം വാഗ്ദത്തം ചെയ്തു. | *വേദഭാഗം: ഉല്പത്തി 6:14 - 22; 7:1- 24*<br>*താക്കോൽ വാക്യം: എബ്രായർ 11:7*<br>***നാം പഠിക്കുന്നത്:***<br>1. പെട്ടകം പണിയുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ദൈവം നോഹയ്ക്ക് നൽകി.<br>2. ദൈവത്തിന്റെ നിർദ്ദേശങ്ങൾ നോഹ അതേപോലെ അനുസരിക്കുകയും അവൻ രക്ഷപ്രാപിക്കുകയും ചെയ്തു. |
| **അവതരിപ്പിക്കുക** | 1. നിങ്ങളുടെ കുടുംബമോ കൂട്ടുകാരോ അദ്ധ്യാപകരോ നിങ്ങളെ കരുതുന്ന വഴികളുടെ ഒരു പട്ടിക തയ്യാറാക്കുക.<br>2. ദൈവം നമ്മെ ഓരോദിവസവും കരുതുന്ന സകല വഴികളുടെയും ഒരു പട്ടിക തയ്യാറാക്കുക.<br>3. നമ്മുടെ കുടുംബത്തോടും സുഹൃത്തുക്കളോടും അദ്ധ്യാപകരോടും അവർ നമുക്കുവേണ്ടി ചെയ്യുന്ന എല്ലാത്തിനും നന്ദിയുള്ളവരായിരിക്കേണ്ടതിന്റെ പ്രാധാന്യം ഗ്രൂപ്പിലുള്ളവരെ ഓർമ്മപ്പെടുത്തുക. അതിനേക്കാളും പ്രാധാന്യമേറിയത്, നാം ആശ്രയം അർപ്പിക്കുമ്പോൾ നമ്മെ രക്ഷിക്കുന്ന ദൈവത്തിന് നന്ദി പറയുന്നതാണ്. | വിമാനത്തിലും കപ്പലിലും നൽകുന്ന സംരക്ഷണ നിർദ്ദേശങ്ങളെക്കുറിച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്യുക. ആളുകൾ അത് ഗൗരവമായി എടുക്കാറുണ്ടോ? എന്തുകൊണ്ട്? എന്തുകൊണ്ടില്ല? ദൈവം നൽകിയ ഓരോ നിർദ്ദേശങ്ങളും നോഹ അനുസരിച്ചു എന്നതിന്റെ പ്രാധാന്യം എന്താണ്? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ദൈവം നോഹയേയും കുടുംബത്തേയും പെട്ടകത്തിലുണ്ടായിരുന്ന മൃഗങ്ങളെയും ഓർത്തു. അവൻ ഭൂമിക്ക് മുകളിലൂടെ ഒരു കാറ്റ് അടിപ്പിക്കുകയും പ്രളയത്തിലുണ്ടായ വെള്ളം കുറയുകയും ചെയ്തു.<br>2. 150 ദിവസങ്ങൾക്കു ശേഷം (ആകെ 5 മാസം) അരാരത്ത് എന്നു പേരുള്ള ഒരു മലയുടെ മുകളിൽ പെട്ടകം ഉറച്ചു. രണ്ടര മാസങ്ങൾക്കുശേഷം മറ്റ് പർവ്വതങ്ങളും കാണുവാൻ സാധിക്കും വിധം വെള്ളം വീണ്ടും കുറഞ്ഞുതുടങ്ങി.<br>3. 40 ദിവസങ്ങൾക്കു ശേഷം നോഹ പെട്ടകത്തിന്റെ കിളിവാതിൽ തുറക്കുകയും ഒരു മലങ്കാക്കയെ പുറത്തുവിടുകയും ചെയ്തു, അത് പിന്നെ മടങ്ങി വന്നില്ല. അതിനു ശേഷം അവൻ ഒരു പ്രാവിനെ പുറത്തു വിട്ടു. പ്രാവ് എങ്ങും തന്നെ ഉണങ്ങിയ നിലം കണ്ടില്ല, അതുകൊണ്ട് അത് പെട്ടകത്തിലേക്കു തന്നെ മടങ്ങി വന്നു. 7 ദിവസങ്ങൾക്കു ശേഷം നോഹ വീണ്ടും പ്രാവിനെ പെട്ടകത്തിനു പുറത്തേക്ക് അയച്ചു. ഈ പ്രാവശ്യം അത് മടങ്ങി വന്നപ്പോൾ ഒലിവിന്റെ ഒരു ഇലയും കൊണ്ടുവന്നു. പ്രളയം ഏകദേശം അവസാനിച്ചുവെന്ന് അപ്പോൾ നോഹയ്ക്ക് മനസ്സിലായി. 7 ദിവസങ്ങൾക്കു ശേഷം താൻ വീണ്ടും പ്രാവിനെ പുറത്തു വിട്ടപ്പോൾ അത് പിന്നീട് മടങ്ങി വന്നില്ല.<br>4. അവസാനം, പ്രളയത്തിനു പന്ത്രണ്ടര മാസങ്ങൾക്കു ശേഷം ഭൂമി വീണ്ടും ഉണങ്ങിയിരുന്നു!<br>5. ദൈവം നോഹയോട് അവന്റെ കുടുബത്തോടൊപ്പം മൃഗങ്ങളുമായി പെട്ടകത്തിൽ നിന്നും ഇറങ്ങുവാൻ കല്പിച്ചു.<br>6. നോഹ വളരെ നന്ദിയുള്ളവനായിരുന്നു! അവൻ ഒരു യാഗപീഠം പണിത് ദൈവത്തിന് ഒരു ഹോമയാഗം അർപ്പിച്ചു.<br>7. ദൈവം നോഹയുടെ യാഗത്തിൽ പ്രസാദിച്ചു. ജീവനുള്ള എല്ലാത്തിനേയും ഇനി നശിപ്പിക്കയില്ല എന്ന് ദൈവം വാഗ്ദത്തവും ചെയ്തു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- നോഹയും വലിയ പ്രളയവും (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ഒരു വലിയ പെട്ടകം പണിയുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളും ദൈവം അയയ്ക്കുവാൻ പോകുന്ന പ്രളയത്തിനു വേണ്ടിയ തയ്യാറെടുപ്പുകളെയും കുറിച്ച് ദൈവം നോഹയ്ക്ക് പറഞ്ഞു.<br>2. പ്രളയത്തെക്കുറിച്ച് ഒരു വിശദമായ രീതിയിൽ ദൈവം നോഹയ്ക്ക് മുന്നറിയിപ്പ് നൽകി.<br>3. ദൈവം നോഹയേയും അവന്റെ കുടുംബത്തേയും മൃഗജാലങ്ങലെയും സംരക്ഷിക്കാമെന്ന് വാഗ്ദാനം ചെയ്തു.<br>4. മൃഗങ്ങളെ എപ്രകാരമാണ് രക്ഷിക്കേണ്ടത് എന്നത് ദൈവം വിശദമായി വിവരിച്ചു കൊടുത്തു. നോഹയും അവറ്റെ കുടുംബവും മൃഗജാലങ്ങളും പെട്ടകത്തിനുള്ളിൽ കടന്നു. ദൈവം അവരെ അതിനുള്ളിൽ അടച്ചു.<br>5. പ്രളയം 40 ദിവസങ്ങളോളം തുടരുകയും വലിയ പേമാരിയാൽ പെട്ടകത്തിനു പുറത്ത് ജീവനുള്ള സകലവും നശിച്ചുപോയി. നോഹയും കുടുംബവും അവരോടുകൂടെ പെട്ടകത്തിലുണ്ടായിരുന്ന മൃഗങ്ങളും മാത്രം അവശേഷിച്ചു. പ്രളയത്താലുണ്ടായ വെള്ളത്തിനു മുകളിൽ ഒഴുക്കിക്കൊണ്ട് ദൈവം അവരെ എല്ലാവരേയും സംരക്ഷിച്ചു.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- നോഹയും വലിയ പ്രളയവും (1) |
| **പുതുക്കുക** | ദൈവത്തിന് നന്ദി പറയേണ്ടുന്ന കാര്യങ്ങൾ, പ്രത്യേകിച്ച് രക്ഷ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പോസ്റ്റർ തയ്യാറാക്കുക | നോഹയുടെയും ദൈവത്തിന്റെയും സ്വഭാവത്തെക്കുറിച്ച് നാം എന്താണ് ഈ പാഠത്തിൽ പഠിക്കുന്നത്? അവയെ ഓരോന്നിനെയും വിശേഷിപ്പിക്കുവാൻ നിങ്ങൾ ഉപയോഗിക്കുന്ന വാക്കുകളുടെ ഒരു പട്ടിക തയ്യാറാക്കുക. |
| **ജീവിക്കുക** | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവം നോഹയെ രക്ഷിക്കുകയും അവനെ കരുതുകയും ചെയ്തു. നോഹ ദൈവത്തോട് നന്ദിയുള്ളവനായിരുന്നു. ദൈവം നമ്മെ രക്ഷിക്കുവാനും സംരക്ഷിക്കുവാനും ആഗ്രഹവും കഴിവും ഉള്ളവനാണ്. നാം അവനിൽ ആശ്രയിക്കുകയും നന്ദി പറയുകയും ചെയ്യണം. | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. താക്കോൽ വാക്യം വായിക്കുക. നോഹയുടെ ജീവിതത്തെ നമുക്ക് എപ്രകാരമാണ് അനുഗമിക്കുവാൻ സാധിക്കുന്നത്?<br>2. ഇത് നമുക്കു ചുറ്റും ജീവിക്കുന്ന ജനങ്ങളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്? |

| | | |
|---|---|---|
| | A2 ലെവൽ 3<br>**പാഠം 4– നോഹയും പ്രളയവും**<br>**വിഷയം – പെട്ടകത്തിനു പുറത്ത്** | A2 ലെവൽ 4<br>**പഠനം 4– നോഹയും അവന്റെ കുടുംബവും**<br>**വിഷയം – ദൈവത്തെ ആരാധിക്കുന്നു** |
| | *വേദഭാഗം: ഉല്പത്തി 9:7-17*<br>*താക്കോൽ വാക്യം: ഉല്പത്തി 9:15*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം നോഹയോട് ഉടമ്പടിയോടുകൂടെ ഒരു വാഗ്ദത്തം നൽകി. താൻ ഇനിയും ഭൂമിയിലെ സകല ജീവജാലങ്ങളെയും ഒരു പ്രളയത്താൽ നശിപ്പിക്കയില്ലെന്ന് സത്യം ചെയ്തു.<br>2. ദൈവത്തിന്റെ സത്യത്തെ സൂചിപ്പിക്കുവാൻ അവൻ ആകാശത്ത് മഴവില്ല് സ്ഥാപിച്ചു. | *വേദഭാഗം: ഉല്പത്തി 8:1-22; 9:11-16*<br>*താക്കോൽ വാക്യം: എഫെസ്യർ 2:8*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം നോഹയെയും അവന്റെ കുടുംബത്തേയും പെട്ടകത്തിലുണ്ടായിരുന്ന ജീവജാലങ്ങളേയും ഓർത്തു.<br>2. നോഹ നന്ദിയുള്ളവനായിരുന്നു! അവൻ പെട്ടകം വിട്ട് ഇറങ്ങിയ ശേഷം, താൻ മറ്റെന്തെങ്കിലും ചെയ്യുന്നതിന് മുമ്പ് അവൻ ദൈവത്തെ ആരാധിച്ചു.<br>3. ഭൂമിയിൽ വസിക്കുന്ന യാതൊന്നിനെയും ഇനി ഒരിക്കലും ഒരു പ്രളയംകൊണ്ട് നശിപ്പിക്കയില്ലെന്ന് ദൈവം സത്യം ചെയ്തു. |
| **അവതരിപ്പിക്കുക** | ആളുകൾ ചെയ്യുന്ന പല തരത്തിലുള്ള സത്യങ്ങളെ ഈരണ്ടു പേരായി ചർച്ച ചെയ്യുക. ആളുകൾ എപ്പോഴും അവരുടെ സത്യങ്ങൾ പാലിക്കാറുണ്ടോ? | ഈരണ്ടായി പിരിയുക: നന്ദി എഴുതി അറിയിക്കുന്ന കാർഡുകളെയും സമ്മാനങ്ങളെയും കുറിച്ച് ചർച്ച ചെയ്യുക. ഇവയെ ആളുകൾ എന്തിനാണ് അയയ്ക്കുന്നത്? നിങ്ങൾ എപ്പോഴെങ്കിലും ഒരെണ്ണം അയച്ചിട്ടുണ്ടോ? എന്തിന്? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ദൈവം നോഹയോടും കുടുംബത്തോടും എണ്ണത്തിൽ പെരുകുവാനും ഭൂമിയിൽ നിറയുവാനും കല്പിച്ചു.<br>2. ദൈവം നോഹയോടും അവന്റെ പുത്രന്മാരോടും സകല മൃഗങ്ങളോടും ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളോടും ഉടമ്പടി എന്ന് വിളിക്കപ്പെടുന്ന ഒരു വിശേഷ സത്യം ചെയ്തു.<br>3. ഭൂമിയേയും അതിലെ ജീവജാലങ്ങളെയും ഇനി ഒരിക്കലും ഒരു പ്രളയത്താൽ നശിപ്പിക്കയില്ല എന്ന് സത്യം ചെയ്തു.<br>4. ദൈവം തന്റെ നിത്യമായ ഉടമ്പടിയുടെ പ്രതീകമായി മേഘങ്ങളിൽ മഴവില്ല് സ്ഥാപിച്ചു. അവൻ ഒരിക്കലും തന്റെ സത്യം ലംഘിക്കുകയില്ല.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- നോഹയും വലിയ പ്രളയവും (1) | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. ദൈവം അയയ്ക്കുവാൻ പോകുന്ന വലിയ പ്രളയത്തെക്കുറിച്ചും ഒരു വലിയ പെട്ടകം പണിയുന്നതിനെക്കുറിച്ചുമുള്ള വിശദമായ നിർദ്ദേശങ്ങൾ താൻ നോഹയ്ക്ക് നൽകി.<br>2. നോഹയെയും അവന്റെ കുടുംബത്തേയും വലിയ പെട്ടകത്തിനുള്ളിലെ ജീവികളെയും രക്ഷിക്കുമെന്ന് ദൈവം സത്യം ചെയ്തു.<br>3. വലിയ പ്രളയം വരികയും 40 ദിവസങ്ങളോളം തുടരുകയും ചെയ്തു. നോഹയൊം കുടുംബവും പെട്ടകത്തിൽ അവർക്കൊപ്പമുണ്ടായിരുന്ന ജീവജാലങ്ങളും മാത്രം അതിജീവിച്ചു.<br>4. പ്രളയം അവസാനിക്കുകയും വെള്ളം സാവധാനത്തിൽ കുറയുകയും ചെയ്തു. പെട്ടകം അരാരത്ത് പർവ്വതത്തിന് മുകളിൽ ഉറച്ചു.<br>5. 40 ദിവസങ്ങൾക്കുശേഷം, നോഹ പെട്ടകത്തിൽ നിന്നും ഒരു മലങ്കാക്കയെ പുറത്തുവിട്ടു. ഭൂമിയിൽ വെള്ളം കുറയുന്നതു വരെ കാക്ക പെട്ടകത്തിലേക്ക് പോയും വന്നും കൊണ്ടിരുന്നു. പിന്നെ അവൻ ഒരു പ്രാവിനെ പുറത്തുവിട്ടു. എന്നാൽ ഉണങ്ങിയ നിലം കണ്ടെത്താനാവാതെ അത് മടങ്ങി വന്നുവെങ്കിലും ഏഴുദിവസം കഴിഞ്ഞ് അതിനെ വീണ്ടും പുറത്തുവിട്ടു. ഈ പ്രാവശ്യം അത് ഒരു ഒലിവ് ഇലയുമായി മടങ്ങി വന്നു. അടുത്ത പ്രാവശ്യം നോഹ അതിനെ വീണ്ടും അയച്ചു, അത് മടങ്ങി വന്നില്ല. നിലം ഉണങ്ങിക്കൊണ്ടേയിരുന്നു.<br>6. ദൈവം നോഹയോടും കുടുംബത്തോടും പെട്ടകത്തിനു പുറത്തു വരാൻ കല്പിക്കയും എണ്ണത്തിൽ വർദ്ധിച്ച് ഭൂമിയിൽ നിറയുവാനും ആവശ്യപ്പെട്ടു.<br>7. ദൈവത്തിന് യാഗമർപ്പിക്കുകയാണ് പെട്ടകത്തിനു പുറത്തു വന്ന ശേഷം നോഹ ആദ്യം ചെയ്തത്.<br>8. ദൈവം നോഹയോടും അവന്റെ പുത്രന്മാരോടും സകല മൃഗങ്ങളോടും ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളോടും ഉടമ്പടി എന്ന് വിളിക്കപ്പെടുന്ന ഒരു വിശേഷ സത്യം ചെയ്തു.<br>9. ഭൂമിയെയും അതിലുള്ള ജീവജാലങ്ങളെയും ഇനി ഒരിക്കലും പ്രളയത്താൽ നശിപ്പിക്കയില്ല എന്ന് ദൈവം സത്യം ചെയ്തു.<br>10. ദൈവത്തിന്റെ നിത്യമായ ഉടമ്പടിയുടെ ഓർമ്മയ്ക്കായി അവൻ മേഘങ്ങളിൽ മഴവില്ല് സ്ഥാപിച്ചു. ഇത് എന്നെന്നേയ്ക്കും നിലനിൽക്കും. അവൻ ഒരിക്കലും തന്റെ സത്യം ലംഘിക്കുകയില്ല.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- നോഹയും വലിയ പ്രളയവും (1) |
| **പുതുക്കുക** | കഴിവുകൾ ഉണർത്തുക! മഴവില്ലിന്റെ ഒരു പോസ്റ്റർ തയ്യാറാക്കുക. അതിന് 'ദൈവം തന്റെ സത്യത്തെ എന്നേയ്ക്കും പാലിക്കുന്നു" എന്ന തലക്കെട്ട് കൊടുക്കുക | ചെറിയ ഗ്രൂപ്പിൽ ചർച്ച ചെയ്തശേഷം വലിയ ഗ്രൂപ്പിൽ അവലോകനം ചെയ്യുക: ഈ പാഠം ആരാധനയെക്കുറിച്ച് നമ്മെ എന്താണ് പഠിപ്പിക്കുന്നത്? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>നോഹയോടുള്ള ദൈവത്തിന്റെ സത്യം നിത്യമായിരുന്നു. ദൈവം തന്റെ വാഗ്ദത്തങ്ങളെ എന്നേയ്ക്കും പാലിക്കുന്നു! ഈ കാര്യം നമ്മുടെ ജീവിതത്തിൽ എന്തു മാറ്റമാണ് ഉളവാക്കേണ്ടത്? | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>നോഹ ദൈവത്തോട് നന്ദിയുള്ളവനായിരുന്നു. നമുടെ ജീവിതത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്കായി, പ്രായോഗികമായ നിലയിൽ, എപ്രകാരമാണ് നമുക്ക് നന്ദി പ്രകടിപ്പിക്കുവാൻ സാധിക്കുന്നത്? |

| | A3 ലെവൽ 3<br>**പാഠം 1– പത്രോസിന്റെ ജീവിതം**<br>**വിഷയം – യേശു പത്രോസിനെ വിളിക്കുന്നു** | A3 ലെവൽ 4<br>**പഠനം 1– പ്രാർത്ഥനാ ജീവിതം**<br>**വിഷയം – ദൈവവിളി** |
|---|---|---|
| | *വേദഭാഗം: മത്തായി 4:17 - 22*<br>*താക്കോൽ വാക്യം: മത്തായി 4:19*<br>***നാം പഠിക്കുന്നത്:***<br>1. യേശു തന്നെ അനുഗമിക്കുന്നതിന് ആളുകളെ വിളിക്കുന്നു.<br>2. യേശുവിനെ അനുഗമിക്കുകയെന്നാൽ അവനിൽ വിശ്വസിച്ച്, മാനസാന്തരപ്പെട്ട് പാപത്തിൽ നിന്നും പിന്തിരിയുക എന്നാണ് അർത്ഥമാക്കുന്നത്. | *വേദഭാഗം: മത്തായി 4:17 - 22; യോഹന്നാൻ 1:35 - 42*<br>*താക്കോൽ വാക്യം: മത്തായി 4:19*<br>***നാം പഠിക്കുന്നത്:***<br>1. അന്ത്രയോസും ഒരുപക്ഷെ യോഹന്നാനും ആണ് ആദ്യം യേശുവിനെ സന്ധിച്ചത്, പിന്നീട് അവർ അവന്റെ ശിഷ്യന്മാരായിത്തീർന്നു.<br>2. യേശു മിശിഹായും രക്ഷകനും ആണെന്ന് അവർ കണ്ടെത്തി. |
| **അവതരിപ്പിക്കുക** | ഏതെങ്കിലും പ്രൊജെക്ടിനോ വിവിധ തരം കളികൾക്കോ ഒരുമിച്ച് നിന്ന് പ്രവർത്തിക്കുന്ന ഒരു ടീമിനെ നിങ്ങൾക്ക് ആവശ്യമാണ്, ഈ വസ്തുതയെക്കുറിച്ച് സംസാരിക്കുക. യേശു തന്റെ ശുശ്രൂഷ ആരംഭിക്കുകയായിരുന്നു. താൻ പോയ ശേഷവും തന്റെ ശുശ്രൂഷ തുടരുന്ന ഒരുപറ്റം ആളുകളെ പരിശീലിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. | ഒരു ഫുട്ബോൾ ടീമിന്റെയോ, പോപ് ഗായകരുടെയോ മറ്റോ ആരാധകരായും അനുയായികളായും ആളുകൾ മാറുന്നത് എങ്ങനെയാണെന്ന് ചർച്ച ചെയ്യുക.<br>യേശു, അവന്റെ സ്വഭാവം, വാക്കുകൾ എന്നിവ ആളുകളെ അവന്റെ അടുക്കലേക്ക് ആകർഷിച്ചത് വിവരിക്കുക. യേശു പ്രത്യേക ആളുകളെ തന്റെ ശിഷ്യന്മാരാക്കിയതിനെ കുറിച്ചും വിവരിക്കുക |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു പ്രസംഗിച്ച സന്ദേശം (4:17)<br>2. പത്രോസും യോഹന്നാനും അവർ തങ്ങളുടെ വലയിറക്കുന്നത് യേശു കണ്ടു.<br>3. കഠിനാധ്വാനം ചെയ്യുന്ന മുക്കുവരെയാണ് യേശു ഒരു ടീമായി തിരഞ്ഞെടുത്തത്. തന്റെ ശുശ്രൂഷ ചെയ്യുവാൻ അവരെ പരിശീലിപ്പിക്കുവാൻ സാധിക്കുമെന്ന് യേശുവിന് അറിയാമായിരുന്നു.<br>4. അവന്റെ വിളിയ്ക്കുള്ള അവരുടെ തൽക്ഷണമായ അനുസരണം<br>5. യേശു യാക്കോബിനെയും യോഹന്നാനെയും വിളിച്ചു, അവരും അവനെ തൽക്ഷണം അനുസരിച്ചു. ഇവരെല്ലാമായിരുന്നു ആദ്യത്തെ ശിഷ്യന്മാർ.<br>താക്കോൽ വാക്യങ്ങൾ വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക - കാർഡ് - അനുയോജ്യമായ കഥ ഇല്ല | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു ദൈവത്തിന്റെ കുഞ്ഞാടാണെന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞു. അന്ത്രയോസും അവന്റെ സുഹൃത്തും യേശു മിശിഹയാണെന്ന് മനസ്സിലാക്കി. (യോഹന്നാൻ 1:35, 41)<br>2. പത്രോസിനെ അന്ത്രയോസ് യേശുവിന് പരിചയപ്പെടുത്തി കൊടുക്കുന്നതിന്റെ പ്രത്യേകത.<br>3. അവർ പിന്നീട് മീൻ പിടിച്ചുകൊണ്ടിരുന്ന സമയത്ത് യേശുവിനെ കണ്ടപ്പോൾ, യേശു തന്നെ അനുഗമിക്കുവാൻ അവരെ വിളിക്കുകയും അവർ ഉടനടി അനുസരിക്കുകയും ചെയ്തതിൽ അതിശയമില്ല.<br>4. അന്ത്രയോസിന്റെ വ്യക്തിപരമായ സാക്ഷ്യത്തിന്റെ ഉദാഹരണം.<br>5. യേശുവിനോടും മറ്റുള്ളവരോട് പറയുന്നതിനോടുമുള്ള വ്യക്തിപരമായ അനുഭവത്തിന്റെ പ്രാധാന്യം.<br>താക്കോൽ വാക്യം വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക - കാർഡ് - അനുയോജ്യമായ കഥ ഇല്ല |
| **പുതുക്കുക** | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. എന്തുകൊണ്ടാണ് യേശു ഈ പ്രതേകപുരുഷന്മാരെ വിളിച്ചത്?<br>2. ദൈവത്തിന്റെ വിളി അനുസരിക്കുക എന്നതുകൊണ്ട് എന്താണ് ഇന്ന് ഉദ്ദേശിക്കുന്നത്?<br>3. ദൈവത്തിന്റെ വിളി അനുസരിക്കുന്നതിൽ ബുദ്ധിമുട്ടിക്കുന്ന സംഗതികൾ എന്ത്?<br>4. യേശു എന്താണ് അവർക്ക് വാഗ്ദാനം നൽകിയത്?<br>(4:19 കാണുക) | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ടെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം?<br>2. ഈ ആദ്യത്തെ ശിഷ്യന്മാരെക്കുറിച്ച് യേശുവിന് ഉണ്ടായിരുന്ന പദ്ധതി എന്തായിരുന്നു?<br>3. ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?<br>4. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി എങ്ങനെ മനസ്സിലാക്കാം? നാം എപ്രകാരമാണ് അതിനോട് പ്രതികരിക്കേണ്ടത്? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ഇന്ന് മാനസാന്തരം കൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്ന് ചർച്ച ചെയ്യുക.<br>2. മാനസാന്തരത്തിന്റെ ഒരു പ്രാർത്ഥന എഴുതിയ ശേഷം അത് ചവറ്റുതൊട്ടിയിൽ നിക്ഷേപിക്കുക.<br>3. ഇന്നുള്ള പ്രശസ്തരായ ക്രിസ്ത്യാനികളുടെ വിളിയെക്കുറിച്ച് അന്വേഷിക്കുക ഉദാ: ഡേവിഡ് ലിവിംഗ്സ്റ്റൺ. | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവത്തെ ഇന്ന് നമുക്ക് ഏതെല്ലാം വഴികളിൽ സാക്ഷ്യപ്പെടുത്താം എന്ന് ചർച്ച ചെയ്യുക.<br>2. യേശുവിന്റെ ചില പേരുകളും സ്ഥാനനാമങ്ങളും കുറിക്കുക |

| | A3 ലെവൽ 3<br>**പാഠം 2 – പത്രോസിന്റെ ജീവിതം**<br>**വിഷയം – വലിയ മീൻപിടുത്തം** | A3 ലെവൽ 4<br>**പഠനം 2– പത്രോസിന്റെ ജീവിതം**<br>**വിഷയം – അവന്റെ വെല്ലുവിളി** |
|---|---|---|
| | *വേദഭാഗം: ലൂക്കോസ് 5:1- 11*<br>*താക്കോൽ വാക്യം: റോമർ 3:23*<br>***നാം പഠിക്കുന്നത്:***<br>1. ശിഷ്യന്മാർ കർത്താവിനെ അനുസരിക്കുവാൻ പഠിച്ചു.<br>2. യേശു വലിയവനും ശക്തനുമാണ്, അവന് ആശ്ചര്യപ്പെടുത്തുന്ന അത്ഭുതങ്ങൾ ചെയ്യുവാൻ സാധിക്കും.<br>3. ദൈവത്തിന് മാനസാന്തരപ്പെടുന്ന ആരെയും ഉപയോഗിക്കുവാൻ സാധിക്കും. | *വേദഭാഗം: മത്തായി 14:22- 33*<br>*താക്കോൽ വാക്യം: മത്തായി 14:33*<br>***നാം പഠിക്കുന്നത്:***<br>1. യേശു ദൈവപുത്രനാണെന്ന് ശിഷ്യന്മാർ പഠിച്ചു. നമ്മുടെ ഭയങ്ങളെ അകറ്റുവാൻ അവൻ കഴിവുള്ളവനാണ്.<br>2. യേശുവിൽ ആശ്രയിക്കുന്നത് നമ്മെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ അതിജീവിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു. |
| **അവതരിപ്പിക്കുക** | സ്കൂളിൽ കുട്ടികൾ പഠിച്ച കാര്യങ്ങൾ മനസ്സിലാക്കിയെന്ന് പരിശോധിക്കുവാൻ പലപ്പോഴും പരീക്ഷകളും ചോദ്യങ്ങളും എങ്ങനെയാണ് നടത്തുന്നതെന്ന് ചർച്ച ചെയ്യുക. ഈ സംഭവത്തിലൂടെ യേശു ശിഷ്യന്മാരുടെ വിശ്വാസവും അനുസരണവുമാണ് പരീക്ഷിച്ചത് | നമ്മുടെ ജനനത്തിൽ ആരംഭിച്ച് മരണം വരെ തുടരുന്ന ജീവിതം ഒരു കപ്പൽ യാത്ര പോലെയാണ് എന്നത് വിവരിക്കുക. ജീവിതം അനായാസമായിരിക്കുന്ന ശാന്ത സമയവും ജീവിതം വൈഷമ്യമാകുന്ന കൊടുങ്കാറ്റിന്റെ സമയങ്ങളും ഉണ്ട്. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു പത്രോസിന്റെ പടകിൽ ഇരുന്നാണ് ജനങ്ങളോട് സംസാരിച്ചത്.<br>2. അവന്റെ പ്രഭാഷണം അവസാനിച്ചപ്പോൾ അവൻ അവരോട് വീണ്ടും മീൻ പിടിക്കുവാൻ പോകുന്നതിന് ആവശ്യപ്പെട്ടു. (അവർ രാത്രി മുഴുവനും മീൻ പിടിക്കുവാൻ അധ്വാനിച്ചിരുന്നു. അവർക്ക് ഒന്നും ലഭിക്കാതെ ക്ഷീണിച്ചും വിശന്നും ഇരുന്നിരുന്നു).<br>3. യേശു കല്പിച്ചപ്രകാരം പത്രോസ് പ്രവർത്തിക്കുകയും അവർ ഒരു വലിയ കൂട്ടം മീൻ പിടിക്കുകയും ചെയ്തു.<br>4. യേശു എത്ര വലിയവനാണെന്നും താൻ എത്രയും നിസ്സാരനാണെന്നും പത്രോസ് തിരിച്ചറിഞ്ഞു! (വാക്യം 8)<br>5. ശിഷ്യന്മാർ സകലവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അവ പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു തന്റെ ആദ്യത്തെ ശിഷ്യന്മാരെ വിളിക്കുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു ഒരു വലിയ അത്ഭുതം ചെയ്തതിനു ശേഷം അവൻ തന്റെ ശിഷ്യന്മാരെ ഗലീല കടലിന് അക്കരെ അയച്ചു.<br>2. യേശു പ്രാർത്ഥിക്കുവാനായി മലയുടെ മുകളിലേക്ക് കയറിപ്പോയി.<br>3. ശിഷ്യന്മാർ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടു.<br>4. യേശു അത് അറിഞ്ഞ് അവരുടെ അടുക്കൽ കടലിന്മേൽ നടന്നുവന്നു.<br>5. പത്രോസിന് യേശുവിന്റെ അടുക്കൽ കടലിന്മീതെ നടന്നു പോകണം എന്ന് ആവശ്യപ്പെട്ടു, അവൻ അപ്രകാരം നടന്നു.<br>6. അവൻ മുങ്ങിത്താഴുവാൻ തുടങ്ങി, അവൻ യേശുവിനെ വിളിക്കുകയും യേശു അവനെ രക്ഷിക്കുകയും ചെയ്തു.<br>7. യേശുവിൽ വിശ്വാസം അർപ്പിക്കേണ്ടതിന്റെ പ്രാധാന്യതയെക്കുറിച്ച് വിവരിക്കുക<br>8. നാം യേശുവിൽ ആശ്രയിക്കുമ്പോൾ, ജീവിതത്തിലെ കൊടുങ്കാറ്റിന്റെ സാഹചര്യങ്ങളിൽ അവന് നമ്മെ എപ്രകാരം രക്ഷിക്കുവാൻ സാധിക്കും എന്ന് വിവരിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 2 പൂർത്തിയാക്കുക.<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു വെള്ളത്തിന് മീതെ നടക്കുന്നു (1) |
| **പുതുക്കുക** | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. വാക്യം 5-ൽ ശിമോൻ പത്രോസിന്റെ ഉത്തരം എന്താണ് അർത്ഥമാക്കുന്നത്?<br>2. പത്രോസിന്റെ പാപത്തെക്കുറിച്ചുള്ള ഏറ്റുപറച്ചിലിൽ നിന്നും എന്തു പാഠങ്ങളാണ് നമുക്ക് പഠിക്കുവാൻ സാധിക്കുന്നത്?<br>3. മാനസാന്തരപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്ന് ചർച്ച ചെയ്യുക.<br>4. നമുക്ക് കർത്താവിനായി എപ്രകാരമാണ് "സകലവും ത്യജിക്കുവാൻ" സാധിക്കുന്നത്? | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. വാക്യം 27-ലെ യേശുവിന്റെ വാക്കുകൾ എപ്രകാരമാണ് നമ്മെ ഉത്സാഹപ്പെടുത്തുന്നത്?<br>2. ഈ ഭാഗത്ത് പത്രോസിന്റെ ഉദാഹരണത്തിൽ നിന്നും നാം എന്താണ് പഠിക്കുന്നത്?<br>3. നമ്മുടെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ നേരിടുന്നതിലൂടെ നമുക്ക് എന്ത് പാഠങ്ങളാണ് പഠിക്കുവാൻ സാധിക്കുന്നത്? |
| **ജീവിക്കുക** | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. വരുന്ന ആഴ്ചയിൽ യേശുവിനെ അനുസരിക്കുവാൻ സാധിക്കുന്ന മൂന്നു വഴികൾ ഏതെല്ലാം?<br>2. ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് വളരെ ശ്രദ്ധാലുവായ ഒരു സമയത്തെക്കുറിച്ച് നിങ്ങളോട് പറഞ്ഞുതരുവാൻ, നിങ്ങൾക്ക് അറിയാവുന്ന ഒരു ക്രിസ്തീയ വിശ്വാസിയോട് ആവശ്യപ്പെടുക. | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ജീവിതത്തിൽ നിങ്ങൾ നേരിട്ട ഒരു പ്രധാനപ്പെട്ട 'കൊടുങ്കാറ്റ് ' ഗ്രൂപ്പായി ചർച്ച ചെയ്യുക. നാം യേശുവിൽ ആശ്രയിക്കുമ്പോൾ ആ സാഹചര്യത്തിൽ അവൻ നമ്മെ എപ്രകാരം രക്ഷിക്കുമെന്നതിനെക്കുറിച്ച് ചിന്തിക്കുക.<br>2. യെശയ്യാവ് 43:2 വായിക്കുക. യേശുവിനെ അനുഗമിക്കുന്നവർ ശ്രദ്ധിക്കുക, എപ്രകാരമാണ് ഈ വാക്യം ഇന്നത്തെ നമ്മുടെ വായനാഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നത്? |

| | A3 ലെവൽ 3<br>**പാഠം 3– പത്രോസിന്റെ ജീവിതം**<br>**വിഷയം – യേശു പത്രോസിനെ രക്ഷിക്കുന്നു** | A3 ലെവൽ 4<br>**പാഠം 3 – പത്രോസിന്റെ ജീവിതം**<br>**വിഷയം – അവന്റെ ഏറ്റുപറച്ചിൽ** |
|---|---|---|
| | *വേദഭാഗം: മത്തായി 14:22 - 33*<br>*താക്കോൽ വാക്യം: മത്തായി 14:33*<br>***നാം പഠിക്കുന്നത്:***<br>1. യേശു ദൈവ പുത്രനാണ്.<br>2. യേശുവിനെ ആശ്രയിക്കുന്നത് നമ്മെ ഭയങ്ങളിൽ നിന്നും ജീവിതത്തിന്റെ കൊടുങ്കാറ്റുകളിൽ നിന്നും അതിജീവിക്കുവാൻ സഹായിക്കുന്നു. | *വേദഭാഗം: മത്തായി 16:23 - 28*<br>*താക്കോൽ വാക്യം: റോമർ 10:9*<br>***നാം പഠിക്കുന്നത്:***<br>1. യേശു " ക്രിസ്തു " അഥവാ " മശീഹ " ആകുന്നു.<br>2. പത്രോസിന് യേശു നൽകിയ ഉത്തരമാണ് സഭയുടെ അടിസ്ഥാനമായിരിക്കുന്നത്. |
| **അവതരിപ്പിക്കുക** | ജീവിതമാകുന്ന കപ്പൽ യാത്രയെക്കുറിച്ച് സംസാരിക്കുക. ജീവിതം ഒരു കപ്പൽ യാത്ര പോലെയാണെന്നും നമ്മുടെ ജനനത്തിൽ ഈ യാത്ര ആരംഭിച്ച് നാം മരിക്കുമ്പോൾ അവസാനിക്കുന്ന യാത്രയാണെന്ന് വിവരിക്കുക. | എല്ലാവരും നേരിടുന്ന ഒരു വലിയ ചോദ്യമായ, യേശു യഥാർത്ഥത്തിൽ ആരാണ് എന്ന് വസ്തുതയെക്കുറിച്ച സംസാരിക്കുക. യേശുവിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന ആളുകൾ യേശു ആരാണ് എന്നതിന് വ്യത്യസ്തമായ ഉത്തരങ്ങളാണ് നൽകിയതെന്നും പിന്നീട് യേശു തന്റെ ശിഷ്യന്മാരോട് താൻ ആരാണെന്നാണ് അവർ ചിന്തിക്കുന്നത് എന്ന് ചോദിച്ചുവെന്നും വിവരിക്കുക. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു വലിയ ഒരു അത്ഭുതം ചെയ്തതിനു ശേഷം അവൻ തന്റെ ശിഷ്യന്മാരെ ഗലീലക്കടലിന് അക്കരെ അയച്ചു.<br>2. യേശു മല മുകളിലേക്ക് പ്രാർത്ഥിക്കുവാൻ പോയി.<br>3. ശിഷ്യന്മാർ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടു.<br>4. യേശു അത് അറിഞ്ഞിട്ട് കടലിന്മീതെ നടന്ന് അവരുടെ അടുക്കൽ എത്തി.<br>5. പത്രോസ് അവന്റെ അടുക്കൽ പോകണം എന്നു പറയുകയും കടലിന്മീതെ നടക്കുകയും ചെയ്തു.<br>6. അവൻ മുങ്ങിത്താഴുവാൻ തുടങ്ങിയപ്പോൾ യേശുവിനെ വിളിക്കുകയും യേശു അവനെ രക്ഷിക്കുകയും ചെയ്തു.<br>7. യേശുവിൽ വിശ്വാസം അർപ്പിക്കേണ്ടതിന്റെ ആവശ്യകത വിവരിക്കുക.<br>8. നാം യേശുവിൽ ആശ്രയിക്കുമ്പോൾ അവൻ നമ്മുടെ ജീവിതത്തിലെ കൊടുങ്കാറ്റുകളിൽ നമ്മെ സഹായിക്കുന്നത് എപ്രകാരമാണെന്നത് വിവരിക്കുക.<br>9. പ്രയാസ സമയങ്ങളിൽ യേശുവിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുക<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു കടലിന്റെ മീതെ നടക്കുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു താൻ സന്ദർശിച്ച ഏറ്റവും വടക്കുഭാഗത്തുള്ള സ്ഥലത്തായിരുന്നു ഉണ്ടായിരുന്നത് (പാഠത്തിലെ ഭൂപടം കാണുക)<br>2. അവൻ ചോദിച്ചു, " ജനങ്ങൾ എന്നെ ആരെന്നു പറയുന്നു? "- നാല് ഉത്തരങ്ങൾ ശ്രദ്ധിക്കുക.<br>3. അവൻ പിന്നീട് ചോദിച്ചു, " നിങ്ങൾ എന്നെ ആരെന്നു പറയുന്നു? " പത്രോസിന്റെ പെട്ടെന്നുള്ള മറുപടി ശ്രദ്ധിക്കുക.<br>4. തന്നെ ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന് വിശ്വസിക്കുന്നവരാൽ രൂപപ്പെടുന്നതാണ് സഭ എന്ന് അവൻ പിന്നീട് വിവരിച്ചു. ഇത് ഒരു കെട്ടിടമല്ല, മറിച്ച് വിശ്വസിക്കുന്നവരുടെ കൂട്ടമാണ്.<br>5. യേശു, താൻ മരിക്കുമെന്നും പിന്നീട് വീണ്ടും ഉയിർത്തെഴുന്നേൽക്കും എന്നും വിവരിച്ചു.<br>6. ഇങ്ങനെ ഒരിക്കലും സംഭവിക്കരുതെന്ന് പത്രോസ് പറഞ്ഞു. കർത്താവ് പത്രോസിനു കൊടുത്ത മറുപടി ശ്രദ്ധിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അനുയോജ്യമായത് ഇല്ല |
| **പുതുക്കുക** | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. നമ്മുടെ ഭയങ്ങളെ നേരിടുവാൻ യേശുവിന് നമ്മെ എപ്രകാരം സഹായിക്കുവാൻ സാധിക്കും?<br>2. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന ചില പൊതുവായ പ്രശ്നങ്ങൾ പറയുക.<br>3. ഈ വേദഭാഗം എപ്രകാരമാണ് സഹായകമാകുന്നത്? | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. നാം സത്യമായും യേശുവിനുള്ളവരാണെന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കാം?<br>2. നാം എപ്രകാരമാണ് സഭയുടെ ഭാഗമായിത്തീരുന്നത്?<br>3. സഭയുടെ ഭാഗമായിത്തീരുന്നതിലുള്ള നല്ല കാര്യങ്ങൾ എന്തെല്ലാം? |
| **ജീവിക്കുക** | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ' ഒട്ടിക്കുന്ന ' പേപ്പറുകളിൽ പ്രശ്നങ്ങൾ എഴുതി ഒരു ചുവർ പ്രദർശനം ഉണ്ടാക്കുക അതിനുശേഷം അവ ഒരു കുരിശിൽ തറയ്ക്കുക.<br>2. ഒരു മഴവില്ല് വരച്ച ശേഷം ബൈബിളിലെ ഏതെങ്കിലും ഒരു വാഗ്ദത്തം അതിൽ എഴുതുക. | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നിങ്ങളുടെ സഭയ്ക്കുവേണ്ടി ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് വ്യക്തിപരമായ പ്രാർത്ഥനകൾ എഴുതുക.<br>2. യേശുവിന്റെ സുവിശേഷം നിങ്ങൾക്ക് പങ്കുവെയ്ക്കുവാൻ സാധിച്ച ഒരാളെക്കുറിച്ച് ചിന്തിക്കുക. |

| | A3 ലെവൽ 3<br>**പാഠം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – യേശു ആരാണ്?** | A3 ലെവൽ 4<br>**പാഠം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – മലയുടെ മുകളിൽ** |
|---|---|---|
| | വേദഭാഗം: മത്തായി 16:13 – 23<br>താക്കോൽ വാക്യം: റോമർ 10:9<br>നാം പഠിക്കുന്നത്:<br>1. ദൈവപുത്രനായ യേശുവിനെക്കുറിച്ച് നാം നിശ്ചയമായും സാക്ഷ്യം വഹിക്കണം.<br>2. യേശു സഭയുടെ തലയാണ്. | വേദഭാഗം: മത്തായി 17:1 – 13<br>താക്കോൽ വാക്യം: 2 പത്രോസ് 1:16 – 18<br>നാം പഠിക്കുന്നത്:<br>1. ദൈവത്തിന്റെ പുത്രനെന്ന നിലയിൽ യേശു നിസ്തുല്യനാണ്.<br>2. യേശു മോശെയിലും ഏലിയാവിലും വലിയവനാണ് |
| **അവതരിപ്പിക്കുക** | ചില പ്രസിദ്ധരായ വ്യക്തികളെക്കുറിച്ച് സംസാരിക്കുക, അവർ എന്തുകൊണ്ടാണ് പ്രശസ്തരായി അറിയപ്പെടുന്നതെന്ന് ശ്രദ്ധിക്കുക. യേശു പ്രസിദ്ധനായിത്തീർന്നു എന്നാൽ അവൻ യഥാർത്ഥത്തിൽ ആരാണെന്ന് ഇപ്പോഴും അനേക ആളുകൾക്കും അറിയുകയില്ല. | കുട്ടികൾ ഒരിക്കലും മറക്കാത്ത നല്ല ഓർമ്മയുടെ അനുഭവങ്ങളെക്കുറിച്ച് സംസാരിക്കുക. യേശുവിനെ അവന്റെ യഥാർത്ഥ മഹത്വത്തോടെ മലയിൽ വെച്ച് ദർശിച്ച അനുഭവം ആ മൂന്ന് ശിഷ്യന്മാർ ഒരിക്കലും മറക്കുകയില്ല എന്ന് വിശദമാക്കുക. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. യേശു ചോദിച്ചു, 'ജനങ്ങൾ എന്നെ ആരെന്നു പറയുന്നു?" – നാല് ഉത്തരങ്ങൾ ശ്രദ്ധിക്കുക<br>2. പിന്നീട് അവൻ ചോദിച്ചു, " നിങ്ങൾ എന്നെ ആരെന്നു പറയുന്നു?" – പത്രോസിന്റെ ഉടനടിയുള്ള മറുപടി ശ്രദ്ധിക്കുക. പത്രോസിന്റെ ഏറ്റുപറയലിന്റെ പ്രാധാന്യവും ഇത് വിശ്വാസികൾക്ക് എന്താണ് അർത്ഥമാക്കുന്നതെന്നും വിവരിക്കുക.<br>3. തന്നെ ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന് വിശ്വസിക്കുന്നവരാൽ രൂപപ്പെടുന്നതാണ് സഭ എന്ന് താൻ പിന്നീട് വിശദീകരിച്ചു. ഇത് ഒരു കെട്ടിടമല്ല, മറിച്ച് വിശ്വസിക്കുന്നവരുടെ ഒരു കൂട്ടമാണ്!<br>4. താൻ മരിക്കുവാൻ പോവുകയാണെന്നും അതിനുശേഷം വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്നും യേശു പിന്നീട് വിശദമാക്കി.<br>5. അങ്ങനെ ഒരിക്കലും പാടില്ല എന്ന് പത്രോസ് പറഞ്ഞു. കർത്താവ് പത്രോസിനോട് പറഞ്ഞ മറുപടി ശ്രദ്ധിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക – കാർഡ് – അനുയോജ്യമായ ചിത്രം ഇല്ല | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. യേശു തന്നോടൊപ്പം മലയിൽ ആയിരിക്കുവാൻ മൂന്ന് ശിഷ്യന്മാരെ തിരഞ്ഞെടുത്തു.<br>2. അവൻ തന്റെ സകല മഹത്വത്തോടെയും മഹിമയോടെയും മോശെയ്ക്കും ഏലിയാവിനും ഒപ്പം പ്രത്യക്ഷപ്പെട്ടു.<br>3. പത്രോസ് അവിടെ വസിക്കുവാനും അവർക്ക് മൂന്ന് താമസ സ്ഥലങ്ങൾ ഉണ്ടാക്കുവാനും ആഗ്രഹിച്ചു. യേശു മറ്റാരെക്കാളും വളരെ ഉന്നതനാണെന്ന് ദൈവം സ്വർഗ്ഗത്തിൽ നിന്നും അരുളിച്ചെയ്ത് അവരെ ഓർമ്മപ്പെടുത്തി.<br>4. ശിഷ്യന്മാർ വളരെ ഭയപ്പെട്ടു, എന്നാൽ യേശു അവരെ ആശ്വസിപ്പിക്കുകയും അവർക്ക് എന്താണ് സംഭവിച്ചതെന്ന് വിശദീകരിക്കുകയും ചെയ്തു.<br>5. യേശുവിന്റെ നിസ്തുല്യതയെയും അവൻ എത്ര അതിശയവാനായ വ്യക്തിയാണെന്നതും വിവരിക്കുക.<br>6. നമ്മുടെ ജീവിതത്തിൽ യേശുവിന് പ്രഥമസ്ഥാനം നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പഠനം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക – കാർഡ് – യേശു രൂപാന്തരപ്പെട്ടു (1) |
| **പുതുക്കുക** | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. പത്രോസിന്റെ വാക്കുകൾ (വാക്യം 22) വളരെ തെറ്റായിരുന്നത്?<br>2. ദൈവത്തെ സേവിക്കുന്നതിൽ നമ്മുടെ സഭയ്ക്ക് നമ്മെ എപ്രകാരമാണ് നന്നായി സഹായിക്കുവാൻ കഴിയുന്നത്?<br>3. യേശു യഥാർത്ഥത്തിൽ ആരാണെന്ന് മറ്റുള്ളവരോട് പറഞ്ഞുകൊണ്ട് നമുക്ക് നല്ല സാക്ഷികളായിത്തീരുവാൻ കഴിയുന്നത് എങ്ങനെയാണ്? | കുട്ടികൾക്കുള്ള ചോദ്യങ്ങൾ<br>1. പത്രോസ് യേശു രൂപാന്തരപ്പെട്ടത് സാക്ഷ്യം വഹിച്ചു എന്നത് എന്തുകൊണ്ടാണ് പ്രാധാന്യമർഹിക്കുന്നത്?<br>2. ശിഷ്യന്മാർ ഈ അനുഭവത്തിൽ നിന്നും എന്തു പഠിച്ചുവെന്നാണ് നിങ്ങൾ കരുതുന്നത്?<br>3. നമ്മുടെ ജീവിതത്തിൽ എപ്രകാരമാണ് യേശുവിന് പ്രഥമസ്ഥാനം കൊടുക്കുവാൻ സാധിക്കുന്നത്? |
| **ജീവിക്കുക** | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ഒരു സഭയുടെ രേഖാരൂപം വരച്ചശേഷം സഭയിലെ കുടുംബങ്ങളായിത്തീർന്നതിന്റെ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അതിനുള്ളിൽ എഴുതി ഒരു ചുവർ പ്രദർശനം ഉണ്ടാക്കുക.<br>2. നിങ്ങൾ സാക്ഷ്യം പങ്കുവെയ്ക്കുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയെക്കുറിച്ച് എഴുതിയ ശേഷം സ്ഥിരമായി പ്രാർത്ഥനയിൽ ഉൾപ്പെടുത്തുക. | ***ഈ പഠനം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. യേശുവിന് പ്രഥമസ്ഥാനം കൊടുക്കുന്നതിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കുന്ന കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.<br>2. വാക്യം 5 ൽ 'ഇവന് ചെവികൊടുപ്പിൻ" പ്രസ്താവിച്ചിരിക്കുന്നു. ദൈവം നിങ്ങളോട് പറയുന്നത് കേൾക്കുന്നതിന് ഈ ആഴ്ചയിൽ സമയം കണ്ടെത്തുക. |

| | | |
|---|---|---|
| | A4 ലെവൽ 3<br>**പാഠം 1 – പത്രോസിന്റെ ജീവിതം**<br>**വിഷയം – സ്നേഹത്തിന്റെ ഉദാഹരണം** | A4 ലെവൽ 4<br>**പാഠം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – താഴ്മയിലെ പാഠങ്ങൾ** |
| | *വേദഭാഗം: യോഹന്നാൻ 13:1- 17*<br>*താക്കോൽ വാക്യം: യോഹന്നാൻ 13:15*<br>***നാം പഠിക്കുന്നത്:***<br>1. യേശു ഒരു യഥാർത്ഥ ശുശ്രൂഷകനായിരുന്നു.<br>2. നാമും മറ്റുള്ളവരെ ശുശ്രൂഷിക്കണം | *വേദഭാഗം: യോഹന്നാൻ 13:1- 17*<br>*താക്കോൽ വാക്യം: യോഹന്നാൻ 13:15*<br>***നാം പഠിക്കുന്നത്:***<br>1. ദൈവത്തിന്റെ ഹിതത്തെ അനുസരിക്കുന്ന ഒരു താഴ്മയുള്ള ദാസനായിരുന്നു യേശു.<br>2. ക്രിസ്തീയ ശുശ്രൂഷയിലെ കാതലായ ഭാഗം താഴ്മയാണ്. |
| **അവതരിപ്പിക്കുക** | യേശു ജീവിച്ചിരുന്ന ദേശം ചൂടുള്ളതും വരണ്ടതുമായിരുന്നു. (കുട്ടി ജീവിക്കുന്ന ദേശവുമായി താരതമ്യം ചെയ്യുക) ആളുകൾ പൊടി നിറഞ്ഞ വഴിയിലൂടെയാണ് നടന്നിരുന്നത്. അവർ നടന്ന് ഒരു വീട്ടിൽ എത്തിച്ചേരുമ്പോൾ ആ വീടിന്റെ ഉടയവൻ അവർക്ക് ഭക്ഷണം നൽകുന്നതിനു മുമ്പ് അതിഥികളുടെ കാലുകൾ കഴുകിയെന്ന് ഉറപ്പാക്കുമായിരുന്നു. (കുട്ടിയുടെ നാട്ടിൽ ഒരു വീട്ടിൽ കയറുന്നതിന് മുമ്പ് അനുവർത്തിക്കേണ്ട ഏതെങ്കിലും സാംസ്കാരിക മര്യാദകളെക്കുറിച്ച് ഒരു പക്ഷെ ചിന്തിക്കാവുന്നതാണ്) | യശു കർത്താവ് ക്രിസ്തീയ ജീവിതത്തിന്റെ പ്രധാന സത്യങ്ങളെക്കുറിച്ച് പലപ്പോഴും തന്റെ ഉപമകളിലൂടെ വിശദീകരിച്ചിട്ടുണ്ട്. ഈ അവസരത്തിൽ " പ്രവൃത്തികളുടെ ഉപമ" എന്നു വിശേഷിപ്പിക്കാവുന്ന ഉപമകളിലൂടെ തന്റെ ഉപദേശം വിശദീകരിച്ചു. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. യേശു ക്രൂശിക്കപ്പെടുന്നതിനും ഒരു ദിവസം മുമ്പ്, അവൻ അവന്റെ ശിഷ്യന്മാർക്കൊപ്പം അവസാനത്തെ അത്താഴം കഴിക്കുകയായിരുന്നു.<br>2. കാലുകൾ കഴുകുക എന്ന സാധാരണ ഗതിയിൽ ചെയ്തുവരുന്ന ആചാരം ചെയ്യുവാൻ ആരും തന്നെ ശ്രദ്ധവെച്ചില്ല. യേശു അത് അനുവർത്തിക്കുവാൻ തയ്യാറെടുത്തിരുന്നു. (വാക്യങ്ങൾ 4, 5)<br>3. യേശു തന്റെ കാലുകൾ കഴുകുവാൻ പാടില്ല എന്ന് പത്രോസ് പറഞ്ഞു.<br>4. താൻ ഇത് ചെയ്യേണ്ടതാണെന്നും, അല്ലാത്ത പക്ഷം പത്രോസിന് തന്നോട് ഒരു പങ്കും ഇല്ലെന്നും യേശു പ്രസ്താവിച്ചു. (വാക്യം 8)<br>5. നാം എല്ലാവരും പാപത്താൽ മലിനപ്പെട്ടവരാണെന്നും നമ്മുടെ പാപങ്ങളിൽ നിന്ന് നാം കഴുകൽ പ്രാപിക്കുകയോ ശുദ്ധീകരണം നേടുകയോ ചെയ്യണം എന്നുമാണ് യേശു അവരുടെ കാലുകൾ കഴുകിയതിലൂടെ വെളിപ്പെടുത്തിയത്. ഈ കാര്യം യേശുവിനും മാത്രമേ ചെയ്യുവാൻ സാധിക്കൂ കാരണം അവനാണ് നമുക്കായി ക്രൂശിൽ മരിച്ചത്.<br>6. മറ്റുള്ളവർക്കുവേണ്ടി നാം ഏതു ചെറിയ ജോലിയും ചെയ്യുവാൻ തയ്യാറായിരിക്കണം എന്നുമാണ് യേശു ഈ പ്രവർത്തിയിലൂടെ വ്യക്തമാക്കിയത്.<br>7. ഓരോരുത്തരും പരസ്പരം കാലുകൾ കഴുകുന്നതിന്റെ പ്രാധാന്യത വിശദമാക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശു ശിഷ്യന്മാരുമായി പെസഹാ ആചരിക്കുകയും യിസ്രായേൽ മിസ്രയീമിൽ നിന്നു പുറപ്പെട്ടപ്പോൾ സംഭവിച്ച എല്ലാ കാര്യങ്ങളെയും ഓർക്കുകയും ചെയ്തു.<br>2. ഈ വിരുന്നു സമയത്താണ് താൻ വളരെ പ്രധാനപ്പെട്ട രണ്ട് പാഠങ്ങൾ പഠിപ്പിച്ചത്.<br>3. ആദ്യം, താൻ ഒരു ദാസന്റെ സ്ഥാനത്തുനിന്ന് ശിഷ്യന്മാരുടെ കാലുകൾ കഴുകി. താൻ ഏത് എളിമയുള്ള വേലയും ചെയ്യുവാൻ തയ്യാറാണെന്ന് വെളിപ്പെടുത്തുകയും അവരുടെ മുമ്പാകെ ഒരു നല്ല മാതൃക കാഴ്ചവെയ്ക്കുകയും ചെയ്തു. (താക്കോൽ വാക്യം കാണുക).<br>4. എല്ലാവരും പാപത്തിൽ നിന്നും കഴുകൽ പ്രാപിക്കണമെന്ന് താൻ ഈ കാര്യത്തിലൂടെ വെളിപ്പെടുത്തി (ഒരു കുളിയുടെ ഉദാഹരണത്തിലൂടെ താൻ ഈ കാര്യം വെളിപ്പെടുത്തി- വാക്യം 10) എന്നാൽ ഒരിക്കൽ ക്രിസ്ത്യാനിയായ ശേഷം ഓരോ ദിവസവും നമ്മുടെ കാലുകൾ കഴുകേണ്ടത് ആവശ്യമാണ് കാരണം ഓരോ ദിവസവും നാം പാപം ചെയ്യുന്നതുകൊണ്ട് ഓരോ പ്രാവശ്യവും ക്ഷമിക്കപ്പെടേണ്ടത് ആവശ്യമാണ്.<br>5. കുട്ടികളെ ഈ കാര്യം മനസ്സിലാക്കുന്നതിന് കർത്താവ് പത്രോസിനോട് പറഞ്ഞ കാര്യം ശ്രദ്ധിക്കുക<br>6. രണ്ടാമത്, താൻ അപ്പവും വീഞ്ഞും എടുത്തശേഷം, അപ്പം ക്രൂശിക്കപ്പെടുവാൻ പോകുന്ന തന്റെ ശരീരത്തെയും വീഞ്ഞ് ക്രൂശിൽ ചൊരിയപ്പെടേണ്ട തന്റെ രക്തത്തെയും സൂചിപ്പിക്കുന്നുവെന്ന് വിശദീകരിച്ചു (ലൂക്കോസ് 22:19 - 20 കാണുക)<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നു |
| **പുതുക്കുക** | 1. അടുത്ത ആഴ്ചയിൽ വിശ്വാസികൾ പരസ്പരം ശുശ്രൂഷിക്കാവുന്ന ഒരു പ്രായോഗിക കാര്യം ചർച്ച ചെയ്യുക.<br>2. അടുത്തവർഷം സഭയ്ക്ക് പുറത്തുള്ള ഒരു കൂട്ടം ആളുകളെ നിങ്ങൾക്ക് പ്രായോഗികമായി ശുശ്രൂഷിക്കുവാൻ കഴിയുന്ന ഒരു വഴിയെക്കുറിച്ച് ചിന്തിക്കുക. | 1. താഴ്മ ഏതെല്ലാം നിലകളിൽ നമുക്ക് പ്രാവർത്തികമാക്കാമെന്ന് ചർച്ച ചെയ്യുക<br>2. ദൈവത്തിന് നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുവാൻ സാധിക്കുന്ന ഒരു പ്രായോഗിക വഴി നിർദ്ദേശിക്കുക<br>3. താഴ്മയോടെയുള്ള സേവനത്തിൽ പേരുകേട്ട ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെക്കുറിച്ച് അന്വേഷിക്കുക |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. യേശു ഭൂമിയിൽ ആയിരുന്നപ്പോൾ മറ്റുള്ളവരെ എങ്ങനെയാണ് ശുശ്രൂഷിച്ചത്?<br>2. നാം ക്രിസ്ത്യാനികൾ ആയിരിക്കുമ്പോൾ തന്നെ നാം പാപം ചെയ്യുന്നവരാണെന്നും ഓരോ ദിവസവും അവന്റെ ശുദ്ധീകരണവും ക്ഷമയും നാം അന്വേഷിക്കണം എന്നും കൂടിയാണ് യേശു പഠിപ്പിച്ചത്. | ***ഈ പാഠം എപ്രകാരമാണ് നമ്മെ വെല്ലുവിളിക്കുന്നത്?***<br>1. ഈ സംഭവത്തിൽ നിന്നും പത്രോസ് പഠിച്ച പാഠങ്ങൾ എന്തെല്ലാം?<br>2. പാപത്തിൽ നിന്നും കഴുകൽ പ്രാപിക്കണമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? കർത്താവിനോട് ഓരോ ദിവസവും അടുത്ത് ജീവിച്ച് അവന്റെ ഹിതം നമ്മുടെ ജീവിതത്തിൽ അനുവർത്തിക്കുവാൻ നാം എന്തു ചെയ്യണം? |

| | A4 ലെവൽ 3<br>**പഠനം 2 – പത്രോസിന്റെ ജീവിതം**<br>**വിഷയം – അവൻ തന്റെ കർത്താവിനെ തള്ളിപ്പറഞ്ഞു** | A4 ലെവൽ 4<br>**പഠനം 2 – പത്രോസിന്റെ ജീവിതം**<br>**വിഷയം – ആത്മാർത്ഥതയുടെ പാഠങ്ങൾ** |
|---|---|---|
| | *വേദഭാഗം: ലൂക്കോസ് 22:31-34, 54-62*<br>*താക്കോൽ വാക്യം: ലൂക്കോസ് 22:31-32*<br>***നാം പഠിക്കുന്നത്:***<br>1. നാം യേശുവിനുള്ളവർ എന്നു പറയുന്നത് പ്രയാസമുള്ള കാര്യമാണ്.<br>2. നാം എപ്പോഴും സത്യം പറയുവാൻ ശ്രമിക്കണം. | *വേദഭാഗം: ലൂക്കോസ് 22:31-34. 39-62*<br>*താക്കോൽ വാക്യം: ലൂക്കോസ് 22:31-32*<br>***നാം പഠിക്കുന്നത്:***<br>1. ആത്മവിശ്വാസത്തെ അവഗണിക്കുകയും യേശുവിൽ ആശ്രയിക്കുകയും വേണം<br>2. പത്രോസിനെപ്പോലെ നാം നമ്മുടെ പാപങ്ങളെക്കുറിച്ച് ശരിക്കും മനസ്താപമുള്ളവരാകണം |
| **അവതരിപ്പിക്കുക** | കുട്ടികൾ കള്ളം പറയുവാൻ സാധ്യതയുള്ളതോ അഥവാ സത്യം മുഴുവനായും പറയാത്തതോ ആയ സാഹചര്യങ്ങളെ വിലയിരുത്തുക. ചില സമയങ്ങളിൽ സത്യം പറയുവാൻ വളരെ ഭയപ്പെടുവാനുള്ള കാരണങ്ങൾ വിശകലനം ചെയ്യുക. പത്രോസും ഇപ്രകാരമുള്ള ഒരു സാഹചര്യത്തിൽ എത്തിച്ചേർന്നതിനെക്കുറിച്ച് വിവരിക്കുക. | പതോസ് യേശുവിനെ ഒരിക്കലും തള്ളിപ്പറയുകയില്ല എന്നതിൽ അഹങ്കരിച്ചിരുന്നു, അവനു വേണ്ടി തടവിൽ ആവുകയോ മരിക്കുക പോലും ചെയ്യുമെന്ന് പറഞ്ഞു.<br>(ലൂക്കോസ് 22:33) വീഴ്ചയ്ക്കു മുമ്പ് ഉന്നതഭാവം വരുമെന്ന് നമുക്ക് അറിയാം. (സദൃശവാക്യം 16:18) പത്രോസിനെ സംബന്ധിച്ച്, നാശകരമായ വീഴ്ചയ്ക്കു മുമ്പ് അഹങ്കാരം വന്നു. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. യേശുവിനെ ബന്ധിയാക്കിക്കൊണ്ടുപോയ കൂട്ടത്തെ പത്രോസ് മഹാപുരോഹിതന്റെ വീടു വരെ അനുഗമിച്ചു.<br>2. ആ വീട്ടിലെ മുറ്റത്തുണ്ടായിരുന്ന ചില ആളുകളുമായി കൂടിച്ചേർന്നു<br>3. അവൻ യേശുവിന്റെ സുഹൃത്തോ ശിഷ്യനോ ആണോ എന്ന് ചിലർ ചോദിക്കുകയും മൂന്നുപ്രാവശ്യം അവൻ യേശുവിനെ അറിയുകയില്ല എന്ന് തള്ളിപ്പറയുകയും കള്ളം പറയുകയും ചെയ്തു.<br>4. യേശു പത്രോസിനെ നോക്കി, കോഴി കൂകിയപ്പോൾ പത്രോസ് താൻ ചെയ്തതിനെക്കുറിച്ച് മനസ്സിലാക്കി. അവൻ പുറത്തുപോയി അതി ദു:ഖത്തോടെ കരഞ്ഞു. യേശുവിന്റെ ആവശ്യ സമയത്ത് പത്രോസ് അവനെ കൈവിട്ടു. ധൈര്യശാലിയാകേണ്ടതിനു പകരം അവൻ ഭീരുവായിത്തീർന്നു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക<br>1. പത്രോസ് വളരെ ചിന്താകുലനായിട്ടുണ്ടാവും. യേശു തള്ളിപ്പറയലിനെക്കുറിച്ച് തന്നോട് പറഞ്ഞ കാര്യം അവന് അറിയാമായിരുന്നു. (22:34) യേശുവിനെ യേശുവിനെ പിൻതാങ്ങുവാൻ തക്കവണ്ണം ശക്തനാണ് താനെന്ന് പത്രോസ് വിചാരിച്ചു.<br>2. എന്നാൽ ശരിക്കുമുള്ള സന്ദർഭത്തിൽ അവൻ സത്യം സംസാരിക്കുന്നതിന് വളരെ ഭയപ്പെട്ടു. യഥാർത്ഥത്തിൽ യേശു പറഞ്ഞ പ്രകാരം മൂന്നു പ്രാവശ്യം അവൻ തള്ളിപ്പറഞ്ഞു.<br>3. യേശുവിനെ കൈവിട്ടത് അവന് എപ്രകാരം അനുഭവപ്പെട്ടിട്ടുണ്ടാവുമെന്ന് ചിന്തിക്കുക<br>4. പത്രോസിന്റെ പ്രലോഭനത്തിന്റെ സ്വഭാവം ചർച്ച ചെയ്യുക<br>5. നാം പോകുന്ന സ്ഥലങ്ങളെയും നാം ഇടകലരുന്ന ആളുകളെയും നാം ചിന്തിക്കുന്ന കാര്യങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പതോസ് യേശുവിനെ തള്ളിപ്പറയുന്നു |
| **പുതുക്കുക** | 1. യേശുവിനോട് ചേർന്നു നിൽക്കുന്നതിൽ പ്രയാസപ്പെടുത്തുന്ന കാരണങ്ങൾ ഏതെല്ലാമെന്നതിന്റെ ഒരു പട്ടിക തയ്യാറാക്കുക<br>2. പത്രോസ് യേശുവിനെ കൈവിട്ടു; അവൻ എപ്പോഴെങ്കിലും ക്ഷമിക്കപ്പെടുമോ?<br>3. ദാവീദ് ബേത്ശേബയോടുള്ള തന്റെ പാപം എപ്രകാരമാണ് സങ്കീർത്തനം 51-ൽ ഏറ്റുപറഞ്ഞ് യഥാസ്ഥാനപ്പെട്ടത്? (2 ശമൂവേൽ 11) | 1. നല്ല സുഹൃത്തുക്കളിൽ നാം ശ്രദ്ധിക്കേണ്ടുന്ന ഗുണങ്ങൾ എന്തെല്ലാമെന്നതിന് ഒരു പട്ടിക തയ്യാറാക്കുക<br>2. ഈ ആഴ്ചയിൽ യേശുവിനോട് വിശ്വസ്തത പുലർത്തുവാൻ സാധിക്കുന്ന ഒരു വഴി നിർദ്ദേശിക്കുക<br>3. സംഭവിക്കുവാൻ പോകുന്നതിനെക്കുറിച്ച് യേശു പത്രോസിന് മുന്നറിയിപ്പു നൽകിയതിലൂടെ യേശു എന്താണ് അർത്ഥമാക്കിയതെന്ന് ചിന്തിക്കുക (ലൂക്കോസ് 22:32) |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. തങ്ങൾ യേശുവിനുള്ളവരാണെന്ന് പറയുന്നതിൽ ചിലപ്പോൾ ക്രിസ്ത്യാനികൾ പ്രയാസപ്പെടുന്നത് എന്തുകൊണ്ട്?<br>2. സത്യം പറയുന്നതിൽ നിന്നും നമ്മെ തടുക്കുന്നത് എന്ത്? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നമ്മുടെ പാപത്തെക്കുറിച്ച് നാം യഥാർത്ഥമായും പശ്ചാത്താപമുള്ളവരാണെന്ന് നമുക്ക് എപ്രകാരം വെളിപ്പെടുത്തുവാൻ സാധിക്കും?<br>2. എപ്രകാരമുള്ള കൂട്ടുകാരുമായാണ് നാം ഓരോ ദിവസവും ഇടപഴകേണ്ടത് എന്ന് എങ്ങനെ തീരുമാനിക്കാം? |

| | A4 ലെവൽ 3<br>**പഠനം 3 – പത്രോസിന്റെ ജീവിതം**<br>**വിഷയം – യേശു കർത്താവ് മരിക്കുന്നു** | A4 ലെവൽ 4<br>**പഠനം 3 – പത്രോസിന്റെ ജീവിതം**<br>**വിഷയം – ദു:ഖത്തിലും സന്തോഷത്തിലുമുള്ള പാഠങ്ങൾ** |
|---|---|---|
| | *വേദഭാഗം: മർക്കോസ് 15:22-40*<br>*താക്കോൽ വാക്യം: ഗലാത്യർ 2:20*<br>***നാം പഠിക്കുന്നത്:***<br>1. യേശു പാപരഹിതനും സമ്പൂർണ്ണനും ആണ്<br>2. നമുക്കുവേണ്ടിയുള്ള യേശുവിന്റെ ക്രൂശിലെ മരണത്തിന് നാം നന്ദിയുള്ളവരായിരിക്കണം | *വേദഭാഗം: ലൂക്കോസ് 24:1-12+ 33-49*<br>*താക്കോൽ വാക്യം: ലൂക്കോസ് 24:46-47*<br>***നാം പഠിക്കുന്നത്:***<br>1. യേശു നമ്മുടെ പാപത്തിന്റെ ശിക്ഷ വഹിച്ചു അതുകൊണ്ട് നമുക്ക് രക്ഷ നേടുവാൻ സാധിച്ചു<br>2. യേശു നമുക്ക് ക്ഷമയും നിത്യ ജീവനും നൽകുന്നു. |
| **അവതരിപ്പിക്കുക** | പത്രോസ് ചെയ്തതുപോലെ കുട്ടികൾ മറ്റാരെയെങ്കിലും ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അവർ എന്തു ചെയ്യും എന്നത് ചർച്ച ചെയ്യുക? | യേശു ക്രൂശിലായിരുന്നപ്പോൾ പത്രോസ് എന്തു ചെയ്യുകയായിരുന്നുവെന്ന് നമുക്ക് വാസ്തവത്തിൽ അറിയുകയില്ലായിരുന്നു എന്നത് വിവരിക്കുക, എന്നാൽ ഉയിർപ്പിന്റെ ദിവസം അവൻ കല്ലറയ്ക്കൽ പോയിരുന്നുവെന്നത് നമുക്കറിയാം, അന്നേ ദിവസം അവൻ യേശുവിനെ കണ്ടുമുട്ടിയ കാര്യം ബൈബിൾ വ്യക്തമാക്കുന്നു. (വാക്യം 34 കാണുക) |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>1. യേശുവിനെ ക്രൂശിക്കുവാനായി പട്ടണത്തിനു പുറത്തേക്ക് കൊണ്ടുപോയത് എങ്ങനെയാണെന്ന് വിവരിക്കുക<br>2. യേശുവിനെ എപ്രകാരമാണ് സ്വീകരിച്ചതെന്നും അവന്റെ ചുറ്റും നിന്നവർ അവനെ എപ്രകാരം നിന്ദിച്ചുവെന്നും പരിഹസിച്ചുവെന്നും വിവരിക്കുക<br>3. മൂന്നു മണിക്കൂറുണ്ടായിരുന്ന ഇരുട്ട് വളരെ അത്ഭുതാവഹമായതും നമ്മുടെ പാപങ്ങൾക്കുവേണ്ടി ശിക്ഷിക്കപ്പെടുന്ന പുത്രനെ ദൈവത്തിന് നോക്കുവാൻ കഴിയാതെയിരുന്നുവെന്ന് നമുക്ക് മനസ്സിലാകുന്നതിനും ആണെന്ന് വിവരിക്കുക.<br>4. നമ്മൾ മുഖാന്തിരമുള്ള പാപത്തിന്റെ ശിക്ഷയാണ് യേശു ആ സമയത്ത് വഹിച്ചത്.<br>5. യേശു യഥാർത്ഥത്തിൽ മരിച്ചപ്പോൾ എന്താണ് സംഭവിച്ചത്? (വാക്യങ്ങൾ 38-39) 6. ക്രൂശിന്നരികെ നിന്ന ശതാധിപന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വിവരിക്കുക<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു ക്രൂശിതനായി മരിച്ചു | ബൈബിൾ കഥ അവതരിപ്പിക്കുക<br>1. ഉയിപ്പിന്റെ ദിവസം അതിരാവിലെ സ്ത്രീകൾ കല്ലറയുടെ അടുക്കൽ പോയത് വിവരിക്കുക<br>2. അവർ കണ്ടതും അവർക്കു ലഭിച്ച സന്ദേശവും എന്തെല്ലാമെന്ന് വിവരിക്കുക<br>3. പത്രോസ് ഈ വാർത്ത കേട്ടപ്പോൾ അവൻ എന്താണ് ചെയ്തത് എന്ന് വിവരിക്കുക (വാക്യം 12)<br>4. യേശു ജീവിച്ചിരിക്കുന്നുവെന്ന് ചിലർക്ക് വിശ്വസിക്കുവാൻ പ്രയാസമായത് എന്തുകൊണ്ടെന്ന് ചർച്ച ചെയ്യുക<br>5. യേശു കർത്താവ് അവർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ എന്താണ് സംഭവിച്ചതെന്ന് വിവരിക്കുക<br>6. പത്രോസിനും കൂട്ടുകാർക്കും ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടപ്പോൾ അത്ഭുതകരമായ സന്തോഷം ഉണ്ടായി<br>7. യേശു തന്റെ കഷ്ടാനുഭവങ്ങൾ എപ്രകാരമാണ് വിവരിച്ചത്? (വാക്യങ്ങൾ 45-47)<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- യേശു മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു ഇന്ന് ജീവിച്ചിരിക്കുന്നു |
| **പുതുക്കുക** | 1. ക്രൂശിന്മേലുള്ള യേശുവിന്റെ മരണത്തിന്റെ പ്രാധാന്യതയെക്കുറിച്ചും, താക്കോൽ വാക്യത്തിന്റെ അർത്ഥത്തെക്കുറിച്ചും വ്യക്തികൾക്കുവേണ്ടി യേശു മരിച്ചതിനെക്കുറിച്ചും ചിന്തിക്കുക<br>2. യേശുവിന്റെ ക്രൂശുമരണത്തിന്റെ പ്രയോജനങ്ങൾ ചർച്ച ചെയ്യുക. യേശുവിന്റെ യാഗത്തെ ഓർമ്മിപ്പിക്കുന്ന ക്രൂശ് നിങ്ങൾക്ക് എവിടെയാണ് പ്രദർശിപ്പിക്കുവാൻ സാധിക്കുന്നത് എന്ന് ചിന്തിക്കുക | 1. നമ്മുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത് വെളിപ്പെടുത്തുന്ന പ്രായോഗിക വഴികൾ ചർച്ച ചെയ്യുക<br>2. യേശുവിന്റെ മരണത്തിന്മേലുള്ള വിജയവും അവന്റെ ഉയിർത്തെഴുന്നേൽപ്പും ആഘോഷിക്കുന്ന പാട്ടിന്റെ വരികൾ ചിട്ടപ്പെടുത്തുക |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. യേശു ക്രൂശിൽ മരിച്ചുവെന്ന് നിങ്ങൾ ചിന്തിക്കുന്നത് എന്തുകൊണ്ട്?<br>2. യേശുവിന്റെ ക്രൂശുമരണത്തിൽ നാം നന്ദിയുള്ളവരാണെന്ന് നമുക്ക് എപ്രകാരം പ്രദർശിപ്പിക്കുവാൻ സാധിക്കും? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. യേശു ജീവിച്ചിരിക്കുന്നുവെന്ന് നമുക്ക് എപ്രകാരം ഉറപ്പാക്കാം?<br>2. നിത്യജീവൻ ലഭിച്ചുവെന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?<br>3. നാം യഥാർത്ഥത്തിൽ ക്ഷമിക്കപ്പെട്ടുവെന്ന് എങ്ങനെ ഉറപ്പാക്കാം? |

| | A4 ലെവൽ 3<br>**പഠനം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – " നീ എന്നെ സ്നേഹിക്കുന്നുവോ? "** | A4 ലെവൽ 4<br>**പഠനം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – സ്നേഹത്തിന്റെ പാഠങ്ങൾ** |
|---|---|---|
| | *വേദഭാഗം: യോഹന്നാൻ 21:1- 17*<br>*താക്കോൽ വാക്യം: യോഹന്നാൻ 21:17*<br>***നാം പഠിക്കുന്നത്:***<br>1. പത്രോസ് ചെയ്തതുപോലെ നാമും യേശുവിനെ തള്ളിപ്പറഞ്ഞാലും നമ്മോട് അവൻ ക്ഷമിക്കും<br>2. ഇടയൻ ആടുകളെ പരിപാലിക്കുന്നതുപോലെ നാം മറ്റുള്ളവരെ കരുതണമെന്നും പഠിപ്പിക്കണമെന്നും യേശു നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. | *വേദഭാഗം: യോഹന്നാൻ 21:1- 20*<br>*താക്കോൽ വാക്യം: യോഹന്നാൻ 21:15*<br>***നാം പഠിക്കുന്നത്:***<br>1. ഒരു പുതിയ തുടക്കം നമുക്ക് നൽകുന്നതിന് യേശു തയ്യാറാണ്<br>2. നമ്മുടെ തോൽവിയിലും യേശുവിന് നമ്മോടുള്ള സ്നേഹത്തിന് കുറവുണ്ടാവുന്നില്ല |
| **അവതരിപ്പിക്കുക** | യേശുവിന്റെ മരണത്തിനു ശേഷം പത്രോസ് തന്റെ ജീവിതം പുനഃരാരംഭിക്കുവാൻ ശ്രമിച്ചു. അവൻ തന്റെ വീട് സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മടങ്ങുകയും തനിക്ക് മുമ്പുണ്ടായിരുന്ന ജോലിയിലേർപ്പെടുകയും ഗലീലക്കടലിൽ മീൻ പിടിക്കുവാനായി പോവുകയും ചെയ്തു. | യേശു താൻ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ ശേഷം താൻ ജീവിച്ചിരിക്കുന്നുവെന്ന് തന്റെ ശിഷ്യന്മാർക്ക് പല സന്ദർഭങ്ങളിലൂടെ താൻ തെളിയിച്ചു. (1 കൊരിന്ത്യർ 15:3 – 8) |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ശിഷ്യന്മാർ രാത്രി മുഴുവനും അധ്വാനിച്ചു എന്നാൽ അവർ ഒന്നും പിടിച്ചില്ല. അവർ തളർന്നും വിശന്നും നിരാശയോടെയും തീരത്തേക്ക് മടങ്ങിയെത്തി<br>2. യേശുകർത്താവ് അവരെ തീരത്തുനിന്ന് വിളിച്ചുവെങ്കിലും അവർ അവനെ തിരിച്ചറിഞ്ഞില്ല. അവരുടെ കൈവശം മീൻ വല്ലതും ഉണ്ടോ എന്ന് അവൻ ചോദിച്ചു.<br>3. അവന്റെ കൽപനയെ അനുസരിച്ച് അവർ പടകിന്റെ അപ്പുറത്ത് വലയിറക്കുകയും ഒരു വലിയ കൂട്ടം മീനുകളെ ലഭിക്കുകയും ചെയ്തു.<br>4. യോഹന്നാൻ അത് കർത്താവാണെന്ന് മനസ്സിലാക്കുകയും പത്രോസ് ഒരുപക്ഷെ അവനെ സന്ധിക്കുന്നതിന് അവന്റെ അടുക്കലേക്ക് നീന്തുവാനും തുടങ്ങി.<br>5. യേശു അവരെ എല്ലാവരെയും പ്രഭാതഭക്ഷണത്തിന് ക്ഷണിക്കുകയും പത്രോസിനോട് അവൻ തന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിക്കുകയും ചെയ്തു.<br>6. പത്രോസ് യേശുവിനെ സ്നേഹിക്കുന്നുവെന്ന് ഉത്തരം പറയുകയും യേശു തന്റെ അനുയായികളെ (ആടുകൾ) നയിക്കുവാനായി ഒരു പുതിയ ജോലി പത്രോസിനെ ഏൽപ്പിക്കുകയും ചെയ്തു.<br>7. എന്തുകൊണ്ടാണ് യേശു പത്രോസിനോട് മൂന്നു പ്രാവശ്യം ഒരേ ചോദ്യം ചോദിച്ചതെന്ന് ചർച്ച ചെയ്യുക<br>8. പത്രോസിന് ഒരു പ്രധാനപ്പെട്ട ഉത്തരവാദിത്വം ഏൽപ്പിക്കത്തക്കവണ്ണം കർത്താവ് അവനോട് എപ്രകാരം ക്ഷമിച്ചുവെന്നത് ചിന്തിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക – കാർഡ്- ഗലീലയിൽ ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനാവുകയും പത്രോസിനോട് ചോദ്യം ചോദിക്കുകയും ചെയ്യുന്നു. | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ഗലീലക്കടലിൽ മീൻ പിടിക്കുവാനായി പോയ ഏഴ് ശിഷ്യന്മാർക്കാണ് ഒരു പ്രാവശ്യം പ്രത്യക്ഷപ്പെട്ടത്<br>2. ഒരു വലിയ കൂട്ടം മീനിനെ പിടിക്കുവാനുള്ള അവസരം നൽകിക്കൊണ്ട് അവൻ ആരാണെന്ന് അവർക്ക് വ്യക്തമാക്കി<br>3. കർത്താവിനൊപ്പം ശിഷ്യന്മാർ പ്രഭാതഭക്ഷണം തീരത്തുവെച്ച് പങ്കുവെച്ചു കഴിച്ചു.<br>4. പത്രോസ് യഥാർത്ഥത്തിൽ മാനസാന്തരപ്പെട്ടുവെന്ന് യേശുകർത്താവിന് ഉറപ്പാക്കണമായിരുന്നു കാരണം തന്റെ ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽപല പ്രാവശ്യം പത്രോസ് തന്നെ ഉപേക്ഷിക്കുവാൻ ഇടയായി.<br>5. മറ്റുള്ളവരുടെ മുമ്പാകെ മൂന്നു പ്രാവശ്യം പത്രോസ് യേശുവിനോടുള്ള തന്റെ സ്നേഹത്തെ വെളിപ്പെടുത്തി.<br>6. ഇപ്പോൾ പത്രോസ് പുതിയ സഭയിൽ കർത്താവിന്റെ അനുയായികളെ സംരക്ഷിക്കേണ്ടുന്ന ഒരു ഇടയനായിത്തീർന്നു. കർത്താവിനെ സേവിക്കുവാൻ അവന് ഇപ്പോൾ രണ്ടാമത് ഒരു അവസരം ലഭിച്ചു.<br>7. നമ്മുടെ പരാജയത്തിലും ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന് കുറവില്ലെന്നും നാം അവനെ സ്നേഹിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നതും ചർച്ച ചെയ്യുക.<br>8. നാം പലപ്പോഴും ദൈവത്തെ തള്ളിപ്പറഞ്ഞാലും അവൻ നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന കാര്യം കുട്ടികളെ ഓർമ്മിപ്പിക്കുക<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക – കാർഡ്- ഗലീലയിൽ ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനാവുകയും യേശു പത്രോസിനോട് ചോദ്യം ചോദിക്കുകയും ചെയ്യുന്നു |
| **പുതുക്കുക** | 1. ഈ ആഴ്ചയിൽ യേശുവിനെ കേൾക്കുവാൻ സമയം കണ്ടെത്തുന്നതിന് ഒരു പ്രായോഗിക വഴി ചർച്ച ചെയ്യുക<br>2. യേശുവിനെ കേൾക്കുകയും അവന്റെ ഇഷ്ടം ചെയ്യുവാനും പഠിച്ച ഏതെങ്കിലും ഒരു പ്രസിദ്ധനായ ക്രിസ്ത്യാനിയെ കണ്ടെത്തുക | 1. ദൈവത്തിന്റെ ക്ഷമയും സ്നേഹവും നമ്മെ എപ്രകാരമാണ് ധൈര്യപ്പെടുത്തുന്നത് എന്ന് ചർച്ച ചെയ്യുക.<br>2. യേശു പുതിയ തുടക്കം നൽകിയ ഏതെങ്കിലും ഒരു പ്രസിദ്ധനായ ക്രിസ്ത്യാനിയുടെ ജീവിതം വിശകലനം ചെയ്യുക. |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. കർത്താവ് നമുക്കുവേണ്ടി ചെയ്ത എല്ലാറ്റിനായും നമുക്ക് അവനോടുള്ള സ്നേഹം പ്രദർശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുക<br>2. യേശുവിനെ താം തള്ളിപ്പറഞ്ഞാലും നാം ശരിയായി മാനസാന്തരപ്പെടുന്ന പക്ഷം അവൻ നമുക്ക് ഒന്നിലധികം അവസരങ്ങൾ നൽകുന്നതിന് തയ്യാറാണെന്നത് മനസ്സിലാക്കുക. | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ എപ്രകാരം വിലയിരുത്തുവാൻ സാധിക്കും?<br>2. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ എപ്രകാരം പ്രവൃത്തികളിലൂടെ തെളിയിക്കുവാൻ സാധിക്കും? |

| | A5 ലെവൽ 3<br>**പഠനം 1 – പത്രോസിന്റെ ജീവിതം**<br>**വിഷയം – പത്രോസ് പ്രസംഗിക്കുന്നു** | A5 ലെവൽ 4<br>**പഠനം 1 – പത്രോസിന്റെ ജീവിതം**<br>**വിഷയം – പെന്തക്കോസ്ത്** |
|---|---|---|
| | *വേദഭാഗം: പ്രവൃത്തികൾ 2:1- 43*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 1:8*<br>***നാം പഠിക്കുന്നത്:***<br>1. യേശുവിന്റെ അനുയായികൾക്ക് പരിശുദ്ധാത്മാവിനെ ദാനമായി ലഭിച്ചു.<br>2. നാം മാനസാന്തരപ്പെട്ട് ദൈവത്തിന്റെ ക്ഷമ സ്വീകരിക്കണം എന്നതായിരുന്നു ശിഷ്യന്മാരുടെ സന്ദേശം | *വേദഭാഗം: പ്രവൃത്തികൾ 2:1- 42*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 2:38*<br>***നാം പഠിക്കുന്നത്:***<br>1. പെസഹ കഴിഞ്ഞ് അഞ്ചു ദിവസങ്ങൾക്കു ശേഷം ആഘോഷിക്കപ്പെടുന്ന ഒരു യഹൂദ ഉത്സവമാണ് പെന്തക്കോസ്ത്.<br>2. പത്രോസിന്റെ പ്രസംഗത്തിനു ശേഷം സഭ സ്ഥാപിക്കപ്പെട്ടു. |
| **അവതരിപ്പിക്കുക** | കുട്ടികളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ അവക്ക് അത് എപ്രകാരമാണ് അനുഭവപ്പെടുന്നത് എന്നത് ചിന്തിക്കുക. പുതിയ സ്കൂൾ, പുതിയ വീട്, കുടുംബ സാഹചര്യങ്ങളിലെ മാറ്റങ്ങൾ. ശിഷ്യന്മാർക്ക് അരുവാൻ പോകുന്ന വലിയ മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക, യേശു കർത്താവ് ഇപ്പോൾ സ്വർഗ്ഗാരോഹണം ചെയ്യുകയും അവന്റെ ശുശ്രൂഷ അവർ തുടരുകയും ചെയ്യണമായിരുന്നു. | ജന്മദിനങ്ങളും വാർഷികങ്ങളും മതപരമായ ആഘോഷങ്ങളും എല്ലാ കുടുംബങ്ങൾക്കും പ്രാധാന്യമുള്ളതാണ് എന്ന വസ്തുത ഓർക്കുക. വരുന്ന മാസങ്ങളിലുള്ള ചില പ്രത്യേക ദിവസങ്ങളെ ശ്രദ്ധിക്കുക. യിസ്രായേൽ മിസ്രയീമിൽ നിന്നും പുറപ്പെടുകയും മോശെമുഖാന്തിരം സീനായ് മലയിൽ വെച്ച് ന്യായപ്രമാണം ലഭിക്കുകയും ചെയ്തപ്പോഴുള്ള പെസഹയ്ക്കും അൻപത് ദിവസങ്ങൾക്കു ശേഷമാണ് ഒരു രാജ്യമെന്ന നിലയിൽ അവർ പെന്തക്കോസ്ത് ആഘോഷിച്ചത്. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. യേശു ശിഷ്യന്മാരോട് വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിനായി അവർ കാത്തിരിക്കുകയായിരുന്നു (പ്രവൃത്തികൾ 1:8)<br>2. വാക്യങ്ങൾ 2-3 ൽ വിവരിച്ചിരിക്കുന്നതുപോലെ പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് വന്നു.<br>3. ശിഷ്യന്മാർ മറ്റു ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങുകയും പ്രത്യേക ഉത്സവത്തിനായി യെരുശലേമിൽ കടന്നു വന്ന എല്ലാവർക്കും അതുകൊണ്ട് അവർ പറയുന്നത് മനസ്സിലാവുകയും ചെയ്തു.<br>4. ശിഷ്യന്മാർ വീഞ്ഞ് അധികം കഴിച്ചുവെന്ന് ചിലർ അഭിപ്രായപ്പെട്ടു.<br>5. പത്രോസ് മുൻകൈയ്യെടുത്ത് ജനക്കൂട്ടത്തോട് സംഭവിച്ചതിനെക്കുറിച്ച് വിവരിക്കുവാൻ തുടങ്ങി. യോവേൽ പ്രവചനം നിവർത്തിയാവുകയും പരിശുദ്ധാത്മാവ് വന്നുവെന്നും അവൻ അവരോട് പ്രസ്താവിച്ചു. (യോവേൽ 2:28-32).<br>6. അവരാണ് യേശുവിന്റെ മരണത്തിന് കാരണക്കാർ എന്ന് ധൈര്യമായി പ്രസ്താവിച്ചു. എന്നാൽ ദൈവം യേശുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു.<br>7. ജനങ്ങൾ ആകുലപ്പെടുകയും തുടർന്ന് തങ്ങൾ എന്താണ് ചെയ്യേണ്ടതെന്നും ചോദിച്ചു.<br>8. പത്രോസ് അവരോട് മാനസാന്തരപ്പെട്ട് സ്നാനപ്പെടുവാൻ പറയുകയും അന്നേ ദിവസം മൂവായിരം പേർ വിശ്വസിച്ച് യേശുവിന്റെ അനുഗാമികളായിത്തീരുകയും ചെയ്തു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പെന്തക്കോസ്ത് നാൾ | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. പെന്തക്കോസ്തു നാളിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ വളരെ കൗതുകകരമായ നിലയിൽ സ്വീകരിച്ചപ്പോൾ യേശു കർത്താവിന്റെ വാഗ്ദാനത്തിന് നിവർത്തിയായി.<br>2. പരിശുദ്ധാത്മാവ് വന്നപ്പോൾ എന്താണ് സംഭവിച്ചതെന്ന് വിവരിക്കുക.<br>3. യഹൂദരാജ്യമാണ് യേശുവിന്റെ മരണത്തിന് ഉത്തരവാദികൾ എന്ന് പത്രോസ് പറഞ്ഞു, എന്നാൽ ദൈവം അവനെ ഉയിർപ്പിക്കുകയും സ്വർഗ്ഗത്തോളം ഉയർത്തുകയും ചെയ്യുകയും ഇപ്പോൾ അവൻ പരിശുദ്ധാത്മാവിനെ അയയ്ക്കുകയും ചെയ്തു.<br>4. ആ ദിവസം വിശ്വസിച്ചവരാണ് സഭയുടെ ആദ്യ അംഗങ്ങൾ. അത് അന്ന് ആരംഭിച്ച് ഈ കാലയളവിലും തുടരുന്നു.<br>5. വിശ്വസിച്ച ജനങ്ങൾക്ക് യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് ചർച്ച ചെയ്യുക. (വാക്യങ്ങൾ 38-39 കാണുക)<br>6. അവരുടെ ജീവിതത്തിന്റെ മാറ്റം വെളിപ്പെടുത്തുവാൻ അവർ എന്താണ് ചെയ്തത്? (വാക്യം 42 കാണുക)<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പെന്തക്കോസ്തു നാൾ |
| **പുതുക്കുക** | 1. പരിശുദ്ധാത്മാവ് നമുക്ക് എപ്രകാരമാണ് സാക്ഷ്യം വഹിക്കുവാൻ ശക്തി നൽകുന്നതെന്ന് ചിന്തിക്കുക.<br>2. സുവിശേഷം ലോകമെമ്പാടും അറിയിക്കേണ്ടതിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.<br>3. ഈ ആഴ്ചയിൽ എപ്രകാരം സാക്ഷികളാവാം എന്നത് ഗ്രൂപ്പുകളായി ചർച്ച ചെയ്യുക.<br>4. വർഷങ്ങൾക്കു മുമ്പ് എപ്രകാരമുള്ള പ്രായശ്ചിത്തം അഥവാ മാനസാന്തരമായിരുന്നു ഉണ്ടായിരുന്നതെന്ന് കണ്ടെത്തുക. | 1. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ പ്രാധാന്യം ചർച്ച ചെയ്യുക<br>2. സഭയായി, വളരെ അടുത്ത കൂട്ടായ്മയിൽ ഒത്തുകൂടുന്നതിലുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് ചർച്ച ചെയ്യുക.<br>3. വളരെ വേഗതയിൽ വളരുന്ന ഒരു സഭയുടെ പേരും അതിന്റെ സ്വഭാവഗുണങ്ങളും കണ്ടെത്തുക. |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. സാക്ഷി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?<br>2. മാനസാന്തരപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>ഇന്നത്തെ സഭയ്ക്ക് പെന്തക്കോസ്ത് വളരെ പ്രാധാന്യമായിരിക്കുന്നത് എന്തുകൊണ്ട്?<br>2. സഭയിൽ പങ്കെടുക്കുന്നതും സഭയിലെ കൂട്ടായ്മയുടെ ഭാഗമാകുന്നതിലും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുക. |

| | A5 ലെവൽ 3<br>**പഠനം 2 – പത്രോസിന്റെ ജീവിതം**<br>**വിഷയം – പത്രോസ് സൗഖ്യപ്പെടുത്തുന്നു** | A5 ലെവൽ 4<br>**പഠനം 2 – പത്രോസിന്റെ ജീവിതം**<br>**വിഷയം – മുടന്തനെ സൗഖ്യപ്പെടുത്തുന്നു** |
|---|---|---|
| | *വേദഭാഗം: പ്രവൃത്തികൾ 3:1-16*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 3:6*<br>***നാം പഠിക്കുന്നത്:***<br>1. യേശു കർത്താവിന് രോഗങ്ങളും വ്യാധികളും സൗഖ്യമാകുവാൻ ശക്തിയുണ്ട്.<br>2. നാം അവനിൽ ആശ്രയിക്കുന്നുവെങ്കിൽ നമ്മുടെ ജീവിതങ്ങളെ മാറ്റുവാൻ അവനു സാധിക്കും. | *വേദഭാഗം: പ്രവൃത്തികൾ 3:1-26*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 4:10*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം നമ്മെ ശരിയായ സമയത്ത് ശരിയായ സ്ഥലത്ത് ആക്കുന്നു<br>2. മുടന്തനെ സൗഖ്യമാക്കിയത് ശിഷ്യന്മാരുടെ ശക്തികൊണ്ടല്ല ദൈവത്തിന്റെ ശക്തികൊണ്ടാണ്. |
| **അവതരിപ്പിക്കുക** | നല്ല ശമര്യക്കാരനെക്കുറിച്ചും "തങ്ങളുടെ അയൽക്കാരെ സ്നേഹിക്കുന്ന "തിനെക്കുറിച്ചും യേശു പറഞ്ഞ് ഉപമ പത്രോസും മറ്റു ശിഷ്യന്മാരും ഒരിക്കലും മറക്കുവാൻ സാധ്യതയില്ല. (ലൂക്കോസ് 10:25-37) അവർ ഈ മനുഷ്യനെ കണ്ടപ്പോൾ യേശു എന്തായിരിക്കും ചെയ്യുക എന്ന് അവർക്ക് അറിയാമായിരുന്നതുകൊണ്ട് അവർ എന്തു ചെയ്യണമെന്ന് ഉറച്ചിരുന്നു. | മറ്റുള്ളവരെ കരുതുക എന്നത് യേശുകർത്താവിന്റെ മഹത്തായ ഉപദേശങ്ങളിൽ ഒന്നാണ്. എല്ലാവരോടുമുള്ള, പ്രത്യേകിച്ചും അശരണരോടുള്ള, തന്റെ സ്നേഹത്തെ അവൻ തുടർമാനമായി തന്റെ ശിഷ്യന്മാരുടെ മുമ്പാകെ പ്രദർശിപ്പിച്ചു. താൻ അവരെ വിട്ട് പോകുമ്പോൾ താൻ ചെയ്തതിലും വലിയ കാര്യങ്ങൾ അവർ ചെയ്യുമെന്ന് അവൻ അവരോട് പറഞ്ഞു. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. പത്രോസും യോഹന്നാനും ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയി<br>2. നാല്പതു വർഷങ്ങളായി ജന്മനാ നടക്കുവാൻ കഴിയാത്ത ഒരു മനുഷ്യനെ അവർ കണ്ടു.<br>3. അവൻ അവരോട് പണം ചോദിച്ചു എന്നാൽ പത്രോസ് അതിലും മെച്ചമായ കാര്യം തന്റെ കൈവശം ഉണ്ട് എന്നു പറഞ്ഞു; അവന് സൗഖ്യം പ്രാപിക്കുവാൻ സാധിക്കും.<br>4. അവൻ ആ മനുഷ്യന്റെ കാലുകൾക്ക് സൗഖ്യം നൽകി, അപ്പോൾ അവൻ തുള്ളി ദൈവത്തെ പുകഴ്ത്തിക്കൊണ്ട് ആലയത്തിനുള്ളിലേക്ക് പോയി. ആദിമസഭയിലെ ഒന്നാമത്തെ അത്ഭുതമായിരുന്നു ഇത്.<br>5. ഒരു വലിയ ജനക്കൂട്ടം കൂടിവന്നപ്പോൾ പത്രോസ് അവരോട് ആ മനുഷ്യൻ സൗഖ്യമായത് അവന്റെ സ്വന്തം ശക്തികൊണ്ടോ, പത്രോസിന്റെ ശക്തികൊണ്ടോ അല്ല എന്നും ജനങ്ങൾ ക്രൂശിച്ച യേശുവിന്റെ ശക്തികൊണ്ടുമാണെന്ന് പ്രസ്താവിച്ചു. (വാക്യം 16 കാണുക)<br>6. വാക്യം 16-ൽ ആ മനുഷ്യന്റെ വിശ്വാസത്തെ ഊന്നിപ്പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- മുടന്തനായ ഭിക്ഷക്കാരൻ സൗഖ്യം പ്രാപിക്കുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. പെന്തക്കോസ്ത് കഴിഞ്ഞ ഉടൻ പത്രോസും യോഹന്നാനും പ്രാർത്ഥിക്കുവാൻ ദൈവാലയത്തിലേക്ക് പോയി.<br>2. അവർ മുടന്തനായവനെ കണ്ടപ്പോൾ ക്രിസ്തു എന്തായിരിക്കും ഈ അവസരത്തിൽ ചെയ്യുക എന്ന് അവർക്ക് അറിയാമായിരുന്നു.<br>3. വിശ്വാസത്താൽ പത്രോസ് ആ മനുഷ്യനെ എഴുന്നേറ്റു നിൽക്കുവാൻ സഹായിച്ചു. ഉടൻ തന്നെ അവൻ സൗഖ്യം പ്രാപിക്കുകയും നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് ദൈവാലയത്തിലേക്ക് പോയി.<br>4. യേശുകർത്താവ് ചെയ്ത മറ്റ് അത്ഭുതങ്ങൾപോലെ അവൻ ഉടൻ തന്നെ പരിപൂർണ്ണമായും സൗഖ്യം പ്രാപിച്ചു<br>5. പരിശുദ്ധാത്മാവിന്റെ വരവോടെ യേശുകർത്താവിന്റെ ശക്തി അവന്റെ അപ്പോസ്തലന്മാരിൽ വളരെ വ്യക്തമായിരുന്നു.<br>6. യേശു ആരാണെന്നും അവന് ഇപ്പോഴും എന്തു ചെയ്യുവാൻ സാധിക്കുമെന്നും പ്രസ്താവിക്കപ്പെട്ട പത്രോസിന്റെ പ്രസംഗത്തിലെ പ്രധാന കുറിപ്പുകൾ ശ്രദ്ധിക്കുക.<br>7. സൗഖ്യപ്പെടുത്തുവാൻ കഴിയുന്ന ശക്തി നൽകിക്കൊണ്ട് ദൈവത്തിന് തന്റെ ശിഷ്യന്മാരെ എപ്രകാരം സജ്ജമാക്കുവാൻ കഴിയും എന്നത് ചിന്തിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- മുടന്തനായ ഭിക്ഷക്കാരൻ സൗഖ്യം പ്രാപിക്കുന്നു |
| **പുതുക്കുക** | 1. രോഗസൗഖ്യത്തിന്റെ അത്ഭുതത്തെക്കുറിച്ച് ചിന്തിക്കുക, വാസ്തവത്തിൽ സകലരും സൗഖ്യം പ്രാപിച്ചിരുന്നില്ല.<br>2. ക്രിസ്ത്യാനികൾ ലോകത്തിന്റെ അവസാനത്തോളം പോകുന്നതിനു മുമ്പ് സ്വന്ത ഭവനത്തിൽ (നമ്മുടെ യെരുശലേമിൽ) എപ്രകാരമാണ് സാക്ഷികളാവുന്നത് എന്ന് ചർച്ച ചെയ്യുക.<br>3. അത്ഭുതകരമായ നിലയിൽ സൗഖ്യം നേടിയ ആധുനിക യുഗത്തിലെ ഒരു ക്രിസ്ത്യാനിയെ കണ്ടെത്തുക.<br>4. നാം യേശുവിൽ വിശ്വസിക്കുമ്പോൾ നമ്മുടെ ജീവിതങ്ങളിൽ അവനു വരുത്തുവാൻ കഴിയുന്ന മാറ്റത്തെ ചർച്ച ചെയ്യുക | 1. നമ്മുടെ ദൈനംദിന ജോലിയെയും സാക്ഷ്യത്തെയുംയേശുവിനോടൊത്തുള്ള സമയം എപ്രകാരം സ്വാധീനിക്കുന്നുവെന്ന് ചർച്ചചെയ്യുക.<br>2. ദൈവത്തിന്റെ ശക്തികൊണ്ട് നിറയ്ക്കുന്നതിനും അവനെ ശുശ്രൂഷിക്കുവാനുള്ള അവസരങ്ങൾ ലഭിക്കേണ്ടതിനുമായി മറ്റുള്ള ക്രിസ്ത്യാനികൾക്കൊപ്പമിരുന്ന് പ്രാർത്ഥിക്കുക.<br>3. യേശുവിനെ തള്ളിപ്പറഞ്ഞതിനു ശേഷമുള്ള പത്രോസിന്റെ ജീവിതത്തിന് വളരെ മാറ്റമുണ്ടായതിന്റെ കാരണങ്ങളെക്കുറിച്ച ചിന്തിക്കുക |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവം എല്ലാവരേയും സൗഖ്യപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?<br>2. ദൈനംദിന ജീവിതത്തിൽ നമുക്ക് എപ്രകാരം ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയും? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവം ആഗ്രഹിക്കുന്ന സ്ഥലത്തുതന്നെയാണ് ഇപ്പോൾ നിങ്ങൾ ആയിരിക്കുന്നുവെന്ന് എപ്രകാരം ഉറപ്പാക്കാം?<br>2. നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയതിനും നമ്മുടെ പാപങ്ങളെ ക്ഷമിച്ചു നൽകിയതിനും എപ്രകാരം നമുക്ക് ദൈവത്തെ പുകഴ്ത്തുവാൻ സാധിക്കും? |

| | A5 ലെവൽ 3<br>**പഠനം 3 – പത്രോസിന്റെ ജീവിതം**<br>**വിഷയം – പത്രോസ് സാക്ഷ്യപ്പെടുത്തുന്നു** | A5 ലെവൽ 4<br>**പഠനം 3 – പത്രോസിന്റെ ജീവിതം**<br>**വിഷയം – ന്യായാധിപ സംഘത്തിന്റെ മുമ്പിൽ** |
|---|---|---|
| | *വേദഭാഗം: പ്രവൃത്തികൾ 4:1- 22*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 4:12*<br>***നാം പഠിക്കുന്നത്:***<br>1. പരിശുദ്ധാത്മാവ് പത്രോസിന്റെ ജീവിതത്തിൽ ഒരു വലിയ മാറ്റമുണ്ടാക്കി.<br>2. ക്രിസ്ത്യാനികൾ കർത്താവിനായി നിൽക്കേണ്ടത് ആവശ്യമാണ് | *വേദഭാഗം: പ്രവൃത്തികൾ 4:1- 31*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 4:13*<br>***നാം പഠിക്കുന്നത്:***<br>1. മതനേതാക്കളോട് സാക്ഷിക്കുവാൻ ദൈവം പത്രോസിന് ധൈര്യവും ശക്തിയും നൽകി.<br>2. എന്തു വില കൊടുത്തും വിശ്വാസികൾ യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാൻ തയ്യാറുള്ളവരായിരിക്കണം. |
| **അവതരിപ്പിക്കുക** | മുമ്പുള്ള പാഠത്തിൽ എന്താണ് സംഭവിച്ചതെന്ന് പുന:പരിശോധിക്കുക. ചില രാജ്യങ്ങളിൽ യേശു കർത്താവിനുവേണ്ടി നിന്നാൽ അത് ജയിലിയാകുന്നതിനോ പീഢനം അനുഭവിക്കുന്നതിനോ ഇടയായിത്തീരുമെന്നത് കുട്ടികളെ ഓർമ്മപ്പെടുത്തുക. ഈ അവസരത്തിൽ പത്രോസും യോഹന്നാനും മത നേതാക്കന്മാരിൽ നിന്നും കഷ്ടതകൾ സഹിക്കേണ്ടി വന്നു. | പത്രോസ് മറ്റൊരു മഹത്തായ പ്രസംഗം പ്രസംഗിച്ചു. (അദ്ധ്യായം 3) വിശ്വാസികളുടെ എണ്ണം ഏകദേശം 5000-ത്തോളമായി. (വാക്യം 4) കർത്താവ് ക്രൂശിക്കപ്പെടുന്നതോടുകൂടി അവന്റെ അനുഗാമികൾക്ക് അവസാനമുണ്ടാകുമെന്നാണ് മത നേതാക്കന്മാർ കരുതിയത് എന്നാൽ ഇപ്പോൾ അത് പതിന്മടങ്ങായിത്തീർന്നു. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. പത്രോസിന്റെ സന്ദേശം കേട്ട മത നേതാക്കന്മാർ അസ്വസ്ഥരായി കാരണം ജനത്തെ ഉപദേശിക്കുന്നത് അവരുടെ ജോലിയായിരുന്നു, മാത്രമല്ല, യേശു കർത്താവ് ജീവിച്ചിരിക്കുന്നുവെന്ന് പത്രോസ് പ്രസംഗിച്ചു.<br>2. പത്രോസും യോഹന്നാനും ബന്ധിക്കപ്പെടുകയും കാരാഗൃഹത്തിലാക്കപ്പെടുകയും ചെയ്തു.<br>3. യേശു കടന്നു പോയതുപോലെ അവരും പിറ്റെ ദിവസം ന്യായാധിപസംഘത്തിന്റെ (മതപരമായ കോടതി) മുമ്പിൽ നിൽക്കേണ്ടി വന്നു.<br>4. ആ മനുഷ്യനെ നടത്തിക്കുവാനായി പത്രോസ് എന്തു ശക്തിയാണ് ഉപയോഗിച്ചതെന്ന് അവർക്ക് അറിയണമായിരുന്നു.<br>5. യേശുവിന്റെ നാമത്തിലുള്ള ശക്തിയിലാണ് അതെന്ന് പത്രോസ് അവരോട് പറഞ്ഞു (വാക്യം 10).<br>6. പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കണ്ട മത നേതാക്കന്മാർ ആശ്ചര്യപ്പെട്ടു.<br>7. യേശുവിനെക്കുറിച്ച് പ്രസംഗിക്കുന്നത് നിർത്തുവാൻ അവർ അവരോട് ആവശ്യപ്പെട്ടു.<br>8. അവരേക്കാൾ അധികം തങ്ങൾ ദൈവത്തെ അനുസരിക്കേണ്ടതാണെന്ന് പത്രോസ് അവരോടു പറഞ്ഞു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പത്രോസും യോഹന്നാനും പിടിക്കപ്പെടുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. പത്രോസും യോഹന്നാനും പിടിക്കപ്പെട്ടു.<br>2. ന്യായാധിപ സംഘത്തിന്റെ പ്രാധാന്യത ശ്രദ്ധിക്കുക (യഹൂദ സംഘം)<br>3. യേശുവിന്റെ ശക്തിയാണ് ആ മനുഷ്യനെ സൗഖ്യമാക്കിയത് എന്ന് പത്രോസ് വളരെ ധൈര്യത്തോടെ പ്രസ്താവിക്കുകയും അവൻ മാത്രമാണ് ഏക രക്ഷകനെന്ന് വിവരിക്കുകയും ചെയ്തു. (വാക്യം 12)<br>4. പത്രോസും യോഹന്നാനും യേശുവിനോടൊപ്പം ഉണ്ടായിരുന്നതുകൊണ്ടാണ് അവർ ഇത്രമാത്രം ധൈര്യശാലികളായതെന്ന് മനസ്സിലാക്കിയ ന്യായാധിപസംഘം അതിശയിച്ചു.<br>5. യേശുവിന്റെ നാമത്തിൽ പ്രസംഗിക്കരുതെന്നു പറഞ്ഞ് അവർ അവരെ വിലക്കി. എന്നാൽ ന്യായാധിപസംഘത്തേക്കാളും ദൈവത്തെ അനുസരിക്കേണ്ടതാകുന്നു എന്ന് പത്രോസ് അവരോട് പറഞ്ഞു.<br>6. പത്രോസും യോഹന്നാനും അവരുടെ സ്വജനത്തിന്റെ അടുക്കലേക്ക് പോവുകയും ദൈവീക സന്ദേശം അറിയിക്കുന്നതിന് ശക്തി ലഭിക്കുന്നതിനായി അവർ ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അവരുടെ പ്രാർത്ഥനയുടെ ഉത്തരം എത്രമാത്രം ശക്തമായ നിലയിലാണ് ലഭിച്ചതെന്ന് ശ്രദ്ധിക്കുക<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പത്രോസും യോഹന്നാനും പിടിക്കപ്പെടുന്നു |
| **പുതുക്കുക** | 1. അടിസ്ഥാനം പോലെ അനുവർത്തിക്കേണ്ടുന്ന ക്രിസ്തീയ വിശ്വാസങ്ങൾ സംക്ഷിപ്തമായി കുറിപ്പുകളിൽ എഴുതുക. വിശ്വാസികളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം യേശു കർത്താവാണ് എന്ന് ഓർക്കുക (വാക്യം 12 നോക്കുക)<br>2. തന്റെ വിശ്വാസത്തിനായി നിലകൊണ്ട പ്രസിദ്ധനായ ഒരു ക്രിസ്ത്യാനിയെ കണ്ടെത്തുക. ഉദാ: എറിക് ലിഡിൽ | 1. നിങ്ങളുടെ വിശ്വാസത്തിലും സാക്ഷ്യത്തിലും എപ്രകാരം ധൈര്യശാലികളാവാം എന്നത് ചർച്ച ചെയ്യുക<br>2. പ്രതികൂലമുള്ള സ്ഥലങ്ങളിലും ക്രിസ്ത്യാനികൾ എപ്രകാരമാണ് ജയാളികളായി നിൽക്കുന്നതെന്ന് മനസ്സിലാക്കുവാൻ ബർന്നബാസ് ട്രസ്റ്റിന്റെയോ ഓപ്പൺ ഡോർസ് എന്നീ സംഘടനകളെക്കുറിച്ച് പഠനം നടത്തുക. |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നതിൽ നമ്മെ തടുക്കുന്നത് എന്താണ്?<br>2. ' ജീവനുള്ള കല്ല് ' എന്ന് ഒരു വിശ്വാസിയെ സൂചിപ്പിക്കുന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? (1 പത്രോസ് 2:4&5) | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നാം സാക്ഷികളാവുന്നതിന് നമുക്ക് പരിശുദ്ധാത്മാവിനെ എപ്രകാരം ആശ്രയിക്കുവാൻ സാധിക്കും?<br>2. നമ്മുടെ വിശ്വാസം വർദ്ധിക്കുന്നതിന് സുവിശേഷത്തിനെതിരെയുള്ള പ്രതികൂലങ്ങൾ സഹായകരമാവുന്നത് എങ്ങനെ? |

| | A5 ലെവൽ 3<br>**പഠനം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – പത്രോസ് കാരാഗൃഹത്തിൽ** | A5 ലെവൽ 4<br>**പഠനം 4 – പത്രോസിന്റെ ജീവിതം**<br>**വിഷയം – കാരാഗൃഹത്തിൽ** |
|---|---|---|
| | *വേദഭാഗം: പ്രവൃത്തികൾ 12:1- 19*<br>*താക്കോൽ വാക്യം: 1 യോഹന്നാൻ 5:14*<br>***നാം പഠിക്കുന്നത്:***<br>1. ദൈവജനത്തെ ബാധിക്കുന്ന ഒന്നാണ് പീഢകൾ<br>2. ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും നമുക്ക് ഏറ്റവും നല്ലത് എന്താണെന്ന് ദൈവം അറിയുന്നുവെന്നും ബൈബിൾ പഠിപ്പിക്കുന്നു | *വേദഭാഗം: പ്രവൃത്തികൾ 12:1- 19*<br>*താക്കോൽ വാക്യം: 1 യോഹന്നാൻ 5:5*<br>***നാം പഠിക്കുന്നത്:***<br>1. ഏറ്റവും പ്രയാസകരമായ സാഹചര്യങ്ങളിലും പത്രോസിനെപ്പോലെ ദൈവത്തിൽ ആശ്രയിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.<br>2. ദൈവത്തിന് അസാധ്യമായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും എന്നാൽ ബാക്കി ഭാഗങ്ങൾ അവൻ നമുക്ക് വിട്ടുതരുന്നു. |
| **അവതരിപ്പിക്കുക** | ലോകം തന്നെ വെറുത്തതുപൊലെ അവർ അപ്പോസ്തലന്മാരെയും സകല ദൈവജനത്തെയും വെറുക്കുമെന്ന് യേശു കർത്താവ് പറഞ്ഞിട്ടുണ്ട്. (യോഹന്നാൻ 15:18). യേശുവിന്റെ പ്രാരംഭ നാളുകളിൽ ഹെരോദാരാജാവ് അവനെ കൊന്നുകളഞ്ഞേക്കാവുന്ന അവസ്ഥവരെ എത്തിയതാണ്. ഇപ്പോൾ ആ രാജാവിന്റെ പൗത്രനായ മറ്റൊരു ഹെരോദാവ് അതേപോലെ പത്രോസിനോട് പ്രവർത്തിക്കാനൊരുങ്ങുകയാണ്. | പത്രോസിന്റെ വിശ്വാസവും അവന്റെ പ്രസംഗവും കാരണം അവൻ വീണ്ടും ജയിലിലായി. വിചാരണയുടെ തലേ രാത്രിയിൽ നന്നായി ഉറങ്ങുവാൻ തക്കവണ്ണം പത്രോസിന് വലിയ വിശ്വാസം ഉണ്ടായിരുന്നു. വചനത്തിന്റെ സത്യം പത്രോസ് പഠിച്ചത് താൻ പിന്നീട് എഴുതുവാൻ ഇടയായിത്തീർന്നോ? (1 പത്രോസ് 5:7) |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ഹെരോദാവ് രാജാവ് യാക്കോബിനെ കൊല്ലുകയും ഈ കാര്യം യഹൂദന്മാർക്ക് പ്രസാദമായി എന്ന് മനസ്സിലാക്കിയപ്പോൾ അവൻ പത്രോസിനെ പിടികൂടി.<br>2. പത്രോസും വീണ്ടും ജയിലിൽ ആവുകയും വിചാരണയ്ക്കായി കിടക്കുകയും ചെയ്തു.<br>3. സഭ പ്രാർത്ഥിക്കുവാനായി ഒരുമിച്ചു കൂടി<br>4. വിചാരണയ്ക്ക് മുമ്പുള്ള രാത്രിയിൽ തടവറയിൽ നിന്നും രക്ഷപ്പെടുന്നതിന് ഒരു ദൂതൻ സഹായിച്ചു.<br>5. അവൻ തന്റെ സുഹൃത്തുക്കൾ പ്രാർത്ഥിക്കുന്ന വീട്ടിലേക്ക് പോയി.<br>6. അവിടെ ശുശ്രൂഷ ചെയ്യുന്ന ചെറിയ പെൺകുട്ടി വാതിൽ തുറക്കുകയും പത്രോസ് വന്നുവെന്ന് അറിയിക്കുകയും ചെയ്തിട്ടും ആരും അവളെ വിശ്വസിച്ചില്ല.<br>7. ദൈവം അവരുടെ പ്രാർത്ഥന കേട്ടുവെന്ന് സാവധാനത്തിൽ അവർ മനസ്സിലാക്കി.<br>8. വിശ്വാസികൾ തമ്മിലുള്ള യഥാർത്ഥ കൂട്ടായ്മയുടെ പ്രാധാന്യം ശ്രദ്ധിക്കുക.<br>9. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഹിതം സ്വീകരിച്ചുകൊണ്ടും ദൈവത്തിൽ നിന്നും ഉത്തരം പ്രതീക്ഷിച്ചും കൊണ്ട് നമുക്ക് തുടർമാനമായി എപ്രകാരം പ്രാർത്ഥിക്കുവാൻ കഴിയും എന്ന് ചിന്തിക്കുക.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- തടവറയിൽ നിന്നുമുള്ള പത്രോസിന്റെ അത്ഭുതകരമായ രക്ഷപ്പെടൽ | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. സഭ പത്രോസിനുവേണ്ടി വളരെ കരുതലോടെ പ്രാർത്ഥിച്ചു.<br>2. പത്രോസ് 16 പടയാളികളാൽ കാവൽ കാക്കപ്പെടുകയും രണ്ടു പേരോട് ചേർത്ത് ചങ്ങലയാൽ ബന്ധിക്കപ്പെട്ടും ഇരുന്നു.<br>3. ഒരു ദൂതൻ പ്രത്യക്ഷപ്പെട്ട് പത്രോസിനെ ഉണർത്തുകയും അവനെ സ്വതന്ത്രനാക്കിയ ശേഷം കാരാഗൃഹത്തിന് പുറത്തേക്ക് കൊണ്ടുപോവുകയും ചെയ്തു. അത്ഭുതകരമായി പത്രോസ് രക്ഷപ്പെട്ടു.<br>4. കർത്താവാണ് തന്നെ സ്വതന്ത്രനാക്കിയതെന്ന് പത്രോസ് മനസ്സിലാക്കി.<br>5. സഭ പ്രാർത്ഥിക്കുകയായിരുന്നുവെന്നും എന്നാൽ ദൈവത്തിന് അസാധ്യങ്ങളെ ചെയ്യുവാൻ സാധിക്കുമെന്ന് വിശ്വസിച്ചിരുന്നില്ലെന്നും അവൻ മനസ്സിലാക്കി.<br>6. പത്രോസിനെക്കൊണ്ട് ദൈവത്തിന് കുറേ കാര്യങ്ങൾ ചെയ്യിക്കുവാനുണ്ടെന്ന് വ്യക്തമായി. അവന്റെ മരണസമയം ആകാഞ്ഞതുകൊണ്ട് ദൈവം ഇടപെട്ടു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- പത്രോസ് അത്ഭുതകരമായി തടവറയിൽ നിന്നും രക്ഷപ്പെടുന്നു |
| **പുതുക്കുക** | 1. തുടർമാനമായി പ്രാർത്ഥിക്കുന്നത് ക്രിസ്ത്യാനികൾക്ക് വളരെ പ്രയാസകരമായി തോന്നുന്നത് എന്തുകൊണ്ടെന്ന് ചർച്ച ചെയ്യുക.<br>2. ദൈവത്തിന്റെ ഹിതത്തിലല്ല നിങ്ങൾ ആയിരിക്കുന്നത് എന്നു മനസ്സിലാക്കിയ സമയങ്ങൾ ചർച്ച ചെയ്യുക.<br>3. ദൈവത്തിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള രണ്ട് ബൈബിൾ വാക്യങ്ങൾ കണ്ടെത്തിയ ശേഷം ഗ്രൂപ്പിൽ പങ്കുവെയ്ക്കുക. | 1. പ്രതികൂലമായ സാഹചര്യങ്ങളിൽ ദൈവത്തോട് പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യതയെക്കുറിച്ച് ചിന്തിക്കുക.<br>2. ദൈവം ഉത്തരം നൽകും എന്ന് ആശ്രയം വെച്ചുകൊണ്ട് പ്രതീക്ഷയോടെ നമുക്ക് എപ്രകാരം പ്രാർത്ഥിക്കുവാൻ സാധിക്കും എന്ന് ചിന്തിക്കുക.<br>3. ഒരു അടുത്ത സുഹൃത്തിനോടോ ബന്ധുവിനോടോ ദൈവം പ്രത്യേകമായി പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയതിന് ഒരു ഉദാഹരണം ചോദിക്കുക അത് മറ്റുള്ളവരുമായി പങ്കുവെയ്ക്കുക. |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ചിലപ്പോൾ ദൈവത്തിന്റെ വഴികൾക്ക് വളരെ രഹസ്യ സ്വഭാവം ഉള്ളത് എന്തുകൊണ്ട്? (ചിലർ മാത്രം സൗഖ്യം പ്രാപിച്ചു എന്നാൽ മറ്റുള്ളവർ പ്രാപിച്ചില്ല).<br>2. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഇഷ്ടം എപ്രകാരം കണ്ടെത്താം? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നാം ചോദിക്കുന്ന രീതിയിൽ തന്നെ ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകും എന്നതിൽ നാം പലപ്പോഴും സംശയിക്കുന്നത് എന്തുകൊണ്ട്?<br>2. ദൈവത്തിന്റെ ശക്തി നമ്മിലും വലുതാണെന്ന് നമുക്ക് ഏതൊക്കെ നിലകളിൽ മനസ്സിലാക്കുവാൻ സാധിക്കും? |

| | A6 ലെവൽ 3<br>**പഠനം 1 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – ദൈവത്തിൽ ആശ്രയിക്കുന്നു** | A6 ലെവൽ 4<br>**പഠനം 1 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – അവന്റെ വിളി** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 12:1- 9*<br>*താക്കോൽ വാക്യം: എബ്രായർ 11:8*<br>***നാം പഠിക്കുന്നത്:***<br>1. അബ്രാം വിശ്വാസത്തിന്റെ മനുഷ്യനായിരുന്നു; ദൈവം തന്നെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് താൻ അറിയാതിരുന്നിട്ടു കൂടി അവൻ ദൈവത്തിൽ ആശ്രയിച്ചു.<br>2. അബ്രാമിനെ വിളിച്ചതുപോലെ ദൈവം നമ്മെ വിളിച്ചാൽ നാം അവനിൽ ആശ്രയിക്കുകയും അനുഗമിക്കുകയും അവനെ അനുസരിക്കുകയും വേണം. | *വേദഭാഗം: ഉല്പത്തി 11:27 - 32; 12:1- 9*<br>*താക്കോൽ വാക്യം: പ്രവൃത്തികൾ 7:2 - 4*<br>***നാം പഠിക്കുന്നത്:***<br>1. അബ്രാം വിശ്വാസത്തിന്റെ മനുഷ്യനായിരുന്നു: ദൈവം തന്നെ എങ്ങോട്ടാണ് നയിക്കുന്നത് എന്ന് അറിയാതെയിരുന്നിട്ടു കൂടി അവൻ ദൈവത്തിൽ ആശ്രയിച്ചു.<br>2. ദൈവം അബ്രാമിനെ വിളിച്ചതുപോലെ നമ്മെ വിളിക്കുമ്പോൾ നാം അവനിൽ ആശ്രയിക്കുകയും അനുഗമിക്കുകയും അവനെ അനുസരിക്കുകയും വേണം. സത്യത്തിൽ, നമ്മുടെ ജീവിതം അവന് കൈമാറണം. |
| **അവതരിപ്പിക്കുക** | ഗ്രൂപ്പിനോട് അവർ പുതിയ സ്കൂളിലേക്ക് എപ്പോഴെങ്കിലും മാറിയിട്ടുണ്ടോ എന്ന് ചോദിക്കുക. ഇതിൽ ഉണ്ടാകുന്ന വെല്ലുവിളികൾ എന്തെല്ലാം? (പുതിയ ദിനചര്യകൾ, വിവിധ യാത്രാ ക്രമീകരണങ്ങൾ, പുതിയ സുഹൃത്തുക്കൾ, പുതിയ അദ്ധ്യാപകർ എന്നിങ്ങനെയുള്ള പട്ടികയിൽ തുടങ്ങാം). ഗ്രൂപ്പിലുള്ള ആരെങ്കിലും പുതിയതായി വീട് മാറിയിട്ടുണ്ടോ എന്ന് ചോദിക്കുക. ഈ കാര്യം എന്തെല്ലാം വെല്ലുവിളികളാണ് നൽകിയത്?<br><br>അബ്രാമിനും കുടുംബത്തിനും പുതിയതായിട്ടുണ്ടായിരുന്ന വെല്ലുവിളികളിൽ വ്യത്യസ്തമായ ഭാഷകൾ, ഭക്ഷണം, കാലാവസ്ഥ, സംസ്കാരംകുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നുമുള്ള വേർപാട് എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. | സംവാദം: ഇതുവരെയും പോയിട്ടില്ലാത്ത ഒരു രാജ്യത്തേക്ക് പോകുവാനായി പദ്ധതിയിടുകയും, ആ സ്ഥലത്ത് ചെന്ന ശേഷം വീട് വെയ്ക്കുകയാണെന്നും ചിന്തിക്കുവാൻ ഗ്രൂപ്പുകളോട് പറയുക. ഇത് എന്തെല്ലാം വെല്ലുവിളികളാണ് നൽകുന്നത്? (അബ്രാമിനും കുടുംബത്തിനും പുതിയ വെല്ലുവിളികളായി വ്യത്യസ്തമായ ഭാഷകൾ, ആഹാരം, കാലാവസ്ഥ, സംസ്കാരം കുടുംബത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നുമുള്ള വേർപാട് എന്നീ കാര്യങ്ങളെല്ലാം ഉൾപ്പെടും).<br><br>ചുവടെ കൊടുത്തിരിക്കുന്ന വാക്കുകൾ ഓരോന്നും ഓരോ എ4 ഷീറ്റിൽ എഴുതുക:<br><br>ഉറപ്പാക്കുക; ചിന്താകുലമായ, ആശ്ചര്യപ്പെട്ട, ക്ലേശമായ, ഭയപ്പെടുന്ന. മുറിയിൽ പല ഭഗങ്ങളിലായി ഈ ഷീറ്റുകൾ ഒട്ടിക്കുക. അതിനുശേഷം കുട്ടികളോട് ആ പേപ്പറുകൾ നേരെ നടക്കുവാൻ ആവശ്യപ്പെടുക, ഈ സാഹചര്യം അവർക്ക് എങ്ങനെയുള്ള അനുഭവമാണ് നൽകുന്നതെന്നതിന് ഏറ്റവും അനുയോജ്യമായ വാക്കുകളുടെ ഷീറ്റിനടുത്തേക്കാണ് നടക്കേണ്ടത്. അതിനുശേഷം അവരുടെ തീരുമാനം ചർച്ചചെയ്യുക: എന്തുകൊണ്ടാണ് അവർക്ക് ഇപ്രകാരം അനുഭവപ്പെട്ടത്? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം, താൻ അബ്രാമിനു കാണിച്ചു കൊടുക്കുവാൻ പോകുന്ന മറ്റൊരു ദേശത്തേക്ക് തന്റെ കുടുംബത്തോടൊപ്പം യാത്രയാകുവാൻ അവനോട് പറഞ്ഞു. ഇത് വളരെ എളുപ്പമുള്ള കാര്യമായിരുന്നില്ല. അബ്രാമിന്റെ സമയത്തുള്ള സഞ്ചാരം വളരെ പ്രയാസമേറിയതും സാവധാനമായതും ആയിരുന്നു. തനിക്ക് പല കാര്യങ്ങൾ ക്രമീകരിക്കുവാനും തന്നോടൊപ്പം പോകുവാനുള്ള ആളുകളെയും തയ്യാറാക്കണമായിരുന്നു.<br>2. അബ്രാമിനെ അനുഗ്രഹിച്ച് അവന്റെ കുടുംബത്തെ വലിയ ജാതിയാക്കാമെന്ന് ദൈവം അബ്രാമിനോട് ഒരു പ്രത്യേക വാഗ്ദാനം ചെയ്തു. ഈ വലിയ ജാതിയിലൂടെ ലോകത്തിലുള്ള മറ്റ് സകല ജനങ്ങളെയും അനുഗ്രഹിക്കുമെന്നും പറഞ്ഞു.<br>3. അബ്രാം തന്റെ അനന്തരവനായ ലോത്തിനെയും തന്റെ ഭാര്യയായ സാറായിയെയും കൂട്ടി പുറപ്പെട്ടു. അവരുടെ എല്ലാ സമ്പാദ്യങ്ങളും അവർ എടുത്തിരുന്നു. അബ്രാമിനു പ്രായം 75 വയസ്സായിരുന്നു.!<br>4. അവർ കുറേദൂരം യാത്ര ചെയ്തതിനു ശേഷം കർത്താവ് അവർക്ക് ശേഖേം എന്ന പേരുള്ള പട്ടണത്തിൽ വെച്ച് പ്രത്യക്ഷപ്പെട്ടു. ദൈവം അബ്രാമിനോട് ഈ ദേശം അവന്റെ കുടുംബത്തിന് നൽകുമെന്ന് പറഞ്ഞു.<br>5. അബ്രാം ഒരു യാഗപീഠം പണിത് ദൈവത്തെ ആരാധിച്ചു. പിന്നീട് അവൻ ഹായിക്കും ബേഥേലിനും മധ്യേയുള്ള കുന്നുകളുടെ മുകളിൽ തന്റെ കൂടാരം അടിച്ചു. അവൻ ദൈവത്തെ ആരാധിക്കുവാനായി വീണ്ടും ഒരു യാഗപീഠം പണിതു. പിന്നീട് അവൻ നെഗവ് മരുഭൂമിയിലേക്ക് തന്റെ യാത്ര തുടർന്നു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക - കാർഡ് - അബ്രഹാം കനാനിലേക്ക് യാത്ര ചെയ്യുന്നു. | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം, താൻ അബ്രാമിനു കാണിച്ചു കൊടുക്കുവാൻ പോകുന്ന മറ്റൊരു ദേശത്തേക്ക് തന്റെ കുടുംബത്തോടൊപ്പം യാത്രയാകുവാൻ അവനോട് പറഞ്ഞു. ഇത് വളരെ എളുപ്പമുള്ള കാര്യമായിരുന്നില്ല. അബ്രാമിന്റെ സമയത്തുള്ള സഞ്ചാരം വളരെ പ്രയാസമേറിയതും സാവധാനമായതും ആയിരുന്നു. തനിക്ക് പല കാര്യങ്ങൾ ക്രമീകരിക്കുവാനും തന്നോടൊപ്പം പോകുവാനുള്ള ആളുകളെയും തയ്യാറാക്കണമായിരുന്നു.<br>2. അബ്രാമിനെ അനുഗ്രഹിച്ച് അവന്റെ കുടുംബത്തെ വലിയ ജാതിയാക്കാമെന്ന് ദൈവം അബ്രാമിനോട് ഒരു പ്രത്യേക വാഗ്ദാനം ചെയ്തു. ഈ വലിയ ജാതിയിലൂടെ ലോകത്തിലുള്ള മറ്റ് സകല ജനങ്ങളെയും അനുഗ്രഹിക്കുമെന്നും പറഞ്ഞു.<br>3. അബ്രാം തന്റെ അനന്തരവനായ ലോത്തിനെയും തന്റെ ഭാര്യയായ സാറായിയെയും കൂട്ടി പുറപ്പെട്ടു. അവരുടെ എല്ലാ സമ്പാദ്യങ്ങളും അവർ എടുത്തിരുന്നു. അബ്രാമിനു പ്രായം 75 വയസ്സായിരുന്നു.!<br>4. അവർ കുറേദൂരം യാത്ര ചെയ്തതിനു ശേഷം കർത്താവ് അവർക്ക് ശേഖേം എന്ന പേരുള്ള പട്ടണത്തിൽ വെച്ച് പ്രത്യക്ഷപ്പെട്ടു. ദൈവം അബ്രാമിനോട് ഈ ദേശം അവന്റെ കുടുംബത്തിന് നൽകുമെന്ന് പറഞ്ഞു.<br>5. അബ്രാം ഒരു യാഗപീഠം പണിത് ദൈവത്തെ ആരാധിച്ചു. പിന്നീട് അവൻ ഹായിക്കും ബേഥേലിനും മധ്യേയുള്ള കുന്നുകളുടെ മുകളിൽ തന്റെ കൂടാരം അടിച്ചു. അവൻ ദൈവത്തെ ആരാധിക്കുവാനായി വീണ്ടും ഒരു യാഗപീഠം പണിതു. പിന്നീട് അവൻ നെഗവ് മരുഭൂമിയിലേക്ക് തന്റെ യാത്ര തുടർന്നു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 1 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക - കാർഡ് - അബ്രഹാം കനാനിലേക്ക് യാത്ര ചെയ്യുന്നു. |
| **പുതുക്കുക** | ഹാരാനിൽ നിന്നും ബേഥേലിലേക്കുള്ള അബ്രാമിന്റെ യാത്രയുടെ ഒരു ഭൂപടം വരച്ച ശേഷം ഈ കഥയിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥലങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്തുക. മോറിയായിലുള്ള വലിയ മരവും അബ്രാം ദൈവത്തെ ആരാധിക്കുവാനായി പണി കഴിപ്പിച്ച രണ്ട് യാഗപീഠങ്ങളും ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക. | ഇന്നു പഠിച്ച ബൈബിൾ പാഠത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ ഒരു നാട്ടിലേക്ക് പോകുവാനുള്ള ദൈവവിളിയോടുള്ള അബ്രാമിന്റെ മനോഭാവത്തിന് എടുത്തുകാണിക്കുന്നതിന് നാം ഉപയോഗിക്കുവാൻ സാധ്യതയുള്ള കുറേ നാമവിശഷണങ്ങളുടെ പട്ടിക തയ്യാറാക്കുക. |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. വളരെ എളുപ്പമായ കാര്യമായിരുന്നില്ല എങ്കിൽ പോലും യാത്രയ്ക്കായി ദൈവം നിർദ്ദേശിച്ചപ്പോൾ അബ്രാം ദൈവത്തെ അനുസരിച്ചു. അവന്റെ സ്വഭാവത്തെക്കുറിച്ച് എന്താണ് ഇത് വ്യക്തമാക്കുന്നത്?<br>2. നമുക്ക് പൂർണ്ണമായും എല്ലാം മനസിലാകാത്ത സാഹചര്യത്തിലും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം നമ്മുടെ ഓരോ ദിവസത്തെയും സ്വഭാവത്തെ എപ്രകാരമാണ് സ്വാധീനിക്കേണ്ടത്? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. മൂന്ന് ഗ്രൂപ്പുകളായോ ഈരണ്ടു പേരായി തിരിഞ്ഞോ ചർച്ച ചെയ്യുക: അബ്രാം ദൈവത്തെ അനുസരിച്ചു. ദൈവത്തെക്കുറിച്ചുള്ള അബ്രാമിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് ഇത് എന്താണ് പഠിപ്പിക്കുന്നത്?<br>2. ദൈവത്തെ അനുസരിക്കേണ്ടി വരുന്നത് ഒരു വെല്ലുവിളിയായി തീരുന്ന സാഹചര്യങ്ങളെ ഓർക്കുക. നാം ഉറപ്പില്ലാത്തവരും ഭയചകിതരും ആശങ്കയുള്ളവരും ആയിരുന്നാലും നാം എപ്രകാരം പെരുമാറണമെന്നാണ് അബ്രാമിന്റെ കഥ പഠിപ്പിക്കുന്നത്? |

| | A6 **ലെവൽ** 3<br>**പഠനം 2 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – തിരഞ്ഞെടുപ്പുകൾ** | A6 **ലെവൽ** 4<br>**പഠനം 2 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – തന്റെ തിരഞ്ഞെടുപ്പ്** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 13:1- 8*<br>*താക്കോൽ വാക്യം: സദൃശ്യവാക്യം 3:5&6*<br>***നാം പഠിക്കുന്നത്:***<br>1. ജീവിതത്തിൽ നല്ല തിരഞ്ഞെടുപ്പുകൾ നടത്തുന്നത് വളരെ പ്രാധാന്യമുള്ളതാണ്.<br>2. നല്ലത് തിരഞ്ഞെടുക്കുന്നതിലുള്ള സഹായം ദൈവത്തോട് ചോദിക്കാവുന്നതാണ്. നാം അവന്റെ നടത്തിപ്പിനായി അപേക്ഷിക്കണം. നാം അവനെ നമസ്ക്കരിക്കുകയും അവനോട് നന്ദിയുള്ളവരായിരിക്കുകയും വേണം. | *വേദഭാഗം: ഉല്പത്തി 13:1- 18; 14:1- 16*<br>*താക്കോൽ വാക്യം: യോശുവ 24:15*<br>***നാം പഠിക്കുന്നത്:***<br>1. അബ്രാം ദൈവത്തിന്റെ നടത്തിപ്പും സഹായവും അന്വേഷിക്കുകയും ദൈവത്തിന് നന്ദി കരേറ്റുകയും ചെയ്തു.<br>2. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ നടത്തിപ്പും സഹായവും അന്വേഷിക്കുകയും അവന്റെ നന്മയാക്കി അവനെ പുകഴ്ത്തിയും ബഹുമാനിച്ചും കൊണ്ട് നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ദൈവത്തിന് സ്ഥാനം നൽകുക. |
| **അവതരിപ്പിക്കുക** | എല്ലാ ദിവസവും നാം തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും എടുക്കുന്നവരാണ്. എല്ലാ ദിവസങ്ങളിലും എടുക്കുന്ന ചെറിയ തീരുമാനങ്ങളുടെയും ജീവിതത്തെ മാറ്റിമറിക്കുന്ന വലിയ തീരുമാനങ്ങളുടെയും ഉദാഹരണങ്ങൾ ഗ്രൂപ്പുകളോട് ചോദിക്കുക. ഒരു ചാർട്ടിന്റെ രണ്ടു വശങ്ങളിലായി ഇവയെ ക്രമമായി എഴുതുക. ഓരോ അംഗങ്ങൾക്കും ഓരോ ചെറിയ കടലാസ് കൊടുക്കുക. പേപ്പറിന്റെ ഒരു വശത്ത് അവർ വളരെ അടുത്തകാലത്തെടുത്ത ഒരു ചെറിയ തീരുമാനത്തെ ഒരു ചിത്രമായി വരയ്ക്കുവാൻ ആവശ്യപ്പെടുക. അതിന്റെ മറുവശത്ത്, അവരുടെ ഭാവിയെക്കുറിച്ചുള്ള ഒരു സ്വപ്നം അഥവാ ഒരു ആഗ്രഹം അല്ലെങ്കിൽ ഒരു പ്രത്യാശ ചിത്രമായി വരയ്ക്കുക. ചെറിയ ഗ്രൂപ്പുകളിൽ അവർക്ക് അവരുടെ ചിത്രങ്ങൾ പങ്കുവെയ്ക്കുകയും ചർച്ച ചെയ്യാവുന്നതുമാണ്. നമുക്കെല്ലാവർക്കും തീരുമാനങ്ങളും തിരഞ്ഞെടുപ്പുകളും നടത്തേണ്ടതായിട്ടുണ്ട് അതുകൊണ്ട് നമുക്കെല്ലാവർക്കും ഈ കാര്യങ്ങളിൽ സഹായവും മാർഗ്ഗനിർദ്ദേശവും ആവശ്യമാണ്. നമ്മുടെ എല്ലാ തിരഞ്ഞെടുപ്പിലും തീരുമാനങ്ങളിലും നല്ല മാർഗ്ഗനിർദ്ദേശത്തിനായി ദൈവത്തിൽ ആശ്രയിക്കാവുന്നതാണ്. | ദൈവത്തെ സേവിക്കുന്നത് ഒരു തിരഞ്ഞെടുപ്പാണ്.<br>ദൈവത്തെ സേവിക്കുവാൻ തിരഞ്ഞെടുക്കുന്ന ആളുകളുടെ ജീവിതത്തിൽ നാം കാണുന്ന വ്യത്യാസങ്ങൾ എന്തെല്ലാം?<br>ഈ കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി ഒരു ചാർട്ടിൽ എഴുതുകയും അബ്രാമിന്റെ ജീവിതത്തിന്റെ ഒരു രേഖാചിത്രം ഈ പാഠത്തിൽ പഠിക്കുമ്പോൾ അവയെ മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുക. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. അബ്രാം മുമ്പ് കൂടാരമടിച്ചു പാർത്ത ബെഥേലിനും ഹായിക്കും മധ്യേയുള്ള സ്ഥലത്തേക്ക് മടങ്ങിപ്പോയി. അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിത് യഹോവയുടെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ചു.<br>2. അബ്രാമിന് ഒരു തീരുമാനമെടുക്കണമായിരുന്നു. ആ ദേശത്ത് അനേകർ പാർക്കുന്നുണ്ടായിരുന്നു മാത്രമല്ല അവർ ആ സ്ഥലത്തിനുവേണ്ടി വഴക്കിടുകയും ചെയ്യുമായിരുന്നു. അവിടെ എല്ലാവർക്കും പാർക്കുവാൻ സാധിക്കാതെയിരുന്നതുകൊണ്ട് അബ്രാമും തന്റെ അനന്തരവനായ ലോത്തും വേർതിരിഞ്ഞ് മറ്റൊരു സ്ഥലത്തേക്ക് പോകുവാൻ സമയമായിരുന്നു.<br>3. ദേശത്തെ ഏതു ഭാഗത്താണ് താമസിക്കേണ്ടത് എന്ന് തിരഞ്ഞെടുക്കുവാനുള്ള അവസരം അബ്രാം ലോത്തിനു നൽകി.<br>4. ലോത്ത് യോർദ്ദാന്നരികെ പുൽപ്പുറങ്ങളുള്ളതും ഫലഭൂയിഷ്ഠവും പട്ടണത്തിന്നരികെയുള്ളതുമായ സ്ഥലം തിരഞ്ഞെടുത്തു.<br>5. അബ്രാം കനാൻ ദേശത്ത് പാർത്തു.<br>6. ലോത്ത് അവന്റെ വഴിക്കു പോയതിനു ശേഷം യഹോവ അബ്രാമിനോട് അവൻ കിഴക്കോട്ടും പടിഞ്ഞാട്ടും വടക്കോട്ടും തെക്കോട്ടും കാണുന്ന ദേശം അവന് നൽകാമെന്ന് വാഗ്ദാനം ചെയ്തു.<br>7. അബ്രാമിന് അനേകമനേകം സന്തതികൾ ഉണ്ടാകുമെന്നും ആ ദേശം അവർക്ക് സ്വന്തമാകുമെന്നും ദൈവം അബ്രാമിനോട് വാഗ്ദത്തം ചെയ്തു.<br>8. അബ്രാം ഹെബ്രോനിൽ മമ്രേയുടെ തോപ്പിന് അടുത്തുള്ള സ്ഥലത്ത് സ്ഥിരതാമസമാക്കി. അവൻ യഹോവയെ ആരാധിക്കുന്നതിന് അവിടെ ഒരു യാഗപീഠം പണിതു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അബ്രാമും ലോത്തും വേർപിരിയുന്നു | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. .അബ്രാമിന് ഒരു തീരുമാനമെടുക്കണമായിരുന്നു. ആ ദേശത്ത് അനേകർ പാർക്കുന്നുണ്ടായിരുന്നു മാത്രമല്ല അവർ ആ സ്ഥലത്തിനുവേണ്ടി വഴക്കിടുകയും ചെയ്യുമായിരുന്നു. അവിടെ എല്ലാവർക്കും പാർക്കുവാൻ സാധിക്കാതെയിരുന്നതുകൊണ്ട് അബ്രാമും തന്റെ അനന്തരവനായ ലോത്തും വേർതിരിഞ്ഞ് മറ്റൊരു സ്ഥലത്തേക്ക് പോകുവാൻ സമയമായിരുന്നു.<br>2. ദേശത്തെ ഏതു ഭാഗത്താണ് താമസിക്കേണ്ടത് എന്ന് തിരഞ്ഞെടുക്കുവാനുള്ള അവസരം അബ്രാം ലോത്തിനു നൽകി.<br>3. ലോത്ത് യോർദ്ദാന്നരികെ പുൽപ്പുറങ്ങളുള്ളതും ഫലഭൂയിഷ്ഠവും പട്ടണത്തിന്നരികെയുള്ളതുമായ സ്ഥലം തിരഞ്ഞെടുത്തു.<br>4. അബ്രാം കനാൻ ദേശത്ത് പാർത്തു.<br>5. ലോത്ത് അവന്റെ വഴിക്കു പോയതിനു ശേഷം യഹോവ അബ്രാമിനോട് അവൻ കിഴക്കോട്ടും പടിഞ്ഞാട്ടും വടക്കോട്ടും തെക്കോട്ടും കാണുന്ന ദേശം അവന് നൽകാമെന്ന് വാഗ്ദാനം ചെയ്തു.<br>6. അബ്രാം ഹെബ്രോനിൽ മമ്രേയുടെ തോപ്പിന് അടുത്തുള്ള സ്ഥലത്ത് സ്ഥിരതാമസമാക്കി. അവൻ യഹോവയെ ആരാധിക്കുന്നതിന് അവിടെ ഒരു യാഗപീഠം പണിതു.<br>7. അബ്രാം ഒരു പ്രതിസന്ധിയുടെ മധ്യത്തിൽ ജീവിക്കുകയായിരുന്നു. ലോത്ത് പാർത്തിരുന്ന സോദോം ദേശത്തിന്റെ ചില ശത്രുക്കൾ ആ നഗരത്തെ ആക്രമിക്കുകയും ലോത്തിനേയും അവനോടു കൂടെ മറ്റുചിലരെയും അവരുടെ സമ്പാദ്യങ്ങളുമെല്ലാം കൊള്ളയിടുകയും ചെയ്തു.<br>8. അബ്രാം ഇതു കേട്ടപ്പോൾ ഒരു സൈന്യവുമായി പോവുകയും ശത്രുവിനെ ആക്രമിച്ച് ബന്ധികളായിരുന്നവരെ വിടുവിക്കുകയും ചെയ്തു. ബന്ധികളാക്കിയ തലവന്മാരെ അബ്രാം പരാജയപ്പെടുത്തി. ദൈവം തന്റെ ശത്രുക്കളുടെ മേൽ വിജയം നൽകിയതുകൊണ്ട് അബ്രാം യാതൊരുവിധ പ്രതിഫലവും സോദോ രാജാവിൽ നിന്നും സ്വീകരിച്ചില്ല.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക പാഠം 2 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അബ്രാമും ലോത്തും വേർപിരിയുന്നു |
| **പുതുക്കുക** | ഇന്നത്തെ പാഠത്തെ അടിസ്ഥാനപ്പെടുത്തി ഒരു ദിനപത്രത്തിന്റെ തലക്കെട്ടും പ്രധാന വാർത്താ കോളത്തിലേക്കുള്ള ഒരു റിപ്പോർട്ടും തയ്യാറാക്കുക. കഥയിലെ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ഈ വാർത്തയിൽ ഉൾപ്പെടുത്തണം. ഈ കാര്യം ചെറിയ ഗ്രൂപ്പുകളായോ ഈരണ്ടു പേരു കൂടിയോ ചെയ്യാവുന്നതാണ്. ഈ വാർത്ത പ്രദർശിപ്പിക്കുകയും ചർച്ച ചെയ്യാവുന്നതുമാണ്. | താക്കോൽ വാക്യമായ യോശുവ 24:15 വായിക്കുക. ഈ കഥയിൽ നിന്നും നിങ്ങൾ എന്താണ് പഠിച്ചത്? അബ്രാം ദൈവത്തിന്റെ ഒരു ദാസനാണെന്ന് എപ്രകാരമാണ് വെളിപ്പെടുത്തിയത്? ഈ പാഠത്തിന്റെ തുടക്കത്തിൽ നൽകിയിരിക്കുന്ന ദൈവദാസന്മാരുടെ സവിശേഷതകൾ ഒന്നു പുന:പരിശോധിക്കുക. ഇതിൽ എന്തെങ്കിലും നിങ്ങൾ കൂട്ടുവാനോ തിരുത്തുവാനോ ആഗ്രഹിക്കുന്നുണ്ടോ? ദൈവത്തെ ശുശ്രൂഷിക്കുന്നത് നമ്മുടെ ജീവിതത്തിൽ ഇന്നു വരുത്തേണ്ടുന്ന മാറ്റങ്ങൾ എന്തെല്ലാം? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>അബ്രാം തന്റെ തിരഞ്ഞെടുപ്പുകളിലും തീരുമാനങ്ങളിലും ദൈവത്തെ ഉൾപ്പെടുത്തുകയും ദൈവം അവനെ അനുഗ്രഹിക്കുകയും ചെയ്തു. നിങ്ങളുടെ ജീവിതത്തിലെ സുപ്രധാന തീരുമാനങ്ങളിൽ മാർഗ്ഗനിർദ്ദേശത്തിനും നടത്തിപ്പിനുമായി ദൈവത്തോട് അപേക്ഷിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുക. | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>ഓരോ കുട്ടിക്കും യാതൊന്നും എഴുതിയിട്ടില്ലാത്ത ഓരോ പോസ്റ്റ്കാർഡ് നൽകുക. ദൈവത്തെ കൂടുതൽ വിശ്വസ്തരായി സേവിക്കുവാൻ കഴിയുന്ന ഒരു വഴിയെക്കുറിച്ച് ചിന്തിക്കുവാൻ അവരെ ആഹ്വാനം ചെയ്യുക. ഈ പാഠത്തിന്റെ ഓർമ്മയ്ക്കായി അവർക്ക് ഒരു വ്യക്തിപരമായ പ്രാർത്ഥന അതിൽ എഴുതി വീട്ടിൽ കൊണ്ടുപോകാവുന്നതാണ്. |

| | A6 ലെവൽ 3<br>**പഠനം 3 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – ദൈവത്തിന്റെ വാഗ്ദത്തങ്ങൾ** | A6 ലെവൽ 4<br>**പഠനം 3 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – തന്റെ ആത്മവിശ്വാസം** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 17:1- 8; 18:1- 15; 21:1- 5*<br>*താക്കോൽ വാക്യം: മത്തായി 1:21*<br>***നാം പഠിക്കുന്നത്:***<br>1. അബ്രാം തന്റേതായ നിലയിൽ കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ ശ്രമിച്ചുവെങ്കിലും ദൈവം അവനെ കൈവിട്ടില്ല.<br>2. ദൈവം അബ്രാമിനോട് അവൻ ബഹുജാതികൾക്ക് പിതാവാകുമെന്ന തന്റെ വാഗ്ദത്തം ഉറപ്പിച്ചു. ഇത് അബ്രാമിനു മാത്രമുള്ള അനുഗ്രഹമല്ല, മറിച്ച് ചരിത്രത്തിലുടെനീളമുള്ള ആളുകൾക്കും ഉള്ളതാണ്.<br>3. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ചിലസമയങ്ങളിൽ അവിശ്വസനീയമായവ ആയതുകൊണ്ട് നാം സംശയിക്കുവാനുള്ള സാധ്യതയുണ്ട്. നാം നമ്മുടേതായ വഴികളിൽ ശ്രമിക്കുകയും ചെയ്യും. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുവാനും അവയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുവാനും ഈ പാഠം നമ്മെ ആഹ്വാനം ചെയ്യുന്നു. | *വേദഭാഗം: ഉല്പത്തി 15:1- 7; 17:1- 19; 18:1- 15*<br>*താക്കോൽ വാക്യം: ഉല്പത്തി 18:14*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം അബ്രാമിനോട് അവന് അവകാശിയായി ഒരു മകൻ ഉണ്ടാകുമെന്ന് വാഗ്ദത്തം ചെയ്തു. അബ്രാം ദൈവത്തിൽ വിശ്വസിച്ചു. എന്നാൽ അവനും അവന്റെ ഭാര്യയും വയസ്സു ചെന്ന് വൃദ്ധരായിരുന്നു. അവർക്ക് അന്നുവരെ മക്കൾ ഒന്നും ഉണ്ടായിരുന്നില്ല. അവർ അവരുടേതായ വഴികളിലൂടെ ശ്രമിച്ചുകൊണ്ടിരുന്നു.<br>2. ദൈവം അബ്രാമിനേയും സാറായിയെയും കൈവിട്ടില്ല. അബ്രാം ബഹുജാതികൾക്ക് പിതാവാകുമെന്ന് പറഞ്ഞ് ദൈവം തന്റെ വാഗ്ദത്തത്തെ ഉറപ്പിച്ചു. ഈ അനുഗ്രഹം അബ്രാമിനു മാത്രമല്ല ചരിത്രത്തിലെ അനേക മനുഷ്യർക്കു കൂടിയുള്ളതാണെന്ന് ഇത് അർത്ഥമാക്കുന്നു.<br>3. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവിശ്വസനീയമായി തോന്നാവുന്നതുകൊണ്ട് ചില സന്ദർഭങ്ങളിൽ നാം സംശയിക്കുവാനുള്ള സാധ്യതയുണ്ട്. നാം നമ്മുടേതായ വഴികളിൽ അവയുടെ പൂർത്തീകരണത്തിന് ശ്രമിച്ചുവെന്ന് വരാം. ദൈവത്തിന്റെ വാഗ്ദാനങ്ങളെ വിശ്വസിക്കുവാനും അവയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുവാനും ഈ പാഠം നമ്മെ ആഹ്വാനം ചെയ്യുന്നു. |
| **അവതരിപ്പിക്കുക** | ഗ്രൂപ്പിനോട് അവർ എപ്പോഴെങ്കിലും വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ടോ എന്ന് ചോദിക്കുക. ഗ്രൂപ്പിലുള്ള ഏതെങ്കിലും വ്യക്തികളോട് മറ്റാരെങ്കിലും വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ടോ? ഇവയുടെ ഒരു പട്ടിക ഒരു ചാർട്ടിൽ എഴുതുക. ചില സമയങ്ങളിൽ ആളുകൾ തങ്ങളുടെ വാഗ്ദാനങ്ങൾ പാലിക്കാറില്ല. ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?(ഗ്രൂപ്പിനൊപ്പം ചർച്ച ചെയ്യുക) ദൈവം തന്റെ വാഗ്ദാനങ്ങൾ പാലിക്കില്ല എന്നു തോന്നിയാലും ദൈവം തന്റെ വാഗ്ദാനങ്ങൾ നിശ്ചയമായും പാലിക്കുമെന്നാണ് ഈ പാഠം നമ്മെ പഠിപ്പിക്കുന്നത്. | ഇന്ന് ആളുകൾ ചെയ്യുന്ന വാഗ്ദാനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി ഒരു ചാർട്ടിൽ എഴുതുക (വിവാഹ ഉടമ്പടികൾ, സൈനിക പ്രതിജ്ഞകൾ, നിയമപരമായ കരാറുകൾ, സാമ്പത്തിക രേഖകൾ, മുതലായവ) ഏത് പരിധിവരെയാണ് ഇങ്ങനെയുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെടുകയോ ലംഘിക്കുകയോ ചെയ്യാറുള്ളത് എന്ന് ചർച്ച ചെയ്യുക. ദൈവം തന്റെ വാഗ്ദത്തങ്ങളെ പാലിക്കുന്നുവെന്ന് ഇന്നത്തെ പാഠം നമ്മെ പഠിപ്പിക്കുന്നു. |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം അബ്രാമിനോട് അവന് അനേകം സന്തതികൾ ഉണ്ടാകുമെന്ന് വാഗ്ദത്തം ചെയ്തു.<br>2. അബ്രാമും അവന്റെ ഭാര്യയായ സാറായിയും വളരെ വയസു ചെന്നവരും കാര്യങ്ങൾ സ്വയമായി കൈകാര്യം ചെയ്യുവാനും ശ്രമിച്ചു.<br>3. എന്നിരുന്നാലും ദൈവം തന്റെ വാഗ്ദാനങ്ങൾ പാലിക്കാതെയിരുന്നില്ല. യഥാർത്ഥത്തിൽ ദൈവം അത് അബ്രാമിനോടും സാറായിയോടും ഒന്നുകൂടെ ഉറപ്പിച്ചു. തന്റെ വാഗദത്തത്തിന്റെ സൂചനയായി ദൈവം അവർക്ക് പുതിയ പേരുകൾ നൽകി- അവർ അബ്രഹാമും സാറയും എന്ന് വിളിക്കപ്പെട്ടും.<br>4. അബ്രഹാം ബഹുജാതികൾക്ക് പിതാവാകും എന്ന് ദൈവം അവനോട് വാഗ്ദത്തം ചെയ്തു. അബ്രഹാമിനും അവന്റെ സന്തതിക്കും ഈ ദേശം നൽകുമെന്നും അവൻ അവരുടെ ദൈവമായിരിക്കുമെന്നും വാഗ്ദത്തം ചെയ്തു.<br>5. മൂന്ന് പുരുഷന്മാർ അവനെ സന്ദർശിച്ചു. അബ്രഹാം അവരോട് വളരെ അലിവു കാണിച്ചു.<br>6. യഹോവ അബ്രഹാമിനോട് അടുത്ത വർഷത്തിനുള്ളിൽ സാറയ്ക്ക് ഒരു മകൻ ഉണ്ടാകുമെന്ന് പറഞ്ഞു. ഇതു കേട്ടപ്പോൾ സാറാ ചിരിച്ചു കാരണം അബ്രഹാമും സാറായും കുട്ടികൾ ഉണ്ടാകാതെവണ്ണം വയസ്സു ചെന്ന് വൃദ്ധരായിരുന്നു.<br>7. ദൈവം തന്റെ വാഗ്ദത്തം പാലിക്കുകയും സാറയ്ക്ക് ഒരു മകനെ നൽകുകയും ചെയ്തു.<br>8. അബ്രഹാമും സാറയും തങ്ങളുടെ മകന് യിസ്ഹാക്ക് എന്നു പേരിട്ടു. അതിന്റെ അർത്ഥം 'ചിരി" എന്നാണ്, കാരണം ദൈവം അവിശ്വസനീയമായ ഒരു വാഗ്ദാനം നിവർത്തിക്കുകയും അവരുടെ വാർദ്ധക്യ കാലത്ത് വളരെ സന്തോഷം ലഭിക്കുകയും ചെയ്തു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക . പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അബ്രഹാമും മൂന്ന് പുരുഷന്മാരും | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം അബ്രാമിനോട് അവന് അനേകം സന്തതികൾ ഉണ്ടാകുമെന്ന് വാഗ്ദത്തം ചെയ്തു.<br>2. അബ്രാമും അവന്റെ ഭാര്യയായ സാറായിയും വളരെ വയസു ചെന്നവരും കാര്യങ്ങൾ സ്വയമായി കൈകാര്യം ചെയ്യുവാനും ശ്രമിച്ചു.<br>3. എന്നിരുന്നാലും ദൈവം തന്റെ വാഗ്ദാനങ്ങൾ പാലിക്കാതെയിരുന്നില്ല. യഥാർത്ഥത്തിൽ ദൈവം അത് അബ്രാമിനോടും സാറായിയോടും ഒന്നുകൂടെ ഉറപ്പിച്ചു. തന്റെ വാഗദത്തത്തിന്റെ സൂചനയായി ദൈവം അവർക്ക് പുതിയ പേരുകൾ നൽകി- അവർ അബ്രഹാമും സാറയും എന്ന് വിളിക്കപ്പെട്ടും.<br>4. അബ്രഹാം ബഹുജാതികൾക്ക് പിതാവാകും എന്ന് ദൈവം അവനോട് വാഗ്ദത്തം ചെയ്തു. അബ്രഹാമിനും അവന്റെ സന്തതിക്കും ഈ ദേശം നൽകുമെന്നും അവൻ അവരുടെ ദൈവമായിരിക്കുമെന്നും വാഗ്ദത്തം ചെയ്തു.<br>5. മൂന്ന് പുരുഷന്മാർ അവനെ സന്ദർശിച്ചു. അബ്രഹാം അവരോട് വളരെ അലിവു കാണിച്ചു.<br>6. യഹോവ അബ്രഹാമിനോട് അടുത്ത വർഷത്തിനുള്ളിൽ സാറയ്ക്ക് ഒരു മകൻ ഉണ്ടാകുമെന്ന് പറഞ്ഞു. ഇതു കേട്ടപ്പോൾ സാറാ ചിരിച്ചു കാരണം അബ്രഹാമും സാറായും കുട്ടികൾ ഉണ്ടാകാതെവണ്ണം വയസ്സു ചെന്ന് വൃദ്ധരായിരുന്നു.<br>7. ദൈവം തന്റെ വാഗ്ദത്തം പാലിക്കുകയും സാറയ്ക്ക് ഒരു മകനെ നൽകുകയും ചെയ്തു.<br>8. അബ്രഹാമും സാറയും തങ്ങളുടെ മകന് യിസ്ഹാക്ക് എന്നു പേരിട്ടു. അതിന്റെ അർത്ഥം 'ചിരി" എന്നാണ്, കാരണം ദൈവം അവിശ്വസനീയമായ ഒരു വാഗ്ദാനം നിവർത്തിക്കുകയും അവരുടെ വാർദ്ധക്യ കാലത്ത് വളരെ സന്തോഷം ലഭിക്കുകയും ചെയ്തു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. പാഠം 3 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അബ്രഹാമും മൂന്ന് പുരുഷന്മാരും |
| **പുതുക്കുക** | താക്കോൽ വാക്യം വായിക്കുക. ഒരു ബുക്ക്മാർക്ക് രൂപകല്പന ചെയ്യത്തക്ക നിലയിലുള്ള ഒരു ചോദ്യം ഉപയോഗിക്കുക. ഓരോ പ്രാവശ്യം ഇത് കാണുമ്പോഴും ദൈവീക വാഗ്ദാനങ്ങൾ നമുക്ക് അവിശ്വസനീയമായി തോന്നിയാലും അവയെ ദൈവം നിവർത്തിക്കും എന്നത് ഓർക്കുക. | ചെറിയ ഗ്രൂപ്പുകളിൽ: ഈ പാഠത്തിലൂടെ നാം ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും അബ്രഹാമിനെയും സാറയെക്കുറിച്ചും എന്താണ് പഠിക്കുന്നത്? കുട്ടികൾ അവരവരുടെ ആശയങ്ങൾ പേപ്പറുകളിൽ എഴുതുകയും പിന്നീട് ഇത് മുഴുവൻ ഗ്രൂപ്പിൽ ചർച്ച ചെയ്യുകയും ചെയ്യുക. |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. നിങ്ങൾ ദൈവത്തെ ആശ്രയിക്കുന്നുണ്ടോ?<br>2. ദൈവം തന്റെ വചനത്തിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നുണ്ടോ? 3. ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെ ഈ പാഠം എപ്രകാരമാണ് ബലപ്പെടുത്തുന്നത്? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>1. ദൈവത്തിന് വളരെ പ്രയാസമെന്ന് നിങ്ങൾക്ക് തോന്നത്തക്ക വിധം എന്തെങ്കിലും കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിലുണ്ടോ?<br>2. ജീവിതത്തിലെ എല്ലാ മേഖലകളിലൂടെയും ദൈവത്തിൽ ആശ്രയിക്കണമെന്ന് നിങ്ങളെ പ്രോത്സാഹിപ്പിച്ച എന്തുകാര്യമാണ് നിങ്ങൾ ഈ പാഠത്തിലൂടെ പഠിച്ചത്? |

| | A6 ലെവൽ 3<br>**പഠനം 4 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – സ്നേഹത്തിന്റെ പരീക്ഷ** | A6 ലെവൽ 4<br>**പഠനം 4 – അബ്രഹാമിന്റെ യാത്രകൾ**<br>**വിഷയം – വെല്ലുവിളി** |
|---|---|---|
| | *വേദഭാഗം: ഉല്പത്തി 22:1-14*<br>*താക്കോൽ വാക്യം: യോഹന്നാൻ 1:29*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. അവന്റെ ഏകജാതനായ മകനെ യാഗമായി അർപ്പിക്കുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു. അബ്രഹാം ദൈവത്തെ അനുസരിക്കുകയും പൂർണ്ണമായി അവനെ ആശ്രയിക്കുകയും ചെയ്തു.<br>2. ദൈവം ഏറ്റവും വലിയ ദാതാവാണ്: യ്സ്ഹാക്കിന്റെ സ്ഥാനത്തേക്ക് അവൻ ഒരു യാഗം കരുതി.<br>3. നമ്മുടെ പാപങ്ങളെ നീക്കുവാനായി ഒരു യാഗമായിത്തീർന്ന് നമ്മുടെ സ്ഥാനത്ത് നിൽക്കുവാനും മരിക്കുവാനുമായി ദൈവം യേശു കർത്താവിനെ നൽകി. | *വേദഭാഗം: ഉല്പത്തി 22:1-19*<br>*താക്കോൽ വാക്യം: എബ്രായർ 11:17-19*<br>***നാം പഠിക്കുന്നത്:***<br>1. ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. അവന്റെ ഏകജാതനായ മകനെ യാഗമായി അർപ്പിക്കുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു. അബ്രഹാം ദൈവത്തെ അനുസരിക്കുകയും പൂർണ്ണമായി അവനെ ആശ്രയിക്കുകയും ചെയ്തു.<br>2. ദൈവം ഏറ്റവും വലിയ ദാതാവാണ്: യ്സ്ഹാക്കിന്റെ സ്ഥാനത്തേക്ക് അവൻ ഒരു യാഗം കരുതി.<br>3. നമ്മുടെ പാപങ്ങളെ നീക്കുവാനായി ഒരു യാഗമായിത്തീർന്ന് നമ്മുടെ സ്ഥാനത്ത് നിൽക്കുവാനും മരിക്കുവാനുമായി ദൈവം യേശു കർത്താവിനെ നൽകി. |
| **അവതരിപ്പിക്കുക** | ആളുകളെക്കുറിച്ച് ചില കാര്യങ്ങൾ അറിയുന്നതിന് നാം ചിലപ്പോൾ ചില പരീക്ഷകൾ നടത്താറുണ്ട്. ആളുകൾ ചെയ്യേണ്ടിവരുന്ന ചില പരീക്ഷകളുടെ ഒരു പട്ടിക തയ്യാറാക്കുക (ഡ്രൈവിങ്ങ് പരീക്ഷകൾ, സ്കൂൾ പരീക്ഷകൾ, സംഗീത പരീക്ഷകൾ, കേഴ്‌വിയുടെയും കാഴ്ചയുടെയും പരീക്ഷകൾ, മുതലായവ) ഈ പരീക്ഷകൾ ആളുകളുടെ അറിവ്, അവബോധം, ശാരീരിക ക്ഷമത, സ്വഭാവ ഗുണങ്ങൾ എന്നീ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായിക്കുന്നു. ഈ കഥയിൽ, അബ്രഹാം ദൈവത്തിൽ യഥാർത്ഥമായി ആശ്രയിച്ചോ എന്നു കണ്ടെത്തുവാൻ ദൈവം തന്നെ ഒരു പരീക്ഷ ഉപയോഗിച്ചു. | നിങ്ങളുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത വിധമുള്ള എന്തെങ്കിലുമോ ആരെങ്കിലുമോ ഉണ്ടായിട്ടുണ്ടോ? അബ്രഹാമിനെ സംബന്ധിച്ച് അവന്റെ മകനായ യിസ്ഹാക്ക് അപ്രകാരമുള്ള ഒരു വ്യക്തി ആയിരുന്നു. അബ്രഹാം യിസ്ഹാക്കിനു വേണ്ടി വളരെ വർഷം കാത്തിരുന്നയാളാണ്. യ്സ്ഹാക്കിനെ തനിക്ക് നഷ്ടമായിരുന്നുവെങ്കിൽ അത് അബ്രഹാമിന് എങ്ങനെ അനുഭവപ്പെടുമായിരുന്നു? |
| **പൂർത്തിയാക്കുക** | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം അബ്രഹാമിന് വാഗ്ദത്തമായി നൽകിയ ഏക മകനെ ഹോമയാഗമായി അർപ്പിക്കുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു.<br>2. അബ്രഹാം ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു. ദൈവം നിർദ്ദേശിച്ച സ്ഥലത്തേക്ക് പോകുവാൻ അബ്രഹാം മൂന്ന് ദിവസങ്ങൾ നടന്നു.<br>3. യിസ്ഹാക്ക് അബ്രഹാമിനോട് യാഗം എവിടെയെന്ന് ചോദിച്ചപ്പോൾ, ദൈവം തനിക്ക് ഒരു യാഗത്തെ കരുതിക്കൊള്ളും എന്ന് ഉത്തരം പറഞ്ഞു. അബ്രഹാമിന് ദൈവത്തിൽ വലിയ വിശ്വാസമുണ്ടായിരുന്നുവെന്ന് ഇത് തെളിയിച്ചു.<br>4. അബ്രഹാം ദൈവത്തോട് പൂർണ്ണമായും അനുസരണമുള്ളവനായിരുന്നു. ദൈവത്തിനു വേണ്ടി തനിക്കുള്ളതെല്ലാം നൽകുവാനും തന്റെ മകനെ യാഗമർപ്പിക്കുവാനും അബ്രഹാം തയ്യാറായിരുന്നു.<br>5. ദൈവം അബ്രഹാമിനെ വിളിക്കുകയും അവന്റെ മകനായ യിസ്ഹാക്കിന് യാതൊരു ദോഷവും ചെയ്യരുതെന്ന് കല്പിക്കുകയും ചെയ്തു.<br>6. യിസ്ഹാക്കിന് പകരമായി ദൈവം മറ്റൊരു യാഗം കരുതി: ഒരു ആട്ടുകൊറ്റൻ<br>7. ആർക്കും എണ്ണാനാവാത്ത വിധം അബ്രഹാമിന് അനേകം സന്തതികളെ നൽകുമെന്ന് ദൈവം അവന് വാഗ്ദത്തത്തെ നൽകി ഉറപ്പിച്ചു. അവരിലൂടെ ഭൂമിയിലെ സകല ജാതികളെയും അനുഗ്രഹിക്കുമെന്നും ദൈവം വാഗ്ദത്തം ചെയ്തു.<br>8. നമ്മുടെ സ്ഥാനം എടുക്കുന്നതിനായി ദൈവം തന്റെ ഏകജാതനായ മകനെ 'ദൈവത്തിന്റെ കുഞ്ഞാടായി" അയച്ചു. നാം അവനിൽ വിശ്വസിക്കുന്ന പക്ഷം യേശുകർത്താവിലൂടെ ദൈവം നമുക്ക് രക്ഷ നൽകി നമ്മെ അനുഗ്രഹിക്കുന്നു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അബ്രഹാമും യിസ്ഹാക്കും | ബൈബിൾ കഥ അവതരിപ്പിക്കുക<br>ചർച്ച ചെയ്ത് വിവരിക്കുക:<br>1. ദൈവം അബ്രഹാമിന് വാഗ്ദത്തമായി നൽകിയ ഏക മകനെ ഹോമയാഗമായി അർപ്പിക്കുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു.<br>2. അബ്രഹാം ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു. ദൈവം നിർദ്ദേശിച്ച സ്ഥലത്തേക്ക് പോകുവാൻ അബ്രഹാം മൂന്ന് ദിവസങ്ങൾ നടന്നു.<br>3. യിസ്ഹാക്ക് അബ്രഹാമിനോട് യാഗം എവിടെയെന്ന് ചോദിച്ചപ്പോൾ, ദൈവം തനിക്ക് ഒരു യാഗത്തെ കരുതിക്കൊള്ളും എന്ന് ഉത്തരം പറഞ്ഞു. അബ്രഹാമിന് ദൈവത്തിൽ വലിയ വിശ്വാസമുണ്ടായിരുന്നുവെന്ന് ഇത് തെളിയിച്ചു.<br>4. അബ്രഹാം ദൈവത്തോട് പൂർണ്ണമായും അനുസരണമുള്ളവനായിരുന്നു. ദൈവത്തിനു വേണ്ടി തനിക്കുള്ളതെല്ലാം നൽകുവാനും തന്റെ മകനെ യാഗമർപ്പിക്കുവാനും അബ്രഹാം തയ്യാറായിരുന്നു.<br>5. ദൈവം അബ്രഹാമിനെ വിളിക്കുകയും അവന്റെ മകനായ യിസ്ഹാക്കിന് യാതൊരു ദോഷവും ചെയ്യരുതെന്ന് കല്പിക്കുകയും ചെയ്തു.<br>6. യിസ്ഹാക്കിന് പകരമായി ദൈവം മറ്റൊരു യാഗം കരുതി: ഒരു ആട്ടുകൊറ്റൻ<br>7. ആർക്കും എണ്ണാനാവാത്ത വിധം അബ്രഹാമിന് അനേകം സന്തതികളെ നൽകുമെന്ന് ദൈവം അവന് വാഗ്ദത്തത്തെ നൽകി ഉറപ്പിച്ചു. അവരിലൂടെ ഭൂമിയിലെ സകല ജാതികളെയും അനുഗ്രഹിക്കുമെന്നും ദൈവം വാഗ്ദത്തം ചെയ്തു.<br>8. നമ്മുടെ സ്ഥാനം എടുക്കുന്നതിനായി ദൈവം തന്റെ ഏകജാതനായ മകനെ 'ദൈവത്തിന്റെ കുഞ്ഞാടായി" അയച്ചു. നാം അവനിൽ വിശ്വസിക്കുന്ന പക്ഷം യേശുകർത്താവിലൂടെ ദൈവം നമുക്ക് രക്ഷ നൽകി നമ്മെ അനുഗ്രഹിക്കുന്നു.<br>താക്കോൽ വാക്യം വിവരിച്ചശേഷം അത് പഠിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>പാഠം 4 പൂർത്തിയാക്കുക<br>പ്രദർശിപ്പിക്കുക- കാർഡ്- അബ്രഹാമും യിസ്ഹാക്കും |
| **പുതുക്കുക** | ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശു കർത്താവ് സമ്പൂർണ്ണ യാഗമാണെന്ന് താക്കോൽ വാക്യം നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾ ദൈവത്തിൽ നിങ്ങളുടെ ആശ്ര്യയം വെയ്ക്കുകയും യേശു കർത്താവിനെ നിങ്ങളുടെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ? | ഇന്നത്തെ കഥയിൽ സംഭവിച്ച കാര്യങ്ങൾ നടന്ന സ്ഥലത്തിന് അബ്രഹാം 'ദൈവം കരുതും" എന്ന് പേർ വിളിച്ചു. ദൈവം എപ്രകാരമാണ് നമുക്കുവേണ്ടി കരുതിയത്? |
| **ജീവിക്കുക** | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>അബ്രഹാം ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്തു. അതുകൊണ്ട് ദൈവം അവനെ വളരെയധികം അനുഗ്രഹിച്ചു. അബ്രഹാമിന്റെ ഉദാഹരണം നമുക്ക് എപ്രകാരം അനുകരിക്കുവാൻ സാധിക്കും? | ***ഈ പാഠം നമ്മെ എപ്രകാരമാണ് ആഹ്വാനം ചെയ്യുന്നത്?***<br>അബ്രഹാമിന്റെ വിശ്വാസത്തെ ദൈവം പരീക്ഷിച്ചിട്ടും അബ്രഹാം ദൈവത്തെ ആശ്രയിക്കുകയും അവനെ അനുസരിക്കുകയും ചെയ്തു. നമുക്ക് അവന്റെ മാതൃക എപ്രകാരം പിൻപറ്റുവാൻ സാധിക്കും? |

bible educational services

© Bible Educational Services 2020
www.besweb.com

MOOKANNUR P.O., 683577, Ernakulam, KERALA
E-mail : besindia1@gmail.com, www.besweb.com